# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2015 ജൂലൈ 15, ബുധന്‍

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങള്‍

**[ആകെ ചോദ്യങ്ങള്‍--283]**

| മറുപടി നല്‍കുന്ന മന്ത്രിമാര്‍ | ചോദ്യ നമ്പര്‍ |
|---|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : 3432 മുതല്‍ 3572 വരെ |
| ജലവിഭവ വകുപ്പുമന്ത്രി | : 3573 മുതല്‍ 3632 വരെ |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : 3633 മുതല്‍ 3657 വരെ |
| പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : 3658 മുതല്‍ 3714 വരെ |

### കേരള സ്റ്റേറ്റ് എയ്ഡ്സ് കണ്‍ട്രോള്‍ സൊസൈറ്റി

3432. ശ്രീ.എ. കെ. ശശീന്ദ്രന്‍

,, തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കേരള സ്റ്റേറ്റ് എയ്ഡ്സ് കണ്‍ട്രോള്‍ സൊസൈറ്റിക്ക് (കെസാക്സ്) സാമ്പത്തിക സഹായം ലഭിയ്ക്കുന്നത് എവിടെ നിന്നാണെന്ന് വെളിപ്പെടുത്താമോ;

(ബി) എച്ച്. ഐ.വി. വ്യാപനം തടയാനുള്ള "സുരക്ഷ" പോലുള്ള പദ്ധതികളിലെ ജീവനക്കാര്‍ക്ക് എത്രമാസത്തെ ശമ്പളം നല്‍കാനുണ്ടെന്ന് വ്യക്തമാക്കാമോ; അടിയന്തരമായി ഈ ജീവനക്കാര്‍ക്ക് ശമ്പളം നല്‍കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) കേരള സ്റ്റേറ്റ് എയ്ഡ്സ് കണ്‍ട്രോള്‍ സൊസൈറ്റിക്ക് ആവശ്യമായ ഫണ്ട് നല്‍കണമെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ നാഷണല്‍ എയ്ഡ്സ് കണ്‍ട്രോള്‍ ഓര്‍ഗനൈസേഷനോട് ആവശ്യപ്പെടുമോ;

(ഡി) അന്യ സംസ്ഥാന തൊഴിലാളികള്‍ക്കിടയിലും സ്വവര്‍ഗ്ഗ രതിക്കാരായ പുരുഷന്മാര്‍ക്കിടയിലും ഉള്ള രോഗഭീഷണികള്‍ തടയാന്‍ അടിയന്തര നടപടികള്‍ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

### സേഫ് ടു ഈറ്റ് പദ്ധതി

3433. ശ്രീ.ഹൈബി ഈഡന്‍

,, വര്‍ക്കല കഹാര്‍

,, കെ.മുരളീധരന്‍

,, പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സേഫ് ടു ഈറ്റ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഭക്ഷ്യ വസ്തുക്കളിൽ കാണുന്ന രാസപദാർത്ഥങ്ങളുടേയും ഘന ലോഹങ്ങളുടേയും സാന്നിദ്ധ്യം കണ്ടുപിടിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ഡി) പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നത് ?

## തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ അവസ്ഥ

3434. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനമുള്ള പ്രധാന ഓപ്പറേഷൻ തീയേറ്റർ, ലിഫ്റ്റ് എന്നിവ പ്രവർത്തനക്ഷമമല്ലെന്നും, രോഗികളെ മുകളിലെ നിലയിലെത്തിക്കാൻ റാംബും രോഗികൾക്ക് നൽകാനായി മരുന്നും ഇല്ലെന്നുമുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൽ സ്വീകരിച്ചു ; വ്യക്തമാക്കാമോ ;

(സി) ആശുപത്രി സൂപ്രണ്ട്, നഴ്സിംഗ് അസിസ്റ്റന്റ്, അറ്റൻഡർ എന്നീ തസ്തികകളിലെ ഒഴിവുകൾ നികത്താൻ എന്തു നടപടി സ്വീകരിച്ചു ; വെളിപ്പെടുത്താമോ ;

(ഡി) ആശുപത്രി കാന്റീൻ പ്രവർത്തനക്ഷമമല്ലാത്തതിനാലും കാന്റീനിൽ നിന്നും പുറത്തേക്ക് ഒറ്റ വാതിൽ മാത്രമേയുള്ളൂ എന്നതിനാലും ജീവനക്കാരും രോഗികളും കഷ്ടപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

## ഡയാലിസിസ് സെൻററുകൾ

3435. ശ്രീ.ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലൻറ് ഫണ്ട് പ്രകാരം സൗജന്യചികിത്സാ സൗകര്യം ലഭ്യമായിട്ടുള്ള സർക്കാർ ആശുപത്രികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) കാരുണ്യ ബെനവലൻറ് ഫണ്ട് വഴി വൃക്കരോഗികൾക്ക് ഡയാലിസിസ് സൗകര്യം നൽകുന്ന സ്വകാര്യ ഡയാലിസിസ് സെൻററുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) കാരുണ്യ ബെനവലൻറ് ഫണ്ടിൻെറ സഹായത്തോടെ ആരോഗ്യ വകുപ്പ് ഏതെല്ലാം സർക്കാർ ജില്ല/താലൂക്ക് ആശുപത്രികളിലാണ് ഡയാലിസിസ് സെൻററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

## മെഡിക്കൽ റെക്കോർഡ്സ് ലൈബ്രറി

3436. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി ഏതെല്ലാം ആശുപത്രികളിൽ മെഡിക്കൽ റെക്കോർഡ്സ് ലൈബ്രറി ആരംഭിച്ചിട്ടുണ്ട് ; ഈ ആശുപത്രികളിലെ ബെഡ് സ്ട്രെങ്ത് എത്ര വീതം എന്നും ദിനം പ്രതിയുള്ള ഒ.പി. എത്ര എന്നും വിശദമാക്കാമോ ;

(ബി) കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ വരുന്ന ഒ. പി. അനുസരിച്ച് ഇവിടെ മെഡിക്കൽ റെക്കാർഡ്സ് ലൈബ്രറി അത്യാവശ്യമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

## ലബോറട്ടറി സംവിധാനങ്ങൾ ഇല്ലാത്ത പി.എച്ച്.സി കൾ

3437. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ലബോറട്ടറി സംവിധാനങ്ങൾ ഇല്ലാത്ത പി.എച്ച്.സി കൾ എവിടെയെല്ലാമാണ് എന്നും അവയിൽ കൊയിലാണ്ടി മണ്ഡലത്തിൽപ്പെടുന്നത് ഏതൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പി.എച്ച്.സി .കളിൽ ലബോറട്ടറി സംവിധാനമേർപ്പെടുത്താൻ പദ്ധതി തയ്യാറാക്കുമോ?

## മരുന്നുകളുടെ ലഭ്യതക്കുറവ്

3438. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ആവശ്യത്തിന് മരുന്നുകൾ ലഭ്യമല്ലാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള കാരണം എന്താണെന്നും ആരാണ് ഇതിന് ഉത്തരവാദി എന്നും വെളിപ്പെടുത്തുമോ ?

## പകർച്ചപ്പനി ബാധിച്ചവരുടെ കണക്ക്

3439. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 -ൽ നാളിതുവരെ പകർച്ചപ്പനി ബാധിച്ച് വിവിധ ആശുപത്രികളിൽ എത്ര ആളുകൾ ചികിത്സ തേടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

## ഡെപ്യൂട്ടേഷനിൽ പി.ജി. കോഴ്സിന് പോയ ഡോക്ടർമാരുടെ ശമ്പളം

3440. **ശ്രീ.എം.പി.വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ൽ ഡെപ്യൂട്ടേഷനിൽ ശമ്പളത്തോടെ പി. ജി. കോഴ്സിന് പോയ സർക്കാർ ഡോക്ടർമാർ എത്ര; ഇവരിൽ എത്ര പേർക്ക് ശമ്പളം നൽകിയിട്ടുണ്ട്;വിശദമാക്കുമോ;

(ബി) പ്രസ്തുത ഡോക്ടർമാരിൽ കുറെ പേർക്ക് 24 മാസമായി ശമ്പളം ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവരുടെ പേരും, ശമ്പളം ലഭിക്കാത്തതിന്റെ കാരണവും വെളിപ്പെടുത്തുമോ;

(സി) ശമ്പളം ലഭിക്കാത്തതു സംബന്ധിച്ച ഡോക്ടർമാരുടെ ഹർജി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഹർജി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

## 'മകോട്ടദേവ' എന്ന ഔഷധ സസ്യചെടി

3441. **ശ്രീ.എ. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡോനേഷ്യയിൽ വളരുന്ന 'മകോട്ടദേവ' എന്ന ഔഷധ സസ്യചെടിയുടെ കായ്കൾ രക്ത സമ്മർദ്ദത്തിനും പ്രമേഹത്തിലും നല്ല ഔഷധമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ കായയുടെ പുറംതൊലിയും അകത്തുമുള്ള മാംസളമായ ഭാഗവും ഔഷധഗുണമുള്ളതാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ ഔഷധ സസ്യം വ്യാപകമായി വളർത്തുന്നതിനും പൊതുജനങ്ങൾക്ക് ലഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## "ജൻ ഔഷധി സെന്ററുകൾ"

3442. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാർക്ക് കുറഞ്ഞ നിരക്കിൽ ജനറിക് മരുന്നുകൾ ലഭ്യമാക്കുന്ന "ജൻ ഔഷധി സെന്ററുകൾ"തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏത് ഏജൻസിയാണ് ഈ പദ്ധതിയ്ക്ക് തുക വാഗ്ദാനം ചെയ്തിട്ടുള്ളത്; ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് ഏതെങ്കിലും തരത്തിലുള്ള അറിയിപ്പ് ലഭിച്ചിട്ടുണ്ടോ;

(സി) സംസ്ഥാന സർക്കാരിന് കീഴിൽ ജനറിക് മരുന്നുകൾ കുറഞ്ഞ നിരക്കിൽ നൽകുന്ന എന്തെല്ലാം സൗകര്യങ്ങൾ നിലവിലുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## ഇ-ഹെൽത്ത് പ്രോഗ്രാം

3443. ശ്രീ.എം. ഹംസ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് സംസ്ഥാനത്തെ ആരോഗ്യ മേഖലയുടെ സമഗ്ര വികസനത്തിനായി ഇ-ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഇ-ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കുന്നതിനായി കേന്ദ്രത്തിൽ നിന്നും എത്ര തുക ധനസഹായം ലഭിച്ചു ; സംസ്ഥാനം എത്ര തുക മാറ്റി വച്ചു ; എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കാമോ ;

(സി) ജീവിത ശൈലീരോഗങ്ങളിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിനായി ഇ-ഹെൽത്ത് പ്രോഗ്രാം വഴി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ ?

<u>സി. ടി. സ്കാൻ</u>

T 3444. ശ്രീ.എ. കെ. ശശീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ 64 സ്ലൈഡ് സി. ടി. സ്കാൻ വാങ്ങുന്നതിനുള്ള അനുവാദത്തിന് വേണ്ടി ആശുപത്രി വികസന സമിതി സമീപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതു വാങ്ങുന്നതിന് എത്ര തുക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) ആശുപത്രി വികസന സമിതിയുടെ തീരുമാനം പരിഗണിച്ച് സി. ടി. സ്കാൻ വാങ്ങാനുള്ള അനുവാദം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) ആശുപത്രി വികസന സമിതിയുടെ സഞ്ചിത ഫണ്ടിൽ ഇപ്പോൾ എത്ര തുകയുണ്ടെന്ന് വെളിപ്പെടുത്താമോ ?

<u>ഡി.എം.ഇ.യുടെ നിയമനം</u>

3445. ശ്രീ.ജി.സുധാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലെ ഡി.എം.ഇ.ആരാണെന്ന് അറിയിക്കാമോ ;

(ബി) ഡി.പി.സി. കഴിഞ്ഞിട്ടും നാളിതുവരെ ഡി.എം.ഇ .യെ എന്തുകൊണ്ട് നിയമിച്ചില്ലെന്ന് വ്യക്തമാക്കാമോ ;

(സി) ഡെന്റൽ ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ടോ ; ഡെന്റൽ ഡയറക്ടറെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരാണ് ഡന്റൽ ഡയറക്ടർ ; പ്രസ്തുത നിയമനത്തിനുള്ള മാനദണ്ഡമെന്താണെന്നു വ്യക്തമാക്കുമോ;

(ഡി) ഡി.എം.ഇ. ആകാൻ ജോയിന്റ് ഡയറക്ടർ (ജനറൽ) ഡോ.ജ്യോതീന്ദ്ര കുമാർ, ബഹുമാനപ്പെട്ട ഹൈക്കോടതിയിലും സുപ്രീം കോടതിയിലും അപ്പീൽ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കേസിന്റെ നിലവിലെ സ്ഥിതി എന്താണ് ; വിശദമാക്കാമോ;

(ഇ) ഒൻപതോളം പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുന്ന ആലപ്പുഴ ഡെന്റൽ കോളേജിൽ അഡ്മിഷൻ നടത്താൻ സാധിക്കുമോ ; വിശദവിവരം നൽകുമോ ?

## പി.എച്ച്.സി കളിലെ ഹെൽത്ത് ഇൻസ്പെക്ടർ, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് സൂപ്പർവൈസർ തസ്തികകൾ

3446. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എത്ര പി.എച്ച്.സി കളിലാണ് ഹെൽത്ത് ഇൻസ്പെക്ടർ, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കാത്തത് എന്നും എത്ര പി.എച്ച്.സി കളിലാണ് ഈ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് എന്നും വെളിപ്പെടുത്തുമോ;

(ബി) എത്ര സി.എച്ച്.സി കളിൽ ഹെൽത്ത് സൂപ്പർവൈസർ തസ്തിക പുതിയതായി സൃഷ്ടിക്കേണ്ടതുണ്ട് എന്നും നിലവിലുള്ളതിൽ എത്ര തസ്തിക ഒഴിഞ്ഞു കിടക്കുന്നുവെന്നും വ്യക്തമാക്കാമോ ?

## പഴം -പച്ചക്കറികളിലെ വിഷാംശത്തിന്റെ തോത്

T 3447. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽപ്പന നടത്തുന്ന പഴം -പച്ചക്കറികളിലെ വിഷാംശത്തിന്റെ തോത് പരിശോധിക്കുന്നതിനുള്ള എന്ത് സംവിധാനമാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി)

(സി)

## പനി ബാധിച്ച് മരണപ്പെട്ടവരുടെ വിവരങ്ങൾ

3448. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ വിവിധ തരം പനി ബാധിച്ച് എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഓരോ ജില്ലയിലും എത്ര പേരാണ് മരണപ്പെട്ടതെന്ന് വിശദമാക്കാമോ?

## പനി മൂലമുള്ള മരണങ്ങൾ

3449. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ജനുവരി മാസം മുതൽ എത്ര പനിമരണങ്ങൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം വിധത്തിലുള്ള പനികളാണ് ഇതിനകം റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

പഴം പച്ചക്കറി വിഭവങ്ങളിലെ വിഷാംശം

3450. ശ്രീ.റ്റി.എ.അഹമ്മദ് കബീർ
,, പി.കെ.ബഷീർ
,, സി.മമ്മൂട്ടി
,, എൻ .എ.നെല്ലിക്കുന്ന് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേയ്ക്കുവരുന്ന പഴം പച്ചക്കറി വിഭവങ്ങളിലെ വിഷാംശം ഒഴിവാക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് തമിഴ്നാട് അധികൃതരുമായി ചേർന്ന് നടത്തിയ നടപടികളുടെ വിശദവിവരം അറിയിക്കുമോ ;

(ബി) തദ്ദേശ ഉപയോഗത്തിനും, കേരളത്തിലേക്ക് അയയ്ക്കാനും വെവ്വേറെ കാർഷിക വിഭവങ്ങളാണ് തമിഴ്നാട്ടിൽ ഉൽപാദിപ്പിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) മല്ലി, മുളക്, ജീരകം തുടങ്ങിയവയിൽ നിന്നും സത്ത് നീക്കിയശേഷം ചണ്ടി പ്രോസസ് ചെയ്ത് സംസ്ഥാനത്ത് വിൽപന നടത്തുന്നകാര്യം അറിവുണ്ടോ ; എങ്കിൽ അക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയിലെ കരാർ ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ

3451. ശ്രീ.എ. കെ. ശശീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയിൽ കരാർ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ചു വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിക്കുകയുണ്ടായോ ;

(ബി) എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ ;

(സി) നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെ 04.08.2014 ലെ Z-17018/14 /2014-NACO കത്തിന്റെ വെളിച്ചത്തിൽ സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയിൽ കരാർ അടിസ്ഥാനത്തിൽ ജോലിചെയ്തുവരുന്ന ജീവനക്കാരെ ആരോഗ്യ വകുപ്പിൽ സ്ഥിരപ്പെടുത്തുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ എന്നു വെളിപ്പെടുത്താമോ ?

എൻ.ആർ.എച്ച്.എം മുഖേന കുട്ടനാട്ടിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ

3452. ശ്രീ.തോമസ് ചാണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്.എം മുഖേന കുട്ടനാട്ടിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാം ആണെന്ന് വിശദമാക്കുമോ;

(ബി) കാവാലം പി.എച്ച്.സി ക്ക് പുതിയ കെട്ടിട നിർമ്മാണത്തിന് എൻ.ആർ.എച്ച്.എം മുഖാന്തിരം സമർപ്പിച്ച അപേക്ഷയിൻമേൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>എൻ.എച്ച്.ആർ.എം വഴി നടപ്പാക്കിയ പദ്ധതികൾ</u>

3453. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്.ആർ.എം മുഖേന 2014-15 വർഷം വയനാട് ജില്ലയിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട് ; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ;

(സി) നടപ്പ സാമ്പത്തിക വർഷം ജില്ലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും അതിൻെറ ബഡ്ജറ്റ് എസ്റ്റിമേറ്റ് എത്രയെന്നും ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

<u>കാസിയ വിൽപ്പന</u>

3454. ശ്രീ.ഇ.ചന്ദ്രശേഖരൻ
ശ്രീമതി.ഇ.എസ്.ബിജിമോൾ
ശ്രീ.പി.തിലോത്തമൻ
,, വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ മരുന്നുകളിലും മസാലപ്പൊടികളിലും കറുവപ്പട്ടയുടെ പേരിൽ കാസിയ ചേർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ കാസിയ ചേർക്കുന്നത് കണ്ടുപിടിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് കാസിയ വിൽക്കുന്നത് തടയാൻ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിട്ടി ഓഫ് ഇൻഡ്യ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്നാണ് ആവശ്യപ്പെട്ടത് ; ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്പൈസസ് റിസർച്ചിൽ നടത്തിയ പരിശോധനകളിൽ കാസിയയിലെ വിഷാംശം സ്ഥിരീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് ഏതെല്ലാം രോഗങ്ങൾക്ക് കാരണമാകുന്നതായിട്ടാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ?

<u>പുതിയ മെഡിക്കൽ കോളേജുകൾ</u>

3455. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത്പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) അതിനായി എത്ര തുക നീക്കി വച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

<u>സംഭരണ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയ മരുന്നുകൾ</u>

3456. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-2016 വർഷം ആരോഗ്യവകുപ്പ് മരുന്നു സംഭരണ ലിസ്റ്റിൽ നിന്നും 186 തരം മരുന്നുകൾ ഒഴിവാക്കാനുണ്ടായ സാഹചര്യം വിശദമാക്കുമോ ;

(ബി) ഈ മരുന്നുകൾ ഒഴിവാക്കിയതു വഴി സർക്കാരിന് എന്തു നേട്ടമാണ് ഉണ്ടായതെന്ന് വിശദമാക്കുമോ ?

<u>വിവിധ തരത്തിലുള്ള പകർച്ചപ്പനി</u>

3457. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ തരത്തിലുള്ള പകർച്ചപ്പനിയാണ് കണ്ടെത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുവരെ ഏതൊക്കെ തരത്തിലുള്ള പനി എത്ര പേർക്കാണ് ബാധിച്ചത് എന്ന് ജില്ലതിരിച്ച് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ;

(സി) പകർച്ചപ്പനി ബാധിച്ച് എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>അമൃതം ആരോഗ്യപദ്ധതി</u>

3458. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീരോഗങ്ങൾ നേരത്തെ തന്നെ കണ്ടെത്തുന്നതിനും അവയ്ക്ക് മരുന്നുകൾ സൗജന്യമായി നൽകുന്നതിനും ജീവിതശൈലീരോഗ ക്ലിനിക്കുകൾ സ്ഥാപിയ്ക്കുന്നതിനും അമൃതം ആരോഗ്യപദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരം ക്ലിനിക്കുകൾ എവിടെയെല്ലാമാണ് / ഏതെല്ലാം ആരോഗ്യകേന്ദ്രങ്ങളിലാണ് ആരംഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം രോഗങ്ങൾക്കും ഏതെല്ലാം വിഭാഗക്കാർക്കുമാണ്

മരുന്നുകൾ സൗജന്യമായി നൽകുന്നത്?

<u>വൃക്ക രോഗികൾക്ക് സൗജന്യ ചികിത്സയും മരുന്നും</u>

3459. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്ക രോഗികൾക്ക് സൗജന്യമായി മരുന്ന് നൽകുന്നുണ്ടോ; എങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഡയാലിസിസിന് വിധേയരാകുന്ന വൃക്ക രോഗികൾക്ക് എ.പി.എൽ, ബി.പി.എൽ. വ്യത്യാസമില്ലാതെ മരുന്നുകൾ സൗജന്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) വൃക്ക ദാതാക്കൾക്കും സ്വീകർത്താക്കൾക്കും തുടർ ചികിത്സ ആവശ്യമാണെന്നതും അത് ചെലവേറിയ ചികിത്സയാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഭാഗത്തിലുള്ളവരുടെ തുടർ ചികിത്സ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും സൗജന്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ദേശീയ ആരോഗ്യമിഷനിൽ നിന്നും പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാൻ വിഹിതം</u>

3460. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ആരോഗ്യമിഷനിൽ നിന്നും സംസ്ഥാനത്തിന്റെ ആരോഗ്യ ബഡ്ജറ്റ് വിഹിതമായി പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാൻ (PIP) പ്രകാരം എത്ര കോടി രൂപയ്ക്കാണ് ശുപാർശ ചെയ്തിരുന്നത്; അതിൽ എത്ര തുക ലഭിച്ചിട്ടുണ്ട്; മുൻവർഷത്തെ അപേക്ഷയിൽ എത്ര രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്;

(ബി) പദ്ധതി വിഹിതത്തിലുണ്ടായ കുറവ് സംസ്ഥാനത്തിന്റെ ആരോഗ്യ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ കൂടുതൽ തുക അനുവദിക്കുന്നതിന് കേന്ദ്രസർക്കാരിനെ സമീപിച്ചിട്ടുണ്ടോ; കേന്ദ്രത്തിൽ നിന്നും കൂടുതൽ തുക നേടിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) Non-Communicable Diseases (NCDs)ന്റെ പ്രതിരോധത്തിനായി സർക്കാർ ദേശീയ ആരോഗ്യ മിഷനിൽ നിന്നും എന്ത് തുകയുടെ ശുപാർശയാണ് സമർപ്പിച്ചിരുന്നത്; എത്ര തുക അനുവദിച്ചു; കൂടുതൽ തുക നേടിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>പ്രസവ ശസ്ത്രക്രിയയ്ക്കിടെയുണ്ടാകുന്ന അണുബാധ തടയാൻ നടപടി</u>

3461. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രസവ ശസ്ത്രക്രിയയ്ക്കിടെ അണുബാധയുണ്ടാകുന്നത് വ്യാപകമാകുന്നുവെന്ന തരത്തിലുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സാഹചര്യത്തിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ശസ്ത്രക്രിയ ഉപകരണങ്ങളുടെ ഗുണനിലവാരം കുറഞ്ഞതുമൂലം അണുബാധയുണ്ടാകുന്ന സാഹചര്യത്തിൽ പ്രസ്തുത കമ്പനിയ്ക്കെതിരെ ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ടോ;

(സി) എങ്കിൽ ഈ സർക്കാർ ഏതെങ്കിലും പ്രത്യേക കമ്പനികൾക്കെതിരെ പ്രസ്തുത വിഷയത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ അണുബാധയുണ്ടാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ആവശ്യമായ ജാഗ്രതകൾ പാലിക്കുന്നതിന് എല്ലാ ആശുപത്രികൾക്കും മതിയായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

<u>ഭാരതീയ ചികിത്സാ വകുപ്പിലെ മെഡിക്കൽ ഓഫീസർ തസ്തികയിലേക്കുള്ള പ്രമോഷൻ</u>

3462. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതീയ ചികിത്സാ വകുപ്പിലെ നഴ്സ് തസ്തികയിൽ ജോലിയിലിരിക്കെ കഴിഞ്ഞ 10 വർഷത്തിനിടെ സർക്കാർ ക്വാട്ടയിൽ ബി.എ.എം.എസ് കോഴ്സ് പൂർത്തിയാക്കിയ എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം പഠനം പൂർത്തിയാക്കിയവർക്ക് മെഡിക്കൽ ഓഫീസർ തസ്തിയിലേക്ക് നേരിട്ട് പ്രമോഷൻ ലഭിക്കുന്നത് സംബന്ധിച്ച് ശ്രീമതി ഗൗരി.വി.പി ,ബഹു. ആരോഗ്യ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച Health-D1/3/2015 Health dt:10-03-2015 എന്ന ഫയൽ നമ്പറിൽപ്പെട്ടതുമായ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ</u>

3463. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുജനാരോഗ്യ മേഖലയിൽ ഓരോ വർഷവും മരുന്നുകൾ, ചികിത്സാ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് എത്ര രൂപ വീതമാണ് ചെലവഴിച്ചത് ; ഇതിലേക്കായി എത്ര രൂപയാണ് നീക്കി വച്ചിരുന്നത് എന്നും വ്യക്തമാക്കുമോ ;

(ബി) ഈ കാലയളവിൽ കുട്ടികളുടെ സൗജന്യ കുത്തിവയ്പ്പിനുള്ള മരുന്നുകൾ വാങ്ങാൻ ഓരോ വർഷവും ചെലവഴിച്ചതും നീക്കിവച്ചിരുന്നതുമായ തുക എത്രയാണ് ;

(സി) ഈ സർക്കാർ വന്നതിന് ശേഷം ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ വകുപ്പിലും എത്ര കിടക്കകൾ വീതം പുതുതായി അനുവദിച്ചിട്ടുണ്ട് ;

(ഡി) മന്ത്രിസഭ തീരുമാനിച്ചിട്ടും ധനകാര്യ വകുപ്പിന്റെ അംഗീകാരം കിട്ടാത്തതിനാൽ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയാത്ത എത്ര തസ്തികകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ആരോഗ്യ വകുപ്പിലെ ഫീൽഡുവിഭാഗം ജീവനക്കാർ</u>

3464. ശ്രീ.സി.ദിവാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ആരോഗ്യ വകുപ്പിൽ ഏതെല്ലാം ഫീൽഡുവിഭാഗം ജീവനക്കാരുടെ എത്ര പുതിയ തസ്തികകളാണ് സൃഷ്ടിച്ചത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) എത്ര പുതിയ PHC, CHC കൾ ആണ് രൂപീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഏതെല്ലാം വിഭാഗം ജീവനക്കാരെയാണ് താൽക്കാലികമായി നിയമിച്ചിട്ടുള്ളത്; ഇവരുടെ എണ്ണം എത്രവീതമാണെന്ന് അറിയിക്കാമോ?

<u>ഭക്ഷ്യ എണ്ണയിൽ മായം</u>

3465. ശ്രീ.കെ.വി.അബ്ദുൾ ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിൽക്കപ്പെടുന്ന ഭക്ഷ്യ എണ്ണയിൽ മിനറൽ ഓയിൽ എന്ന പെട്രോളിയം ഉത്പന്നം ചേർത്ത് വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ മായം ചേർത്ത് വിൽക്കുന്ന ബ്രാൻഡുകൾ നിരോധിക്കുന്നതിനും ഇതിന് ഉത്തരവാദികളായവരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) മായം ചേർന്നതിനാൽ ഒരു പേരിലുള്ള ഭക്ഷ്യ എണ്ണ നിരോധിച്ചാൽ എണ്ണയുടെ ഉത്പാദകർ മറ്റൊരു പേരിൽ മായം കലർത്തിയ എണ്ണ വിപണിയിൽ ഇറക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ജില്ലാ കാൻസർ കെയർ പദ്ധതി താലൂക്കുകളിലേയ്ക്ക്</u>

3466. ശ്രീ.ചിറ്റയം ഗോപകുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ കാൻസർ കെയർ പദ്ധതി താലൂക്ക്/ജനറൽ ആശുപത്രികളിലേക്കു കൂടി വ്യാപിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) കാൻസർ രോഗികൾക്കായി ഒരു തുടർ ചികിത്സ സഹായ പദ്ധതി നടപ്പാക്കുമോ?

<u>ആരോഗ്യ വകുപ്പിലെ പിരിച്ചുവിടപ്പെട്ട താല്ക്കാലിക തസ്തികകൾ</u>

3467. ശ്രീ.പി.തിലോത്തമൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ എൻ.ആർ.എച്ച്.എം. ഫണ്ട് ഉൾപ്പെടെയുള്ള ഫണ്ടുകളിലൂടെ നിലനിർത്തപ്പെട്ടിരുന്ന വിവിധ തസ്തികകളിൽ ആശുപത്രികൾ, പി.എച്ച്.സെൻററുകൾ എന്നിവയുമായി ബന്ധപ്പെട്ട എത്ര തസ്തികകളിൽ നിന്നും ജീവനക്കാരെ പിരിച്ചുവിട്ടുവെന്ന് തസ്തിക തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ഈ ഇനത്തിൽ ചേർത്തല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിന്നും ഈ

സർക്കാർ കാലയളവിൽ പിരിച്ചുവിടപ്പെട്ട ജീവനക്കാരുടെ എണ്ണവും അവരുടെ തസ്തികകളും വ്യക്തമാക്കുമോ ;

(സി) നഴ്സിംഗ്, ഫാർമസി, ശുചീകരണം, തുടങ്ങിയ മേഖലകളിൽ നിന്നും ഇപ്രകാരം ജീവനക്കാരെ പിരച്ചുവിടുമ്പോൾ രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ബോധ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നു പറയാമോ ;

(ഡി) മഴക്കാല രോഗങ്ങളും പകർച്ചപ്പനികളുമടക്കം ബാധിച്ച രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ആതുരാലയങ്ങൾ സേവനം നൽകാൻ ബുദ്ധിമുട്ടുകയും ചെയ്യുന്ന ഈ സാഹചര്യത്തിൽ ഇപ്രകാരം സേവനം നൽകിയിരുന്ന വിവിധ വിഭാഗങ്ങളിലെ ജീവനക്കാരെ പിരിച്ചുവിട്ടത് എന്ത് ഉദ്ദേശത്തോടെയായിരുന്നുവെന്ന് വ്യക്തമാക്കാമോ, ഇവരെ അടിയന്തിരമായി തിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കുമോ ?

## ഭക്ഷ്യ വസ്തുക്കളിലെ മായം

3468. ശ്രീ.മോൻസ് ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ വസ്തുക്കളിലെ മായം ചേർക്കലിനെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഭക്ഷ്യ വസ്തുക്കളിലെ മായം ചേർക്കൽ പരിശോധിക്കുന്നതിന് ഇപ്പോൾ എത്ര ലാബുകൾ പ്രവർത്തിക്കുന്നുണ്ട് ; ജില്ലകൾ തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(സി) മായം ചേർക്കലിന് കടുത്ത ശിക്ഷ നൽകുന്ന കാര്യം പരിഗണിക്കുമോ; ആവശ്യമെങ്കിൽ ഇക്കാര്യത്തിൽ പ്രത്യേക നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ; ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെയും പരിഗണനയിൽ വരുന്ന വിഷയമാണോ എന്നറിയിക്കാമോ ;

## വിഷരഹിത പഴം പച്ചക്കറി പദ്ധതി

3469. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, പി.എ.മാധവൻ

,, ടി.എൻ. പ്രതാപൻ

,, തേറമ്പിൽ രാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷരഹിത പഴം പച്ചക്കറി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പച്ചക്കറികളിലും പഴങ്ങളിലുമുള്ള വിഷാംശങ്ങൾ കണ്ടുപിടിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പദ്ധതി നടപ്പാക്കാൻ ഏതെല്ലാം വകുപ്പുകളുമായി സഹകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ?

## നൂറനാട് ലെപ്രസി സാനിറ്റോറിയം

3470. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ പൂർണ്ണ സമയ ഫിസിയോതെറാപ്പിസ്റ്റില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ പൂർണ്ണസമയ ഫിസിയോതെറാപ്പിസ്ററിനെ എൻ.ആർ.എച്ച്.എം. ഫണ്ട് ലഭ്യമാക്കി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ വിശദമാക്കുമോ?

## എരിപുരം താലൂക്ക് ആശുപത്രി

T 3471. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ എരിപുരം താലൂക്ക് ആശുപത്രിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കാമോ ;

(ബി) വർദ്ധിച്ചു വരുന്ന വൃക്കരോഗികളുടെ എണ്ണം പരിഗണിച്ച് അവിടെ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത ആശുപത്രിയിൽ സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## നാഷണൽ അർബൻ ഹെൽത്ത് മിഷൻ

3472. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ അർബൻ ഹെൽത്ത് മിഷനിൽ സംസ്ഥാനത്തെ ഉൾപ്പെടുത്തിയത് എപ്പോഴാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനോടകം ഓരോ സാമ്പത്തിക വർഷവും എത്ര തുക വീതം എൻ.യു.എച്ച്.എം. മുഖേന ലഭിക്കുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ;

(സി) എൻ.യു.എച്ച്.എം. പദ്ധതിയിൽ ഇതിനോടകം ഏതെല്ലാം നഗരസഭകളെ ഉൾപ്പെടുത്തുകയുണ്ടായി എന്നത് സംബന്ധിച്ച് വിശദീകരിക്കുമോ

(ഡി) എൻ.യു.എച്ച്.എം. പദ്ധതിയിൽ ഉൾപ്പെടുത്തിയ നഗരസഭകൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ;

(ഇ) 2015-2016ൽ എൻ.യു.എച്ച്.എം. പദ്ധതിയിൽ ഉൾപ്പെടുത്തുന്ന നഗരസഭകൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

## തൃശ്ശൂർ ലീനിയർ ആക്സിലേറ്റർ മെഷീൻ

3473. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ ലീനിയർ ആക്സിലേറ്റർ മെഷീൻ സ്ഥാപിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മെഷീൻ രോഗികൾക്ക് പ്രയോജനപ്പെടുത്താൻ എന്ന് കഴിയുമെന്നു വ്യക്തമാക്കാമോ?

<u>മഴക്കാല രോഗങ്ങളെ പ്രതിരോധിക്കാൻ നടപടി</u>

3474. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാല രോഗങ്ങളെ പ്രതിരോധിക്കുന്നതിനായി ആലപ്പുഴ ജില്ലയിൽ എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>അമിതതുക ഈടാക്കുന്ന സ്വകാര്യആശുപത്രികളെ നിയന്ത്രിക്കാൻ നടപടി</u>

3475. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ പ്രൈവറ്റ് ആശുപത്രികളിൽ അടിയന്തര ചികിത്സയ്ക്കായി എത്തുന്ന രോഗികളെ അനാവശ്യ ടെസ്റ്റുകളും മറ്റും നടത്തി അധിക തുക ഈടാക്കി കഷ്ടപ്പെടുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കാൻ കഴിയുമെന്ന് വിശദമാക്കുമോ;

(സി) സ്വകാര്യ ആശുപത്രികളിലെ ഫാർമസികളിൽ നിന്നും കൊടുക്കുന്ന മരുന്നിനും മറ്റും പലതരത്തിലുള്ള അമിത തുക ഈടാക്കി രോഗികളെ കഷ്ടപ്പെടുത്തുന്നതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ;

(ഡി) കേരളത്തിലെ വിവിധ സ്ഥലങ്ങളിലെ ആശുപത്രികളിലെ ഗുണനിലവാരം മനസ്സിലാക്കി ഗ്രേഡിംഗ് നടത്തി ഇവിടെ ഓരോ ചികിത്സ ചെലവിനും നിശ്ചിത തുക കണക്കാക്കി രോഗികളെ സഹായിക്കാൻ എന്തെങ്കിലും പദ്ധതി തയ്യാറാകുമോ?

<u>മുനമ്പം സർക്കാർ ആശുപത്രി</u>

3476. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ മുനമ്പം സർക്കാർ ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി സ്വീകരിച്ച നടപടി വിശദീകരിക്കാമോ ;

(ബി) പ്രസ്തുത ആശുപത്രിയിൽ നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കെട്ടിടങ്ങൾക്ക് എത്ര വർഷത്തെ കാലപ്പഴക്കം ഉണ്ട് ;

(സി) പ്രസ്തുത ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്ക് സൗകര്യം ഉണ്ടോ ; ഇതിന് പര്യാപ്തമാകുംവിധം ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരെ നിയമിച്ചിട്ടുണ്ടോ ;

(ഡി) ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

## ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

3477. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസ് പ്രവർത്തിച്ചിരുന്നതും , സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയോട് ചേർന്നുനിൽക്കുന്നതുമായ കെട്ടിടം , കേടുപാടു തീർത്ത് നവീകരിച്ച് പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതിന്റെ ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അടിയന്തിരമായി നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## ചടയമംഗലം പി. എച്ച്. സെന്റർ

3478. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം പി. എച്ച്. സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതിനാൽ ഭരണാനുമതി ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

## കേശവപുരം സി.എച്ച്.സി.

3479. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേശവപുരം സി.എച്ച്.സി.യിൽ ഏതെല്ലാം വിഭാഗങ്ങൾക്കാണ് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ അനുവദിച്ചിട്ടുള്ളതെന്നും ഏതെല്ലാം വിഭാഗം ഇവിടെ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സി.എച്ച്.സി.യിൽ ഒഴിവുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കേശവപുരം സി.എച്ച്.സിയിൽ ഗൈനക്കോളജി വിഭാഗം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## ചികിത്സാ ചെലവ്

3480. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്ത് പ്രതിശീർഷ ചികിത്സാ ചെലവ് കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സാധാരണക്കാരുടെ ജീവിതത്തെ ദുരിതത്തിലാക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ദു:സ്ഥിതി ഒഴിവാക്കുന്നതിന് ഏതെല്ലാം തരത്തിലുള്ള സഹായങ്ങൾ ചെയ്യുന്നുണ്ട് ;

(സി) രോഗ നിർണ്ണയ പരിശോധനകൾ, സ്കാനിങ് എന്നിവയ്ക്ക് അമിതമായ ചെലവ് വരുന്നത് രോഗികളെ പ്രതിസന്ധിയിലാക്കുന്നുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) സാധാരണക്കാരെ സഹായിക്കുന്നതിന് കൂടുതൽ കാരുണ്യ സെന്ററുകൾ ആരംഭിക്കുന്നതിനും സ്കാനിങ്ങും ലാബ് പരിശോധനകളും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേനയാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ ?

<u>അങ്കമാലി താലൂക്ക് ആശുപത്രി</u>

3481. **ശ്രീ.ജോസ് തെറ്റയിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയിരക്കണക്കിന് രോഗികൾ ദിനംപ്രതി ചികിത്സയ്ക്കായെത്തുന്ന അങ്കമാലി സർക്കാർ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ട് 4 വർഷം കഴിഞ്ഞിട്ടും ഡോക്ടർ, നഴ്സ്, മറ്റ് ജീവനക്കാർ തുടങ്ങിയ തസ്തികകൾ സൃഷ്ടിക്കുവാനും കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് സമർപ്പിച്ച നിരവധി നിവേദനങ്ങളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സൗകര്യങ്ങൾ എന്നത്തേക്ക് ഏർപ്പെടുത്തുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>പകർച്ച വ്യാധികൾ തടയാൻ ജീവനക്കാരും മരുന്നും</u>

3482. **ശ്രീ.റ്റി.യു. കുരുവിള**
**,, സി.എഫ്.തോമസ്**
**,, മോൻസ് ജോസഫ്**
**,, തോമസ് ഉണ്ണിയാടൻ :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ച വ്യാധികൾ പടർന്ന് പിടിക്കാതിരിക്കുവാൻ സർക്കാർ ആശുപത്രികളിൽ മതിയായ ജീവനക്കാരും മരുന്നും ഉണ്ടെന്ന് ഉറപ്പ് വരുത്താൻ പ്രത്യേക മോണിറ്ററിംഗ് സെൽ ജില്ലാ തലങ്ങളിൽ രൂപീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>പകർച്ച വ്യാധികളുടെ വ്യാപനം</u>

3483. **ശ്രീ.വി.എസ്.സുനിൽ കുമാർ**
**ശ്രീമതി.ഗീതാ ഗോപി**
**ശ്രീ.ഇ.കെ.വിജയൻ**
**,, കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പനിയും പകർച്ച വ്യാധികളും പടർന്നുപിടിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പനിബാധിതരായി സർക്കാർ ആശുപത്രികളിൽ മാത്രം ദിനം പ്രതി എത്ര പേർ എത്തിച്ചേരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം തരത്തിൽപ്പെട്ട പനിയും പകർച്ച വ്യാധികളുമാണ് പടർന്നുകൊണ്ടിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) കഴിഞ്ഞ ആറുമാസത്തിനുള്ളിൽ വിവിധയിനം പനികളും പകർച്ച വ്യാധികളും പിടിപെട്ട് എത്രപേർ മരണമടഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെയും നഴ്സുമാരുടെയും, പാരാമെഡിക്കൽ സ്റ്റാഫുകളുടെയും ഒഴിവുകളുണ്ടോ; ഉണ്ടെങ്കിൽ എത്ര വീതം; ആവശ്യത്തിന് ഡോക്ടർമാരും, നഴ്സുമാരും മറ്റ് പാരാമെഡിക്കൽ സ്റ്റാഫുകളും ഇല്ലാത്തതിനാൽ ആശുപത്രികളുടെ പ്രവർത്തനം പ്രതിസന്ധിയിലായിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വിശദമാക്കുമോ?

<u>സ്റ്റാഫ് നഴ്സുമാർക്ക് പ്രസവ അവധി</u>

3484. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്.എം. മുഖേന നിയമിതരാവുകയും പിന്നീട് ആർ.എസ്.ബി.വൈ സ്കീമിൽ ഉൾപ്പെടുത്തി സ്റ്റാഫ് നഴ്സുമാരായി സേവനം അനുഷ്ഠിച്ചും വരുന്നവർക്ക് ശമ്പളത്തോട് കൂടി പ്രസവ അവധി നൽകുവാൻ വ്യവസ്ഥയുണ്ടോ ; എങ്കിൽ എത്ര ദിവസമാണ് ഇപ്രകാരം അവധി നൽകുന്നത് ;

(ബി) പ്രസവ അവധി ഇവർക്ക് നൽകുന്നതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് നൽകുമോ ;

(സി) ഒരു വർഷത്തിലധികം സർവ്വീസുള്ളതും ഇപ്പോൾ സേവനത്തിൽ തുടരുന്നതുമായ ഇവർക്ക് ശമ്പളത്തോട് കൂടി പ്രസവ അവധി നൽകുന്നതിനു ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

<u>ചെറുതാഴം പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് കെട്ടിടം</u>

3485. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) കെട്ടിട നിർമ്മാണം എപ്പോൾ തുടങ്ങാൻ സാധിക്കുമെന്ന് അറിയിക്കുമോ ?

<u>കായംകുളം താലൂക്കാശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ്</u>

3486. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയുടെ ഓരത്തു സ്ഥിതി ചെയ്യുന്ന കായംകുളം താലൂക്കാശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ?

ട്രാൻസ് ഫാറ്റ് അടങ്ങിയ ഭക്ഷ്യവസ്തുക്കളുടെ നിരോധനം

3487. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ ഉടങ്ങിയ മാരക രോഗങ്ങൾക്ക് കാരണമായേക്കാവുന്ന ട്രാൻസ് ഫാറ്റ് അടങ്ങിയ ഭക്ഷ്യവസ്തുക്കൾ കേരളത്തിൽ ധാരാളമായി വിറ്റഴിക്കപ്പെടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊതുജനാരോഗ്യത്തെ നശിപ്പിക്കുന്ന ഇത്തരം ഉത്പന്നങ്ങൾ നിരോധിക്കാൻ നടപടി സ്വീകരിക്കുമോ ?

കാൻസർ രോഗബാധ വർദ്ധനവ്

3488. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-2015 കാലയളവിൽ സംസ്ഥാനത്തെ കാൻസർ രോഗബാധിതരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) കാൻസർ രോഗികളുടെ എണ്ണം വർദ്ധിക്കുന്നതിന്റെ അടിസ്ഥാന കാരണമെന്താണെന്ന് ആരോഗ്യ വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

ഭ്രൂണഹത്യ തടയാൻ നടപടി

3489. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്കാനിംഗ് സെന്ററുകളും ക്ലിനിക്കുകളും കേന്ദ്രീകരിച്ച് നടക്കുന്ന ഭ്രൂണഹത്യ തടയാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) ദേശീയ ഇൻസ്പെക്ഷൻ ആന്റ് മോണിറ്ററിംഗ് സമിതി സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ പരിശോധന നടത്തിയിട്ടുണ്ട്; റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) സമിതിയുടെ പരിശോധനയ്ക്ക് മുമ്പ് ഈ വിഷയത്തിൽ സർക്കാർ മതിയായ ജാഗ്രത പുലർത്തിയിരുന്നോ; എങ്കിൽ സമിതി പരിശോധനാ റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുമ്പ് ഈ സർക്കാർ എത്ര സ്വകാര്യ ലാബുകൾക്കും ക്ലിനിക്കുകൾക്കുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) സംസ്ഥാനത്ത് നിന്നും പ്രത്യേകിച്ച് അതിർത്തി ജില്ലകളിൽ നിന്നും അന്യ സംസ്ഥാനത്ത്

പോയി ലിംഗ നിർണ്ണയവും ഭ്രൂണ ഹത്യയും നടത്തുന്നത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ശാന്തിവിള താലൂക്ക് ആശുപത്രിയിൽ എൻ.ആർ.എച്ച്.എം. ഫണ്ട്</u>

3490. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ ശാന്തിവിള താലൂക്ക് ആശുപത്രിയിൽ എൻ.ആർ.എച്ച്.എം. ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ എല്ലാ വിശദാംശങ്ങളും ഇനം തിരിച്ചു ലഭ്യമാക്കുമോ ?

<u>പാലക്കാട് ജില്ലയിലെ വ്യാജചികിത്സാകേന്ദ്രങ്ങൾ</u>

3491. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വ്യാജചികിത്സാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;ഇത്തരം കേന്ദ്രങ്ങൾ ഏതെങ്കിലും കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ ആരോഗ്യ വകുപ്പ് അധികൃതർ പരിശോധന നടത്താറുണ്ടോ ; പരിശോധനയുടെ ഫലമായി എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;വിശദമാക്കാമോ;

(സി) ഇത്തരം സ്ഥാപനങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനുള്ള കർശന നടപടി സ്വീകരിക്കുമോ ?

<u>കുടിവെള്ള വിതരണത്തിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിബന്ധനകൾ</u>

3492. **ശ്രീ.കെ.അച്ചുതൻ**
,, ഹൈബി ഈഡൻ
,, ആർ . സെൽവരാജ്
,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടിവെള്ള വിതരണത്തിന് ഭക്ഷ്യസുരക്ഷാ വകുപ്പ് എന്തെല്ലാം നിബന്ധനകളാണ് പുറപ്പെടുവിച്ചിട്ടുള്ളത് ;

(ബി) സംസ്ഥാനത്ത് അനധികൃതമായി നടത്തുന്ന കുടിവെള്ള വിതരണം തടയാൻ ഇത് എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത് ;

(സി) കുടിവെള്ള വിതരണം നടത്തുന്ന ആൾക്കും ഇതിനുപയോഗിക്കുന്ന വാഹനങ്ങൾക്കും രജിസ്ട്രേഷനും ലൈസൻസും നിർബന്ധമാക്കുവാൻ എന്തെല്ലാം വ്യവസ്ഥകളാണ് നിബന്ധനകളിലുള്ളത് ;

(ഡി) ഇവ കർശനമായി നടപ്പാക്കുന്നുണ്ടോ എന്നറിയാൻ ഭരണതലത്തിൽ എന്തെല്ലാം

സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ?

## എണ്ണപ്പാറ പ്രാഥമികാരോഗ്യകേന്ദ്രം

3493. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ എണ്ണപ്പാറ പ്രാഥമികാരോഗ്യകേന്ദ്രം ട്രൈബൽ ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യത്തിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ആശുപത്രിയിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

## കുറ്റ്യാടി താലൂക്കാശുപത്രി

3494. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി താലൂക്കാശുപത്രിയിൽ ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും സ്റ്റാഫ് പാറ്റേൺ വിശദമാക്കുമോ ;

(ബി) ആശുപത്രിയിലെ ഓരോ തസ്തികയുടേയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(സി) ആശുപത്രിയിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ?

## ടെയിലറിംഗ് ഇൻസ്ട്രക്ടർ ശ്രീമതി ബി.ആർ ലതികയെ സ്ഥിരപ്പെടുത്തുന്നത്

3495. **ശ്രീ.എം.എ. വാഹീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിൽ 1-1-94 മുതൽ 20 വർഷമായി ടെയിലറിംഗ് ഇൻസ്ട്രക്ടർ ആയി ജോലി ചെയ്യുന്ന ശ്രീമതി ബി.ആർ ലതികയെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ടിയാൾ സർക്കാരിൽ സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഈ സ്ഥാപനത്തിൽ 2014-ൽ എത്ര പേരെ സർക്കാർ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തിയിട്ടുണ്ട് ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഈ ഉത്തരവിന്റെ ആനുകൂല്യം ശ്രീമതി ബി.ആർ. ലതികയ്ക്കു ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## ഓപ്പറേഷൻ രുചി പദ്ധതി

3496. ശ്രീ.വർക്കല കഹാർ

,, വി.റ്റി.ബൽറാം

,, ഡൊമിനിക് പ്രസന്റേഷൻ

,, ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ രുചി പദ്ധതിക്ക് ഭക്ഷ്യ സുരക്ഷാ വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ;

(സി) ഭക്ഷ്യ വസ്തുക്കൾ വിൽക്കുന്ന സ്ഥാപനങ്ങൾക്കും പാചകം ചെയ്ത് വിൽക്കുന്ന സ്ഥാപനങ്ങൾക്കും ലൈസൻസും രജിസ്ട്രേഷനും നിർബന്ധമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>സംസ്കരിച്ച ഭക്ഷണ പദാർത്ഥങ്ങളിലെ വിഷാംശം</u>

T 3497. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൾട്ടി നാഷണൽ കമ്പനികളുടെ സംസ്കരിച്ച ഭക്ഷണ പദാർത്ഥങ്ങളിൽ അനുവദനീയമായതിനേക്കാൾ കൂടുതൽ അളവിൽ വിഷാംശങ്ങൾ ഉണ്ടെന്നുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത വിഷയത്തിൽ വിശദമായ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) ഗുരുതരമായ ഇത്തരം പ്രവൃത്തികൾ നടത്തുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

<u>മാവേലിക്കര ജില്ലാ ആശുപത്രിയിലെ തസ്തികകളിലെ നിയമനം</u>

3498. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും തസ്തികകളിൽ ഉൾപ്പെടെ നല്കിയ നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രി പൂർണ്ണ പ്രവർത്തന സജ്ജമാക്കുന്നതിന് ആവശ്യമായ ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും വിശദമായ വിവരം ലഭ്യമാക്കുമോ;

(സി) ആശുപത്രി പൂർണ്ണ പ്രവർത്തന സജ്ജമാക്കുന്നതിനാവശ്യമായ ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

മാവേലിക്കര ജില്ലാ ആശുപത്രിയുടെ പ്രവർത്തനം

3499. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡോക്ടർമാർ അടക്കമുള്ള സ്റ്റാഫിന്റെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജില്ലാ ആശുപത്രിയുടെ പ്രവർത്തനം പൂർണ്ണതോതിലേക്ക് ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) ഇവിടെ സർജറി വിഭാഗം പ്രവർത്തനക്ഷമമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സർജനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

എടവനക്കാട് പ്രൈമറി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സ

3500. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂർണ്ണമായും തീരദേശമണ്ഡലമായ വൈപ്പിനിലെ മധ്യഭാഗത്ത് സ്ഥിതി ചെയ്യുന്ന എടവനക്കാട് പ്രൈമറി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) പ്രസ്തുത സെന്ററിൽ എത്തിച്ചേരുന്ന രോഗികളുടെ എണ്ണം, പ്രദേശത്തിന്റെ വ്യാപ്തി, ഓൾഡ് ഏജ് ഹോമിന്റെ സാമീപ്യം എന്നിവ കണക്കിലെടുത്ത് കിടത്തി ചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

നെടുങ്ങോലം താലൂക്ക് ആശുപത്രിയിലെ തസ്തികകൾ

3501. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നെടുങ്ങോലം താലൂക്ക് ആശുപത്രിയിലെ അനുവദനീയ തസ്തികകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) നിലവിൽ എല്ലാ തസ്തികയിലും ജീവനക്കാർ ഉണ്ടോ; ഇല്ലായെങ്കിൽ ഏതൊക്കെ ജീവനക്കാരാണ് കുറവുള്ളതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ആശുപത്രി 24 മണിക്കൂറും തുടർച്ചയായി പ്രവർത്തിക്കുന്നതിന് ആവശ്യമായ ജീവനക്കാർ ഇല്ലായെന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രശ്നപരിഹാരത്തിന് നടപടി സ്വീകരിക്കുവാൻ സന്നദ്ധമാകുമോ?

നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

3502. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ട പദ്ധതി നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിലേക്ക് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

<u>കാസർഗോഡ് ജില്ലയിലെ ഡെങ്കിപനി തടയാൻ നടപടി</u>

3503. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഡെങ്കിപനി പോലെയുള്ള പനികൾ വ്യാപകമായി പടർന്ന് പിടിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കഴിഞ്ഞ മൂന്ന് മാസത്തിനിടെ ജില്ലയിൽ എത്ര പേർ പനി ബാധിച്ച് മരണപ്പെട്ടിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പനി നിയന്ത്രിക്കുന്നതിന് ജില്ലയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>കാസർഗോഡ് ജില്ലയിലെ ഹെൽത്ത് സെന്ററുകൾ</u>

3504. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര പ്രൈമറി ഹെൽത്ത് സെന്ററുകളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും ഉണ്ടെന്ന് വ്യക്തമാക്കാമോ;ഇവയിൽ അനുവദിച്ചിട്ടുള്ള തസ്തികകളും ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും വിശദമാക്കാമോ;

(ബി) ഏതെങ്കിലും തസ്തികകൾ ഇനിയും അനുവദിക്കാൻ ഉണ്ടോ; എങ്കിൽ ആയത് എത്രയും പെട്ടെന്ന് അനുവദിച്ച് ഒഴിവ് നികത്താനുള്ള നടപടി സ്വീകരിയ്ക്കുമോ?

<u>കോഴിക്കോട് ജില്ലയിൽ പകർച്ചവ്യാധി പിടിപെട്ടവർ</u>

3505. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിൽ വിവിധ പകർച്ചവ്യാധികൾ പിടിപെട്ട് വിവിധ ആശുപത്രികളിൽ പ്രവേശിക്കപ്പെട്ട രോഗികൾ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെങ്കിലും രോഗികൾ മരണപ്പെട്ടിട്ടുണ്ടോ; മരണപ്പെട്ട രോഗികൾ എത്രയെന്ന് വ്യക്തമാക്കാമോ?

## കൊയിലാണ്ടി മണ്ഡലത്തിലെ ഡോക്ടർമാരുടെ ഒഴിവുകൾ

3506. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെയും ജീവനക്കാരുടെയും എത്ര തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

## കൊയിലാണ്ടി

3507. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ എത്ര ആയുർവേദ-ഹോമിയോ ഡിസ്പെൻസറികളാണ് പ്രവർത്തിക്കുന്നത് ;

(ബി) ഇവയിൽ ഓരോന്നിനും ഫണ്ട് നൽകുന്നത് ഏതെല്ലാം ഏജൻസികളാണ് എന്ന് വ്യക്തമാക്കുമോ ;

(സി) ഓരോയിടത്തും നിത്യേന ശരാശരി എത്ര രോഗികൾ കൺസൾട്ടിംഗിനായി എത്തുന്നുണ്ട് ;

(ഡി) ഇവയിൽ സ്വന്തമായി കെട്ടിടമില്ലാത്ത ഡിസ്പെൻസറികൾ ഏതെല്ലാം ?

## സർക്കാർ മേഖലയിൽ പുതിയതായി അനുവദിച്ച മെഡിക്കൽ കോളേജുകൾ

3508. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ഏതൊക്കെ സ്ഥലങ്ങളിൽ പുതിയതായി മെഡിക്കൽ കോളേജുകൾ അനുവദിച്ചുവെന്നും പ്രസ്തുത കോളേജുകളിൽ എത്ര MBBS സീറ്റുകൾ ഉണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജുകൾക്ക് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത മെഡിക്കൽ കോളേജുകളിൽ നടപ്പാക്കിയിരിക്കുന്ന സ്റ്റാഫ് പാറ്റേൺ വിശദമാക്കുമോ ?

## കഞ്ഞിപ്പാടം പി.എച്ച്. സബ് സെന്റർ ആരംഭിക്കാൻ നടപടി

3509. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിലെ കഞ്ഞിപ്പാടം പി.എച്ച്. സബ് സെന്ററിന്റെ പണി പൂർത്തിയായിട്ടുണ്ടോ എങ്കിൽ ഇതിന്റെ ഉത്ഘാടനം എന്ന് നിർവ്വഹിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ബി) സബ് സെന്ററിലേക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ?

<u>കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ കോംപണന്റ് സെപ്പറേഷൻ യൂണിറ്റ്</u>

3510. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ കോംപണന്റ് സെപ്പറേഷൻ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് സ്ഥാപിച്ചിട്ട്എത്ര വർഷമായി ; ഇത് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വിശദമാക്കാമോ ?

<u>ആലപ്പുഴയിലെ അമ്മയും കുഞ്ഞും പദ്ധതി</u>

3511. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ അമ്മയും കുഞ്ഞും പദ്ധതിയുടെ പ്രവർത്തനം നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) അമ്മയും കുഞ്ഞും പദ്ധതി ജില്ലാ - താലൂക്ക് ആശുപത്രികളിൽ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

<u>പയ്യന്നൂർ താലൂക്ക് ആശുപത്രിയുടെ വികസനം</u>

3512. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്ക് ആശുപത്രിയിലെ ഓട്ടോ ക്ലേവ് പ്രവർത്തനരഹിതമായതു കാരണം ശസ്ത്രക്രിയകൾ മുടങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് അടിയന്തരമായി ഓട്ടോ ക്ലേവ് അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ?

<u>ഹോമിയോപ്പതി വകുപ്പിലെ ഒഴിവുകൾ</u>

3513. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി വകുപ്പിൽ ചീഫ് മെഡിക്കൽ ഓഫീസർ,മെഡിക്കൽ ഓഫീസർ എന്നീ തസ്തികകളിലുള്ള ഒഴിവുകൾ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; .

(ബി) മെഡിക്കൽ ഓഫീസർ, ചീഫ് മെഡിക്കൽ ഓഫീസർ എന്നീ തസ്തികകളിൽ 3:1 എന്ന അനുപാതത്തിൽ പ്രൊമോഷൻ നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; ഇതിന്റെ നടപടി ക്രമങ്ങളുടെ പുരോഗതി അറിയിക്കുമോ;

(സി) ഒഴിവുള്ള പ്രസ്തുത തസ്തികകളിലേക്ക് ഉടൻ പ്രൊമോഷൻ നല്കുമോ ; ഇക്കാര്യത്തിൽ കാലതാമസം വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

കാസർഗോഡ് ജില്ലയിലെ ഡോക്ടർമാരുടെ തസ്തികകൾ

3514. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ സർക്കാർ (അലോപ്പതി) ആശുപത്രികളിൽ എത്ര ഡോക്ടർമാരുടെ തസ്തികകളാണ് ഉള്ളതെന്ന് ആശുപത്രി തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ ജോലിചെയ്യുന്ന സ്ഥിരം ഡോക്ടർമാരുടെയും താൽക്കാലിക ഡോക്ടർമാരുടെയും എണ്ണം ആശുപത്രി തിരിച്ച് വിശദമാക്കാമോ;

(സി) ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പറയാമോ;

(ഡി) കാസർഗോഡ് ജില്ലയിലെ ഡോക്ടർമാർക്ക് നൽകി വരുന്ന ഇൻസെന്റീവ് കൃത്യമായി നൽകുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ എത്ര മാസത്തെ കുടിശികയുണ്ട്; അത് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ആയുർവ്വേദ നഴ്സുമാരുടെ പ്രൊമോഷൻ

3515. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.എ.എം.എസ്. കോഴ്സിന്, നഴ്സ് ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് പ്രത്യേക ക്വാട്ട അനുവദിച്ചിട്ടുണ്ടോയെന്നും എങ്കിൽ എത്രയാണ് ക്വാട്ട എന്നും വ്യക്തമാക്കുമോ ;

(ബി) ഇങ്ങനെ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ഭാരതീയ ചികിൽസാ വകുപ്പിൽ മെഡിക്കൽ ഓഫീസർ തസ്തികയിലേയ്ക്ക് നേരിട്ട് പ്രൊമോഷൻ നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) സർക്കാർ ക്വാട്ടയിൽ ബി.എ.എം.എസ്. പഠനം പൂർത്തിയാക്കുന്നവർക്ക് മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് നേരിട്ട് പ്രൊമോഷൻ നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

സർക്കാർ ആശുപത്രികളിലെ ലാബുകൾ

3516. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ ലാബുകളിൽ വിവിധ പരിശോധനകൾക്കായി ഈടാക്കുന്ന തുക എത്ര വീതമാണെന്ന് വിശദമാക്കാമോ ;

(ബി) കായംകുളം താലൂക്കാശുപത്രിയിലെ ലാബിൽ എത്ര തസ്തികകളാണ് ഉള്ളത് ; അവ ഏതെല്ലാമെന്ന് വിശദമാക്കാമോ ; ആവശ്യമായ ജീവനക്കാരുടെ സേവനം ലാബിൽ ലഭ്യമാണോ എന്ന് വ്യക്തമാക്കാമോ ?

<u>പേരൂർക്കട ആരോഗ്യകേന്ദ്രത്തിൽ ശ്രീമതി.ബി.ആർ ലതികയെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച സമർപ്പിച്ച അപേക്ഷ</u>

3517. **ശ്രീ.എം.എ. വാഹീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പേരൂർക്കട മാനസികാരോഗ്യകേന്ദ്രത്തിൽ 1-1-94 മുതൽ കഴിഞ്ഞ ഇരുപത് വർഷമായി ടെയ്ലറിങ്ങ് ഇൻസ്ട്രക്ടർ ആയി ജോലി നോക്കി വരുന്ന ശ്രീമതി.ബി.ആർ ലതികയെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച ടിയാൾ സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഈ സ്ഥാപനത്തിൽ 2014-ൽ എത്ര ജീവനക്കാരെ സർക്കാർ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തിയിട്ടുണ്ട്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ ഉത്തരവിന്റെ ആനുകൂല്യം ശ്രീമതി.ബി.ആർ. ലതികയ്ക്കും കൂടി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഭക്ഷണത്തിൽ മായം ചേർക്കുന്ന ഹോട്ടലുകൾക്കെതിരെ നടപടി</u>

3518. **ശ്രീ.എ. കെ. ശശീന്ദ്രൻ**

**,, തോമസ് ചാണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിൽ അരി എളുപ്പം വെന്തു കിട്ടുന്നതിനായി അപ്പക്കാരമോ, കുമ്മായമോ കിഴികെട്ടി ഇടുന്നതും മീൻ, ചിക്കൻ, ബീഫ് എന്നിവയുടെ ഫ്രൈ ഇനങ്ങളിൽ രുചിയും നിറവും കൂട്ടാൻ സൺലൈറ്റ് യെല്ലോ എന്ന രാസലായനിയും അജിനോ മോട്ടോ എന്ന ചൈനീസ് ഉപ്പും ചേർക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഭക്ഷ്യ സുരക്ഷ നിയമമനുസരിച്ച് ഈ വർഷം എടുത്തിട്ടുള്ള കേസ്സുകളിൽ ശിക്ഷിക്കപ്പെട്ടവ എത്ര ; വെളിപ്പെടുത്താമോ ;

(സി) സൗന്ദര്യ വർദ്ധക സാധനങ്ങളിൽ ചേർക്കുന്ന മേൽ സൂചിപ്പിച്ച ലായനി, അപ്പക്കാരം, അജിനോമോട്ട എന്നിവ ദഹനക്കേടിനും അലർജിക്കും ക്യാൻസറിനും ഇടയാക്കുമെന്നുള്ളതുകൊണ്ട് ഇതുപയോഗിക്കുന്ന ഹോട്ടലുകളുടെ മേൽ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുമോ?

<u>നെടുമങ്കാവ് സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ ആംബുലൻസ്</u>

3519. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള നെടുമൺകാവ് സാമൂഹിക ആരോഗ്യ കേന്ദ്രത്തിന് ആംബുലൻസ് വാങ്ങിയത് എന്നാണ് ;

(ബി) ഏതു ഫണ്ട് വിനിയോഗിച്ചാണ് പ്രസ്തുത ആംബുലൻസ് വാങ്ങിയതെന്നും ആരുടെ പേരിലാണ് പ്രസ്തുത വാഹനം രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത ആംബുലൻസ് എത്ര നാൾ സർവ്വീസ് നടത്തി ; ആംബുലൻസിന്റെ സർവ്വീസ് നിർത്തി വയ്ക്കാൻ ഇടയായ കാരണങ്ങൾ വിശദമാക്കുമോ ;

(ഡി) ആംബുലൻസിന്റെ സർവ്വീസ് അടിയന്തരമായി പുനരാരംഭിക്കാൻ എന്ത് നടപടി സ്വീകരിയ്ക്കുമെന്ന് അറിയിക്കുമോ ?

## സ്പോർട്സ് മെഡിസിൻ യൂണിറ്റിലെ പ്രവർത്തനങ്ങൾ

3520. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ സ്പോർട്സ് മെഡിസിൻ യൂണിറ്റിലെ നിലവിലുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്ന ഘട്ടത്തിൽ വിഭാവനം ചെയ്ത പദ്ധതികളിൽ പലതും ഇപ്പോഴും നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

## മരുന്നുകളുടെ ഗുണനിലവാരം

3521. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുന്നുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഗുണനിലവാരമില്ലാത്ത ഇൻസുലിൻ, പ്രതിരോധ കുത്തിവെയ്പ്പ് മരുന്നുകൾ എന്നിവ സംസ്ഥാനത്ത് വ്യാപകമായ തോതിൽ വിപണനം നടത്തുന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഇത്തരം മരുന്നുകളുടെ വിപണനം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഇത്തരം മരുന്നുകൾ വിപണനം ചെയ്യുന്ന കമ്പനികളുടെയും സ്ഥാപനങ്ങളുടെയും പേരിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## മരുന്നുകളുടെ ഗുണനിലവാരം

3522. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മരുന്നു കമ്പനികൾ വിതരണം ചെയ്യുന്ന മരുന്നുകൾ ഏതെല്ലാം എന്ന് കമ്പനി തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇവയിൽ സർക്കാർ പരിശോധനയ്ക്കുശേഷം വിപണനം നടത്തുന്ന മരുന്നുകൾ ഏതെല്ലാം ; കമ്പനി തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) ഈ സർക്കാർ കാലയളവിൽ കണ്ടെത്തിയ പരാജയപ്പെട്ട മരുന്നുകൾ, അവയുടെ നിർമ്മാണ കമ്പനികൾ, നിർമ്മിച്ച വർഷം, അളവ്, എക്സ്പയറി ഡേറ്റ് എന്നിവ വ്യക്തമാക്കുമോ ;

(ഡി) ഗുണനിലവാരം ഉറപ്പാക്കുവാനും ഗുണനിലവാരമുള്ളവയ്ക്ക് മാത്രം വിപണന അനുമതി നല്കുന്നതിനും എന്തു നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന മരുന്നുകൾ ഏതെല്ലാം എന്നും ഇവയിൽ ഗുണനിലവാര സർട്ടിഫിക്കറ്റ് ലഭിച്ചവ ഏതെല്ലാം, അല്ലാത്തവ ഏതെല്ലാം എന്നും വ്യക്തമാക്കുമോ ;

(എഫ്) മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന മരുന്നുകളിൽ ഗുണനിലവാര പരിശോധനയിൽ പരാജയപ്പെട്ട മരുന്നുകൾ ഏതെല്ലാം ; അവ എന്നു മുതൽ എന്നു വരെ വിതരണം നടത്തി എന്നും വ്യക്തമാക്കുമോ ?

## കോഴിക്കോട് മെഡിക്കൽ കോളേജ് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ ഓപ്പറേഷൻ തിയേറ്റർ

3523. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്എന്നാണ് സ്ഥാപിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഈ ബ്ലോക്കിൽ ഓപ്പറേഷൻ തിയേറ്റർ സ്ഥാപിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

## കോഴിക്കോട് മെഡിക്കൽ കോളേജിൽ ഓങ്കോളജി യൂണിറ്റ്

3524. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ മെഡിക്കൽ ഓങ്കോളജി യൂണിറ്റ് നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ രോഗികളുടെ സൗകര്യാർത്ഥം ഇവിടെ മെഡിക്കൽ ആന്റ്ഹെമറ്റോളജി ഡിപ്പാർട്ട്മെൻറ് കൂടി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

## കൊട്ടാരക്കര താലൂക്ക്ആശുപത്രി

3525. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ആരോഗ്യ വകുപ്പിന്റെ അധീനതയിൽ പ്രവർത്തനക്ഷമമായ എത്ര ആംബുലൻസുകൾ ഉണ്ട്;

(ബി) പ്രസ്തുത ആശുപത്രിയിലെ അപകടത്തിൽപ്പെട്ട ആംബുലൻസിന്റെ തകരാർ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) അപകടത്തിൽപ്പെട്ട ആംബുലൻസിന് പകരം ആംബുലൻസ് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലാത്തപക്ഷം ആയതിന് നടപടികൾ സ്വീകരിക്കുമോ?

## പച്ചക്കറികൾ / പഴങ്ങൾ എന്നിവയിലെ വിഷാംശം

3526. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉല്പാദിപ്പിക്കുന്നതും അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതുമായ പച്ചക്കറികൾ, പഴങ്ങൾ എന്നിവയിൽ മാരകമായ അളവിൽ കീടനാശിനികളുടെ അംശം കണ്ടെത്തിയ എത്ര കേസുകൾ കണ്ടെത്തിയിട്ടുണ്ട്; ഇവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ബി) ക്യാൻസർ, വൃക്കരോഗം എന്നവ വർദ്ധിച്ച് വരുന്നതിനുള്ള കാരണം മാരകമായ വിഷാംശമുള്ള പച്ചക്കറികളുടെയും കൃത്രിമ മാർഗത്തിൽ മാരകമായ വിഷം ഉപയോഗിച്ച പഴുപ്പിക്കുന്ന പഴങ്ങളുടെയും ഉപയോഗം നിമിത്തമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഒഴിവുകൾ

3527. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്ര ഹോസ്പിറ്റൽ ഗ്രേഡ് I & II നഴ്സിംഗ് അസിസ്റ്റന്റ്, അതർ അറ്റൻഡർ, ജൂനിയർ ലാബ് അസിസ്റ്റന്റ്, X-ray അറ്റൻഡർ തസ്തികകളാണ് നിലവിലുള്ളത്; അവയിൽ ഓരോന്നിലും എത്ര ഒഴിവുകളാണ് നിലവിലുള്ളത്?

## ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ വിവിധ ഒഴിവുകൾ

3528. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിലവിൽ എൽ. ജി. എസ്., എൽ. ഡി. സി., എൽ. ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികയിൽ എത്ര ഒഴിവുകളുണ്ട് ; വിശദമാക്കാമോ ;

(ബി) ഇവ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ മുഴുവൻ ഒഴിവുകളും എന്നത്തേക്ക് റിപ്പോർട്ട് ചെയ്യും എന്ന് അറിയിക്കുമോ ?

തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്ത്താൽമോളജിയിലെ സ്റ്റാഫ് പാറ്റേണും അധിക തസ്തികകളും

3529. ശ്രീ.കെ.മുരളീധരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്ത്താൽമോളജിയിൽ അനുവദിച്ചിട്ടുള്ള തസ്തികകളും ഇവ എന്നാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ ;

(ബി) ഈ സ്ഥാപനം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ആയി ഉയർത്തിയതിനെ തുടർന്ന് ഏതൊക്കെ തസ്തികളാണ് അനുവദിച്ചിട്ടുള്ളത് ;

(സി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുഗമമായ പ്രവർത്തനം ഉറപ്പ വരുത്തുന്നതിന് ഏതൊക്കെ അധിക തസ്തികൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലാണ് ഇപ്പാൾ പരിഗണനയിൽ ഉള്ളത് ;

(ഡി) അധിക തസ്തികകൾ അനുവദിക്കുന്നതിന് അനുകൂലമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ആശുപത്രികളിലെ ഖരമാലിന്യനിർമ്മാർജ്ജനം

3530. ശ്രീ.എം.എ. വാഹീദ്

,, എം.പി.വിൻസെന്റ്

,, വി.ഡി.സതീശൻ

,, ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിലെ ഖരമാലിന്യങ്ങൾ ഫലപ്രദമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ ആശുപത്രികളിൽ നിലവിലുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നവീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ബി.എ.ആർ.സി മോഡൽ ബയോഗ്യാസ് പ്ലാന്റുകൾ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ പ്രവർത്തന സജ്ജമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ചാലക്കുടിയിൽ ആയുർവ്വേദ ചികിൽസാകേന്ദ്രം

3531. ശ്രീ.ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്മഭൂഷൺ വൈദ്യഭൂഷണം രാഘവൻ തിരുമുൽപാടിന്റെ സ്മരണ നിലനിർത്തുന്നതിനായി ചാലക്കുടിയിൽ ഒരു ആയുർവ്വേദ ചികിത്സാ കേന്ദ്രം സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേലുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ചികിത്സാ കേന്ദ്രം സ്ഥാപിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ ?

## പച്ചക്കറികളിലെ കീടനാശിനിപ്രയോഗം തടയാനുള്ള നടപടി

3532. ശ്രീ.സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളിൽ കീടനാശിനിയുടെ അംശം ഇല്ലെന്നുറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്നതും കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നതുമായ പച്ചക്കറികളിൽ കീടനാശിനിയുടെ അംശം ഇല്ലെന്നുറപ്പുവരുത്തുവാൻ കേരള കാർഷിക സർവ്വകലാശാലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി സമിതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ?

## ദേശീയാരോഗ്യനയം

3533. ശ്രീ.കോടിയേരി ബാലകൃഷ്ണൻ
,, എ. പ്രദീപ്കുമാർ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയാരോഗ്യനയത്തിൻെറ കരടുരേഖ പരിശോധിച്ചിട്ടുണ്ടോയെന്നറിയിക്കുമോ ;

(ബി) കരടുരേഖയിലെ സമീപനത്തോടുള്ള സർക്കാരിൻെറ നിലപാട് വിശദമാക്കാമോ ; ഇതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന് സ-മർപ്പിച്ച റിപ്പോർട്ടിലെയും ചെന്നൈയിൽ വച്ച നടന്ന ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കായുള്ള ദേശീയ ആരോഗ്യനയത്തെപ്പറ്റിയുള്ള മീറ്റിംഗിൽ സമർപ്പിച്ച റിപ്പോർട്ടിലെയും പ്രധാന നിർദ്ദേശങ്ങൾ അറിയിക്കാമോ ; പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ആരോഗ്യസേവനങ്ങൾ പൂർണ്ണമായും ഇൻഷ്വറൻസ് ആധാരിതമാക്കി ആരോഗ്യ സേവനമേഖല വാണിജ്യവല്ക്കരിക്കുന്നത് സാധാരണക്കാരെ ഏത് വിധത്തിൽ ബാധിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്നറിയിക്കുമോ?

## എൻഡോസൾഫാൻ ബാധിതർക്ക് ധനസഹായം

3534. ശ്രീ.പി.സി. ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എൻഡോസൾഫാൻ മൂലം അസുഖം ബാധിച്ചവർ എത്ര ഉണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ;എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ജില്ല തിരിച്ച് വിവരിക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഈ രോഗം ബാധിച്ച പാവപ്പെട്ട രോഗികൾക്ക് എന്തെങ്കിലും ധനസഹായം കൊടുത്തിട്ടുണ്ടോ; എങ്കിൽ കൊടുത്ത തുകകൾ 2011 മുതൽ ഇതുവരെ എത്രയെന്ന് വിശദമാക്കുമോ ;

(സി) ഇല്ലെങ്കിൽ ഈ രോഗികൾക്ക് അർഹതപ്പെട്ട ധനസഹായം കൊടുക്കുവാൻ തയ്യാറാകുമോ ;

(ഡി) ഈ രോഗികൾക്ക് സഹായത്തിനായി കേന്ദ്രസർക്കാരിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

<u>എൻഡോസൾഫാൻ ദുരിതബാധിതർ</u>

3535. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിത ബാധിതരായ എത്ര പേർ നാളിതുവരെ മരണപ്പെട്ടിട്ടുണ്ടെന്നും ഇതിൽ എത്രപേരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ; രോഗബധിതരിൽ എത്ര പേർക്ക് ഇപ്പോഴും തുടർ ചികിത്സ നൽകുന്നുണ്ടെന്നും വ്യക്തമാക്കാമോ?

<u>ചിക്കൻപോക്സിനെ പ്രതിരോധിക്കാൻ നടപടി</u>

3536. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിക്കൻപോക്സിനെ പ്രതിരോധിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ചിക്കൻപോക്സ് ബാധിക്കുന്ന കുട്ടികൾക്ക് ന്യൂമോണിയയെ പ്രതിരോധിക്കാൻ ആരോഗ്യവകുപ്പിൽ നിന്നും വൈറ്റമിൻ 'എ' വിതരണം നടത്തുന്നുണ്ടോ;

(സി) കഴിഞ്ഞ ആറുമാസക്കാലമായി സംസ്ഥാനത്ത് വൈറ്റമിൻ 'എ'യുടെ വിതരണം നിലച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

<u>ആശവർക്കർമാരുടെ ഓണറേറിയം</u>

3537. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ വർക്കർമാർക്ക് ഓണറേറിയം കൃത്യമായി നൽകുന്നില്ല എന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ആശവർക്കർമാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ആശ വർക്കർമാർക്ക് കുടിശ്ശികയുള്ള ഓണറേറിയം വിതരണം ചെയ്യുന്നതിനും പാലിയേറ്റീവ് പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നവർക്കു അഡീഷണലായി നൽകിയ തുക നിർത്തലാക്കിയത് പുന:സ്ഥാപിക്കാനും നടപടികൾ സ്വീകരിക്കുമോ?

<u>അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം</u>

3538. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം , വിഷവസ്തുക്കളുടെ സാന്നിദ്ധ്യം എന്നിവയുടെ പരിശോധന കർശനമാക്കാനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥന്മാർ, അഡ്ജൂഡിക്കേഷൻ ഓഫീസർ ഉൾപ്പെടെ ആരെല്ലാം; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവർ ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും എത്ര കണ്ടെത്തലുകൾനടത്തി ; പ്രതികൾ ആരെല്ലാം; എത്ര കേസ്സുകൾക്ക് എത്ര ഫൈൻ ഈടാക്കി കേസ്സുകൾ തീർപ്പാക്കി ; എത്ര കേസ്സുകൾ നിലവിൽ കോടതികളിലാണ് ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) പിടിക്കപ്പെടുന്ന കേസ്സുകളിലെ തൊണ്ടിസാധനങ്ങൾ പരിശോധിക്കാൻ ഉള്ള സംവിധാനങ്ങളെന്തെന്നും എത്ര ലാബുകൾ പ്രവർത്തിക്കുന്നു എന്നും ലാബുകളിൽ പരിശോധനയ്ക്കു നൽകിയവയിൽ യഥാസമയം റിപ്പോർട്ടു നൽകാത്ത കേസ്സുകൾ എത്ര എന്നും നൽകിയ കേസ്സുകൾ എത്ര എന്നും സർക്കാർ കാലയളവ് വർഷം തിരിച്ച് ലഭ്യമാക്കുമോ;

<u>താലൂക്ക് / ജനറൽ ആശുപത്രികളും **H.M.C** യുടെ പ്രവർത്തനവും</u>

3539. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എവിടെയെല്ലാം താലൂക്ക് ആശുപത്രികളും ജനറൽ ആശുപത്രികളും ഉണ്ടെന്ന് ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം ആശുപത്രികളിൽ H.M.C യുടെ പ്രവർത്തനം നിലവിലുണ്ടെന്ന് അറിയിക്കുമോ;

(സി) ഏതെല്ലാം താലൂക്ക്/ജനറൽ ആശുപത്രികളിൽ നിലവിൽ H.M.C യ്ക്ക് പകരം ചുമതല എക്സിക്യൂട്ടീവ് കമ്മിറ്റികൾക്ക് നൽകിയിട്ടുണ്ടെന്നുള്ള വിവരം ജില്ല തിരിച്ച് അറിയിക്കുമോ;

(ഡി) ആശുപത്രികളുടെ ചുമതല എക്സിക്യൂട്ടീവ് കമ്മിറ്റികൾക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ ഇറങ്ങിയിട്ടുള്ള സർക്കാർ ഉത്തരവുകൾ/ സർക്കുലറുകൾ ആയവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

<u>തൈക്കാട് ആശുപത്രി, **SAT**ഹോസ്പിറ്റൽ എന്നിവിടങ്ങളിലെ ഗ്രേഡ് **II, I** നഴ്സിംഗ് അസിസ്റ്റന്റ് ഒഴിവുകൾ</u>

3540. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം തൈക്കാട് ആശുപത്രി, SATഹോസ്പിറ്റൽ എന്നിവിടങ്ങളിൽ എത്ര ഗ്രേഡ് II, I നഴ്സിംഗ് അസിസ്റ്റന്റ് പോസ്റ്റുകളാണ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഓരോന്നിലും എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

<u>ഡെന്റൽ കോളേജുകൾ</u>

3541. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ എത്ര അംഗീകൃത ഡെന്റൽ കോളേജുകൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ?

## ഫാം ഡി കോഴ്സുകൾ

3542. ശ്രീ.വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫാം ഡി കോഴ്സുകൾ ഏത് വർഷം മുതലാണ് ആരംഭിച്ചത്; എങ്കിൽ ഏതൊക്കെ മേഖലയിൽ എന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ സ്ഥാപനങ്ങളാണ് ഇത്തരം കോഴ്സുകൾ നടത്തിവരുന്നത്; വിശദമാക്കുമോ;

(സി) എത്ര വിദ്യാർത്ഥികൾക്കാണ് വർഷംതോറും ഈ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നത്;

(ഡി) ഏതെങ്കിലും ഗവൺമെന്റ് സ്ഥാപനങ്ങൾ ഈ കോഴ്സ് നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഇത്തരം കോഴ്സുകൾ ഉടൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

## ഡെന്റൽ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറുടെ ട്രാൻസ്ഫർ

3543. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോയിന്റ് ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ (ജനറൽ) ശ്രീ. ഡോ.കെ.ജ്യോതീന്ദ്രകുമാറിന് ഡെന്റൽ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറെ ട്രാൻസ്ഫർ ചെയ്യുന്നതിന് അധികാരമുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ നൽകുമോ; ഇല്ലെങ്കിൽ പദവി ദുരുപയോഗം ചെയ്ത് ടിയാൻ ഇറക്കിയ G4/.13385 /2014/DME dt 23.06.2015 എന്ന ഉത്തരവ് റദ്ദുചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(ബി) ഇത്തരത്തിൽ അധികാര ദുർവിനിയോഗം ചെയ്ത ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടി സ്വീകരിക്കുമോ;

(സി) ഔദ്യോഗിക സർവ്വീസ് സംഘടനകളുടെ സംസ്ഥാന ജനറൽ സെക്രട്ടറി, പ്രസിഡന്റ് എന്നിവരെ ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള മാനദണ്ഡത്തിനു വിരുദ്ധമായി G.O.(MS)230/67/PD dt. 21.7.1967 പ്രകാരം ടിയാന്മാരെ ട്രാൻസ്ഫർ ചെയ്യുന്നതിന് Joint Director of Medical EDucation (G), ശ്രീ. ഡോ. കെ. ജ്യോതീന്ദ്രകുമാറിന് അധികാരമുണ്ടോ; ഇല്ലെങ്കിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ട്രാൻസ്ഫർ നടത്തിയ ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ

വിശദാംശം നൽകുമോ?

<u>ഡെന്റൽ കോളേജുകളിലെ പ്രൊമോഷന്റെ മാനദണ്ഡം</u>

3544. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണോ സംസ്ഥാനത്തെ ഡെന്റൽ കോളേജുകളിൽ ഡോക്ടർമാരുടെ പ്രൊമോഷൻ നടത്തുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) അല്ലെങ്കിൽ ആയതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ?

<u>ഡെന്റൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് രൂപീകരണം</u>

3545. ശ്രീ.പി.ശ്രീരാമകൃഷ്ണൻ

,, ആർ. രാജേഷ്

,, വി.ശിവൻകുട്ടി

ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെന്റൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രത്യേക ഡയറക്ടറേറ്റ് രൂപീകരണം ദന്താരോഗ്യമേഖലയെ പ്രതികൂലമായി ബാധിക്കുമെന്ന ആക്ഷേപം സംബന്ധിച്ച് വിശദമായ പരിശോധന നടത്താൻ തയ്യാറാകുമോ ;

(സി) ഇക്കാര്യത്തിൽ ആരോഗ്യവകുപ്പ് സെക്രട്ടറി വിയോജനം രേഖപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ അത് എന്തെന്ന് അറിയിക്കുമോ ;

(ഡി) ഇതു സംബന്ധിച്ച് ഡെന്റൽ ഡോക്ടർമാർ എന്തൊക്കെ ആശങ്കകളാണ് ഉന്നയിച്ചതെന്നും അതിനോടുള്ള സർക്കാരിന്റെ പ്രതികരണമെന്തെന്നും അറിയിക്കാമോ ?

<u>ഡെന്റൽ കോളേജുകളിലെ ഡോക്ടർമാരുടെ പ്രമോഷൻ</u>

3546. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെന്റൽ കോളേജുകളിലെ ഡോക്ടർമാരുടെ പ്രമോഷനുവേണ്ടി പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി സർക്കുലേറ്റ് ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഡി.പി.സി ചേർന്നാണോ പ്രസ്തുത ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയത് എന്ന് വ്യക്തമാക്കാമോ ?

<u>ഡെന്റൽ കോളേജുകളിലെ ഡോക്ടർമാരുടെ പ്രൊമോഷൻ</u>

3547. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെന്റൽ കോളേജുകളിലെ ഡോക്ടർമാരുടെ പ്രൊമോഷനുവേണ്ടിയുള്ള പ്രൊവിഷണൽ ലിസ്റ്റിൽ നിന്നും എത്ര ഡോക്ടർമാരെ സീനിയോറിറ്റി മാനദണ്ഡമാക്കി പ്രിൻസിപ്പൽമാരായി നിയമിച്ചിട്ടുണ്ടെന്ന്, അവരുടെ പേര്, നിയമിക്കപ്പെട്ട തീയതി, നിയമിക്കപ്പെട്ട കോളേജ് എന്നിവ തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>കോഴിക്കോട് മെഡിക്കൽ കോളേജ്</u>

3548. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തസ്തികകൾ സൃഷ്ടിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

<u>ആരോഗ്യ സർവ്വകലാശാലയുടെ കീഴിലുള്ള റീജിയണൽ ഓഫീസുകൾ</u>

3549. ശ്രീ.എം.എ. വാഹീദ്

,, എ.പി.അബ്ദുള്ളക്കുട്ടി

,, കെ.മുരളീധരൻ

,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സർവ്വകലാശാലയുടെ കീഴിൽ റീജിയണൽ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടോ ;എങ്കിൽ എവിടെയെല്ലാം ;

(ബി) റീജിയണൽ ഓഫീസുകളിൽ എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നതെന്നും ഇവയുടെ ഘടനയും ഉദ്ദേശലക്ഷ്യങ്ങളും എന്തെല്ലാമെന്നും വിശദമാക്കുമോ ;

(സി) തിരുവനന്തപുരത്ത് റീജിയണൽ ഓഫീസ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ എവിടെയാണെന്നും എന്ന് മുതൽ പ്രസ്തുത ഓഫീസ് പ്രവർത്തനമാരംഭിക്കുമെന്നും വിശദമാക്കുമോ ?

<u>ആരോഗ്യ സർവ്വകലാശാലയിൽ സ്ഥിരം ജീവനക്കാരുടെ അപര്യാപ്തത</u>

3550. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സർവ്വകലാശാലയിൽ ആവശ്യത്തിന് സ്ഥിരം ജീവനക്കാരില്ലാത്തതുകാരണം ഉണ്ടായിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ ഈ സ്ഥാപനത്തിൽ ആകെ എത്രപേർ ജോലിചെയ്യുന്നുണ്ടെന്നും അവരിൽ സ്ഥിരം

ജീവനക്കാർ എത്രപേരുണ്ടെന്നും പറയാമോ;

(സി) സർവ്വകലാശാലയുടെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിന് എത്ര തസ്തികകൾ സൃഷ്ടിക്കണമെന്നാണ് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതെന്നും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

### ആയുഷ് വകുപ്പ്

3551. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ

,, റ്റി.എ.അഹമ്മദ് കബീർ

,, കെ.എൻ.എ.ഖാദർ

,, പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ് വകുപ്പ് മുഖേന പാരമ്പര്യ ചികിത്സാ രീതികൾക്കും, ആൾട്ടർനേറ്റീവ് ചികിത്സാ രീതികൾക്കും ചികിത്സാ രംഗത്ത് അർഹമായ സ്ഥാനം നൽകി പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതോടൊപ്പം ചെലവ് കുറഞ്ഞ വ്യത്യസ്ത ചികിത്സാ രീതികളെയും അവയുടെ ഗുണഗണങ്ങളെയും സാധാരണ ജനങ്ങൾക്ക് പരിചിതമാക്കാനും, വിവിധ ചികിത്സാ രീതികൾക്ക് സ്റ്റാൻഡേഡൈസേഷൻ ഏർപ്പെടുത്താനും നടപടി സ്വീകരിക്കുമോ?

### ഔഷധ നയം

3552. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെ നിരവധി മരുന്നുകൾക്ക് ക്രമാതീതമായി വില വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ മരുന്നുവില നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ഔഷധങ്ങളുടെ വിലക്കയറ്റം തടയുന്നതിനും വിതരണം സുതാര്യമാക്കുന്നതിനും പുതിയ ഔഷധ നയം രൂപീകരിക്കുമോ;

(സി) സാധാരണക്കാർക്ക് മിതമായ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് സർക്കാർ ആഭിമുഖ്യത്തിൽ കൂടുതൽ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

### ഓൺലൈൻ മരുന്നുവ്യാപാരം

3553. ശ്രീ.ഇ.പി.ജയരാജൻ

പ്രൊഫ. സി.രവീന്ദ്രനാഥ്

ശ്രീ.ബാബു എം. പാലിശ്ശേരി

,, എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺലൈൻ മരുന്നുവ്യാപാരം വ്യാപകമായി നടക്കുന്നുണ്ടെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയിരുന്നോ ; വിശദാംശം അറിയിക്കാമോ ;

(ബി) അംഗീകൃത ഡോക്ടറുടെ കുറിപ്പടിയില്ലാതെ ചികിത്സ നടത്തുന്നത് പൊതുജനാരോഗ്യ രംഗത്ത് പ്രതിസന്ധിയുണ്ടാക്കാനിടയുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇത്തരം മരുന്നുകൾ മിക്കവയും ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കാത്തതും ചില മരുന്നുകൾ മാജിക്കൽ റെമഡീസ് നിയമത്തിന്റെ പരിധിയിൽ വരുന്നതുമാണെന്ന് കണക്കിലെടുത്ത് ഓൺലൈൻ മരുന്നുവ്യാപാരം നിയന്ത്രിക്കാൻ ആവശ്യമെങ്കിൽ നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ ?

<u>ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ</u>

3554. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, വർക്കല കഹാർ

,, പി.എ.മാധവൻ

,, സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ എത്ര ലാബുകൾ പ്രവർത്തിക്കുന്നു ; എവിടെയെല്ലാം ;

(ബി) വിറ്റഴിക്കുന്ന എല്ലാ മരുന്നിന്റെയും സാമ്പിളുകളുടെ ഗുണനിലവാരം പരിശോധിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) ഗുണനിലവാരമില്ലാത്ത എത്ര മരുന്നുകൾ കഴിഞ്ഞ 12 മാസത്തിനിടെ കണ്ടെത്തുവാൻ കഴിഞ്ഞു ; പ്രസ്തുത മരുന്നുകൾ നിർമ്മിച്ച കമ്പനികൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) വിറ്റഴിക്കപ്പെടുന്ന മുഴുവൻ മരുന്നുകളുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം</u>

3555. ശ്രീ.എസ്.ശർമ്മ

,, കെ.കുഞ്ഞിരാമൻ (ഉദുമ)

,, വി.ശിവൻകുട്ടി

,, ബാബു എം. പാലിശ്ശേരി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുന്നു വാങ്ങുന്നതിലും വാങ്ങിയ മരുന്നുകൾ വിതരണം ചെയ്യുന്നതിലും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ക്രമക്കേട് നടത്തുന്നതായി വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധന നടത്തിയിരുന്നോ ; വെയർ ഹൗസുകളിൽ നടത്തിയ പരിശോധനയിൽ കണ്ട ക്രമക്കേടുകൾ എന്തൊക്കെയായിരുന്നു ;

(ബി) കണക്കിലുള്ള മരുന്നുകൾ സ്റ്റോക്കെടുപ്പിൽ ഇല്ലാതിരുന്നതിന്റെ പേരിൽ തുടരന്വേഷണം നടത്തിയിരുന്നോ ;

(സി) മരുന്ന് വാങ്ങാതെ ബില്ല് മാത്രം വാങ്ങി അഴിമതി നടത്തുന്നുണ്ടെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയിരുന്നോ ;

(ഡി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനത്തെക്കുറിച്ച് അക്കൗണ്ടന്റ് ജനറൽ നടത്തിയ ഓഡിറ്റിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയായിരുന്നു ;

(ഇ) ഗുരുതരമായ ആരോപണങ്ങൾ ഉയരുന്നതിന്റെ പശ്ചാത്തലത്തിൽ ഏതെങ്കിലും ബാഹ്യ ഏജൻസിയെ കൊണ്ട് സമഗ്ര അന്വേഷണം നടത്തിക്കാൻ തയ്യാറാകുമോ ?

## മരുന്നുകളുടെ ഗുണമേന്മ പരിശോധന

3556. ശ്രീ.എ.കെ.ബാലൻ

,, സി.കൃഷ്ണൻ

,, പി.ടി.എ. റഹീം

ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങുന്ന മരുന്നുകളുടെയും മെഡിക്കൽ സ്റ്റോറുകളിലൂടെ വിൽക്കുന്ന മരുന്നുകളുടെയും ഗുണമേന്മ പരിശോധിക്കുന്നതിന് നിലവിലെ സംവിധാനങ്ങളുടെ അപര്യാപ്തത വിലയിരുത്തിയിട്ടുണ്ടോ;

(ബി) മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താതെ രോഗികൾക്ക് വിതരണം ചെയ്യുന്നതുമൂലമുണ്ടാകുന്ന ഗുരുതര സാഹചര്യം ഗൗരവമായി കാണുന്നുണ്ടോ;

(സി) സംസ്ഥാനത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് സംവിധാനം നവീകരിക്കുന്നതിനും ടെസ്റ്റുകളുടെ കാലതാമസം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) പൊതുമേഖലാസ്ഥാപനമായ കേരള ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് (കെ.എസ്.ഡി.പി) പുതുതായി സ്ഥാപിച്ച ആധുനിക സജ്ജീകരണങ്ങൾ ഇതിനായി ഉപയോഗപ്പെടുത്താൻ തയ്യാറാകുമോ?

## മരുന്നുകളുടെ ഗുണനിലവാര പരിശോധനയും സർട്ടിഫിക്കറ്റും

3557. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്തുന്നത് ഏതെല്ലാം പരിശോധനാകേന്ദ്രങ്ങൾ എന്നും അവയിൽ ഏതെല്ലാം സർക്കാർ ലാബുകൾ പൂർണ്ണപരിശോധനയ്ക്ക് വിധേയമാക്കാത്ത മരുന്നുകൾക്ക് ലാബ് ക്ലീൻ സർട്ടിഫിക്കറ്റ് നൽകി എന്നും വ്യക്തമാക്കുമോ ;

(ബി) ഹൃദ്രോഗികളും കൊളസ്ട്രോൾ ബാധിതരും കഴിക്കുന്ന ഏതെല്ലാം കമ്പനികളുടെ ഏതെല്ലാം മരുന്നുകൾക്ക് ഡിസൊല്യൂഷൻ ടെസ്റ്റ് നടത്താതെ ലാബ് ക്ലീൻ സർട്ടിഫിക്കറ്റ് നല്കി എന്ന്

വ്യക്തമാക്കുമോ ;

(സി) ഡിസൊല്യൂഷൻ പിരശോധനാഫലം രേഖപ്പെടുത്താത്ത സർക്കാർ സർട്ടിഫിക്കറ്റ് ഇത്തരം മരുന്നുകൾക്കു നൽകിയ ഉദ്യോഗസ്ഥർ ആരെല്ലാം ;

(ഡി) പ്രസ്തുത കൃത്യവിലോപം കാണിച്ച ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്തു വിപണനം നടത്തുന്ന എല്ലാ മരുന്നുകൾക്കും ഗുണനിലവാര പരിശോധനയും ഗുണനിലവാര സർട്ടിഫിക്കറ്റും നിർബന്ധമാക്കാൻ എന്തു നടപടി സ്വീകരിക്കും എന്നും വ്യക്തമാക്കുമോ ?

<u>മരുന്നുകളുടെ ഗുണനിലവാരം</u>

3558. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന വിവിധങ്ങളായ അലോപ്പതി , ആയുർവേദ, ഹോമിയോ മരുന്നുകൾ ഗുണനിലവാരം കുറഞ്ഞതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരുന്നുകളുടെ ഗുണനിലവാര പരിശോധനക്കായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന മരുന്നുകളിൽ എല്ലാ ബാച്ചുകളിലും ഗുണനിലവാര പരിശോധന കൃത്യമായി നടത്താറുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) മരുന്നുകളുടെ ഗുണനിലവാര പരിശോധന കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

<u>ഹോംകോ</u>

3559. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോംകോ അന്യ-സംസ്ഥാനങ്ങളിൽ മരുന്നു വിതരണം നടത്തുന്നതിനുള്ള സെയിൽസ് പ്രമോഷൻ ജോലികൾക്കായി ഓരോ സംസ്ഥാനത്തും എത്ര ഏജന്റുമാരെ നിശ്ചയിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ജോലി ചെയ്യുന്ന വ്യക്തികൾ/ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നു അറിയിക്കുമോ;

(സി) പ്രസ്തുത വ്യക്തികൾക്ക് നൽകുന്ന ഏജൻസി കമ്മീഷൻ എത്രയാണെന്നു വ്യക്തമാക്കുമോ;

(ഡി) 2014-15 ൽ ഏജൻസി കമ്മീഷൻ ഇനത്തിൽ ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

<u>ഹോംകോ -യ്ക്ക് ഗ്രാന്റ്</u>

3560. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ ഓരോന്നിലും എത്ര തുക വീതം ഗ്രാന്റിനത്തിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ ഓരോ കാലയളവിലും ഗ്രാന്റിനത്തിൽ ലഭിച്ച എത്ര തുക ഹോംകോ ചെലവഴിച്ചിട്ടുണ്ട്;

(സി) സംസ്ഥാന സർക്കാർ നൽകുന്ന ഗ്രാന്റ് നിരന്തരം ലാപ്സാക്കുന്ന സാഹചര്യത്തെക്കുറിച്ച് പരിശോധിക്കുകയോ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ആരോഗ്യ കേരളം പദ്ധതി</u>

3561\. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തിൽ ഹോമിയോ മരുന്നുകളുടെ വിതരണത്തിനായി ഹോംകോക്ക് നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ ആരോഗ്യ കേരളം പദ്ധതി മുഖേന എത്ര തുക ലഭിക്കുകയുണ്ടായി ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ലഭിച്ച തുകയിൽ എത്ര തുകയുടെ ഹോമിയോ മരുന്ന് ഇതിനോടകം വിതരണം ചെയ്യുകയുണ്ടായി ;

(സി) എൻ.ആർ.എച്ച്.എം മുഖേന ഹോമിയോ മരുന്നു വിതരണത്തിനുള്ള 2014-15 ലെ തുക എപ്പോഴാണ് ഹോംകോക്കിന്റെ അക്കൗണ്ടിലേക്ക് ലഭിച്ചത് ;

(ഡി) പ്രസ്തുത തുക ഹോംകോക്കിന്റെ 2014-2015 ലെ വരവ് ചെലവ് കണക്കുകളിലെയും ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റിലെയും ഏത് ഇനത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഹോംകോയുടെ ഹോമിയോ മരുന്നു വിതരണം</u>

3562\. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോംകോ ഏതെല്ലാം അന്യസംസ്ഥാനങ്ങളിലാണ് ഹോമിയോ മരുന്നു വിതരണം നടത്തുന്നത് ;

(ബി) പ്രസ്തുത അന്യസംസ്ഥാനങ്ങളിൽ ഹോമിയോ മരുന്ന് വിതരണം നടത്തുന്നത് ഏത് സ്ഥാപനങ്ങൾ മുഖേനയാണ് ;

(സി) ഓരോ സ്ഥാപനം മുഖേനയും 2014-2015 ൽ എത്ര തുകയുടെ ഹോമിയോ മരുന്നു വിതരണം നടത്തിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

<u>ശ്രീകോവിൽ പുനരുദ്ധാരണം</u>

3563\. **ശ്രീ.ചിറയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിലെ ഭരണ സമിതിയുടെ കാലയളവിൽ കൊട്ടാരക്കര ഗ്രൂപ്പിന്റെ അധീനതയിൽ ഉള്ള എത്ര ക്ഷേത്രങ്ങളുടെ ശ്രീകോവിൽ പൂർണ്ണമായും പുനർനിർമ്മിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത ക്ഷേത്രങ്ങളുടെ പേരും ശ്രീകോവിൽ പുനരുദ്ധാരണത്തിന് ഓരോ ക്ഷേത്രത്തിനും ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും ഇനം തിരിച്ച് അറിയിക്കുമോ ;

(സി) കൊട്ടാരക്കര ഗ്രൂപ്പിൽപ്പെടുന്ന എതെല്ലാം ക്ഷേത്രങ്ങളിൽ നിന്നും ശ്രീകോവിൽ പുനരുദ്ധാരണത്തിനായി നിലവിൽ ബോർഡിന് അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും ആയതിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളെന്തെന്നും വിശദാംശം സഹിതം അറിയിക്കുമോ ?

<u>ക്ഷേത്രക്കുളങ്ങളുടെ സംരക്ഷണം</u>

3564. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേത്രക്കുളങ്ങളുടെ സംരക്ഷണത്തിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ക്ഷേത്രക്കുളങ്ങളുടെ സംരക്ഷണം സംബന്ധിച്ച് ജലസേചന വകുപ്പുമായി ഏകോപനം നടത്തുന്നകാര്യം പരിശോധിക്കുമോ ?

<u>സി.സി.രവിയുടെ സസ്പെൻഷൻ</u>

3565. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള കൊട്ടാരക്കര ഗ്രൂപ്പിൽ പോരേടം സബ് ഗ്രൂപ്പിൽപ്പെട്ട ചുള്ളുണ്ണി ദേവസ്വത്തിൽ കഴകം തസ്തികയിൽ ജോലി നോക്കിയിരുന്ന സി.സി.രവിയെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യാനിടയായ സാഹചര്യം വിശദമാക്കുമോ;

(ബി) ടിയാനെ പ്രസ്തുത സംഭവത്തിൽ സസ്പെൻഡ് ചെയ്തത് എന്നാണെന്നും അതിനു ശേഷം സർവ്വീസിൽ തിരിച്ചെടുത്തത് എന്നാണെന്നും അറിയിക്കുമോ:

(സി) ടിയാന്റെ സേവനകാലയളവിനുള്ളിൽ എത്ര തവണ ശിക്ഷാ , അച്ചടക്ക നടപടികൾക്ക് വിധേയനായിട്ടുണ്ടെന്നും അതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ ?

<u>കൊല്ലമ്പുഴ കോയിക്കൽ കൊട്ടാരത്തിലെ ക്ഷേത്രകലാ പീഠം</u>

3566. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രവാദ്യകലകൾ പഠിപ്പിച്ചിരുന്ന കൊല്ലമ്പുഴ കോയിക്കൽ കൊട്ടാരത്തിലെ ക്ഷേത്രകലാ പീഠം നിർത്തലാക്കുവാനുള്ള തീരുമാനം പിൻവലിച്ചിട്ടുണ്ടോ ;

(ബി) ക്ഷേത്രകലാപീഠം നിർത്തലാക്കാൻ തീരുമാനമെടുത്ത സാഹചര്യം വിശദമാക്കാമോ ;

പൂഞ്ഞാറിലെ ശ്രീസരസ്വതി ദേവീ ക്ഷേത്രത്തെ ശബരിമലയുടെ ഇടത്താവളമായി അനുവദിക്കാൻ നടപടി

3567. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ, പൂഞ്ഞാർ നിയോജകമണ്ഡലത്തിൽപ്പെട്ട ഇടച്ചോറ്റിയിലുള്ള കിഴക്കിന്റെ മൂകാംബിക എന്നറിയപ്പെടുന്ന ശ്രീസരസ്വതി ദേവീ ക്ഷേത്രത്തിൽ അനേകം ഭക്തജനങ്ങൾ എത്തുകയും ഇവിടെ നിന്നും ശബരിമല സന്നിധാനത്തിലേക്ക് പുണ്യ തീർത്ഥാടനത്തിന് പോകുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇവിടെ അനേകായിരം അയ്യപ്പ ഭക്തന്മാർ എത്തി ശബരിമല പുണ്യ തീർത്ഥാടനം നടത്തുന്നതിനാൽ പ്രസ്തുത ക്ഷേത്രത്തെ ശബരിമലയുടെ ഇടത്താവളമായി അനുവദിയ്ക്കുവാൻ നടപടി സ്വീകരിക്കുമോ ?

ക്ഷേത്രകലാ അക്കാദമിയിൽ കോഴ്സുകൾ തുടങ്ങുന്നതിന് നടപടി

3568. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ ക്ഷേത്രകലാ അക്കാദമി സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിക്കുകയും ഭരണ സമിതി രൂപീകരിക്കുകയും ചെയ്തെങ്കിലും ഇതുവരെ കോഴ്സുകൾ തുടങ്ങിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കോഴ്സുകൾ എപ്പോൾ തുടങ്ങുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ബി) ഭരണ സമിതിയിൽ ചിറക്കൽ കോവിലകം ദേവസ്വം ട്രസ്റ്റിയെക്കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) ക്ഷേത്രകലാ അക്കാദമിക്ക് 2012-13 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 50 ലക്ഷം രൂപയും 2014-15 വർഷത്തിൽ പ്രഖ്യാപിച്ച 25 ലക്ഷം രൂപയും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇതു സംബന്ധിച്ച വിശദാംശം നൽകുമോ ?

അംഗപരിമിതരുടെ പുനർനിയമനം

T 3569. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെട്ട എച്ച്. ആർ. ആന്റ് സി.ഇ.- യിൽ സേവനംഅനുഷ്ഠിച്ച അംഗപരിമിതരിൽ എത്ര പേർക്കാണ് പുനർ നിയമനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) രജനി എം.പി എന്ന അംഗപരിമിതയ്ക്ക് പുനർനിയമനം നൽകാൻ ഉത്തരവ് നൽകിയിട്ടുണ്ടോ ;

(സി) ഉത്തരവ് നൽകിയിട്ടും പ്രസ്തുത വ്യക്തിക്ക് ഇതുവരെ നിയമനം ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; നിയമനം ലഭിക്കുന്നതിന് കാലതാമസം വന്നതിനുള്ള കാരണം

വ്യക്തമാക്കാമോ ; ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ; ഇതു സംബന്ധിച്ച് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ഇവർ നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ?

<u>തിരുവാഭരണപ്പാത</u>

3570. ശ്രീ.രാജു എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവാഭരണപ്പാതയുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡിന് എത്ര ഏക്കർ സ്ഥലമാണ് ഉള്ളതെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇതിൽ ഏതൊക്കെ വില്ലേജുകളിലാണ് സ്ഥലം കൈയ്യേറ്റം നടന്നതെന്നും എത്ര ഭൂമി കൈയ്യേറിയെന്നും അറിയിക്കുമോ;

(സി) കൈയ്യേറ്റം നടത്തിയ ഭൂമി പൂർണ്ണമായും തിരിച്ച് പിടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ വില്ലേജുകളിൽ എത്ര ഭൂമി ഇത്തരത്തിൽ ഒഴിപ്പിക്കാനുണ്ട് എന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) കൈയ്യേറ്റം ഒഴിപ്പിക്കാൻ കാലതാമസം വരുന്നതിന് കാരണം വ്യക്തമാക്കാമോ ?

<u>തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഒഴിവുള്ള തസ്തികകൾ</u>

3571. ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ വാച്ചർ, കഴകം, തളി തസ്തികകളിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത തസ്തികകളിലേക്ക് ദേവസ്വം ബോർഡിൽ നിന്നും സ്ഥിര നിയമനം അവസാനമായി നടത്തിയത് എന്നാണ്;

(സി) പ്രസ്തുത തസ്തികകളിലെ നിലവിലെ ഒഴിവുകളിൽ നിയമനത്തിനായി നിർദ്ദേശം നൽകിയിട്ടുണ്ടോ; നിയമനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

<u>തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ആശ്രിതനിയമനം</u>

3572. ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ആശ്രിതനിയമനം ലഭിക്കുന്നവരുടെ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പട്ടികയിൽ നിന്നും എത്രപേരെയാണ് ആദ്യ ഘട്ടമെന്ന നിലയിൽ നിയമനത്തിനായി പരിഗണിക്കുന്നത് ;

(സി) ആദ്യ ഘട്ടത്തിൽ പരിഗണിക്കുന്നവരുടെ എണ്ണം കണക്കാക്കിയതിന്റെ മാനദണ്ഡം

വിശദമാക്കുമോ ?

<u>കുറ്റ്യാടി ജലസേചന പദ്ധതി</u>

3573. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുറ്റ്യാടി ജലസേചന പദ്ധതിക്ക് കീഴിൽ കനാൽ നവീകരണം, കനാൽ ബണ്ട് റോഡ് പരിഷ്കരണം എന്നീ പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചതെന്നും ഓരോന്നിനും എത്ര തുക വീതം അനുവദിച്ചുവെന്നും ഓരോ പ്രവൃത്തിയുടെയും പ്രവർത്തന പുരോഗതിയും വ്യക്തമാക്കുമോ?

<u>നിലയ്ക്കൽ കുടിവെള്ള പദ്ധതി</u>

3574. ശ്രീ.രാജു എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്ക് പ്രയോജനം ചെയ്യുന്ന നിലയ്ക്കൽ കുടിവെള്ള പദ്ധതിയുടെ നിർമ്മാണം ഏതുഘട്ടം വരെയായി ; എത്ര രൂപയാണ് പദ്ധതിക്കായി ചെലവഴിക്കുന്നത് ;

(ബി) അട്ടത്തോട് കോളനി നിവാസികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുമോ ; എവിടെ നിന്നാണ് പദ്ധതിക്കായി വെള്ളം എടുക്കുന്നത് ; ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നത് എവിടെയാണ് ;

(സി) അയ്യപ്പഭക്തർക്കും ആദിവാസി കോളനിക്കും ഒരുപോലെ പ്രയോജനം ചെയ്യുന്ന പദ്ധതിയുടെ നിർമ്മാണത്തിന് തടസ്സം എന്തൊക്കെയാണ് ; തടസ്സം നീക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ; പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാവുമെന്ന് അറിയിക്കുമോ ?

<u>ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി</u>

3575. ശ്രീ.സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതിയിലൂടെ ആകെ എത്ര കുളങ്ങൾ നവീകരിച്ചിട്ടുണ്ടെന്നും പണി ആരംഭിച്ചിട്ടില്ലാത്ത എത്ര കുളങ്ങൾ ഉണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) പദ്ധതി പൂർത്തീകരണത്തിന് എന്തെങ്കിലും തടസ്സം ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

<u>ഒരു പഞ്ചായത്തിൽ ഒരു കുളം നവീകരിക്കുന്ന പദ്ധതി</u>

3576. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15, 2015-16 വർഷങ്ങളിൽ, ആറ്റിങ്ങൽ മണ്ഡലത്തിൽ ഉൾപ്പെട്ട ഏതെല്ലാം കുളങ്ങൾ നവീകരിക്കുവാനാണ് ഇറിഗേഷൻ വകുപ്പിൽ നിന്നും ഭരണാനുമതി ലഭ്യമായിട്ടുള്ളതെന്നും ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ ;

(ബി) ഒരു പഞ്ചായത്തിൽ ഒരു കുളം നവീകരിക്കുന്ന പദ്ധതി സർക്കാർ തുടരുന്നുണ്ടോ ;

(സി) ഈ പദ്ധതിയിലേയ്ക്ക് 2015-16 വർഷത്തേയ്ക്ക് ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ നിന്നും ഏതെല്ലാം കുളങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ടെന്നും നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

<u>വടകര-മാഹി കനാൽ</u>

3577. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര-മാഹി കനാലിന്റെ ഇപ്പോഴത്തെ പ്രവർത്തനപുരോഗതി വ്യക്തമാക്കുമോ;

(ബി) പദ്ധതി പ്രകാരം നിർമ്മിക്കേണ്ട പാലങ്ങൾ എവിടെയൊക്കെയെന്നും അവ നിർമ്മിക്കുന്നതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും വിശദമാക്കുമോ;

(സി) വടകര-മാഹി കനാൽ പദ്ധതി പൂർത്തിയാക്കി എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ.വി. കെ. മോഹനന്റെ അപേക്ഷ</u>

3578. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജല വകുപ്പിന്റെ എറണാകുളം ഓഫീസിൽ ജോലിയിലിരിക്കെ മരണമടഞ്ഞ ശ്രീ. അജികുമാറിന്റെ മരണാനന്തര ആനുകൂല്യങ്ങൾ അനുവദിച്ചു കിട്ടുന്നതിനും ആശ്രിതയായ സഹോദരിക്ക് ജോലി ലഭിക്കുന്നതിനുമായി പിതാവ് ശ്രീ.വി. കെ. മോഹനൻ, വലിയപറമ്പിൽ, അതിരപ്പിള്ളി സമർപ്പിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിയ്ക്കുമോ ?

<u>പമ്പാ ആക്ഷൻ പ്ലാൻ</u>

3579. ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.രാജു എബ്രഹാം

,, സി.കെ സദാശിവൻ

,, എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാ ആക്ഷൻ പ്ലാനിന്റെ വിശദാംശങ്ങൾ നൽകാമോ ; പദ്ധതിയിൽ കേന്ദ്ര-സംസ്ഥാന വിഹിതം എത്ര വീതമാണ് ;

(ബി) ഒന്നാം ഘട്ടത്തിൽ എന്തെല്ലാം പ്രവർത്തികളാണ് ഉദ്ദേശിച്ചിരുന്നതെന്നും അവയുടെ നിലവിലെ സ്ഥിതിയെന്താണെന്നും വിശദമാക്കാമോ ;

(സി) രണ്ടാം ഘട്ടത്തിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്നും അതിനായി ഇതുവരെ ചെയ്ത കാര്യങ്ങൾ എന്തെല്ലാമെന്നും അറിയിക്കുമോ ?

<u>പമ്പാ ആക്ഷൻ പ്ലാൻ</u>

3580. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാ ആക്ഷൻ പ്ലാൻ നടപ്പാക്കാൻ തീരുമാനമെടുത്തത് എന്നാണ് ; ഇതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര രൂപയാണെന്ന് പറയാമോ; എന്തെല്ലാം പദ്ധതികളാണ് പമ്പാ ആക്ഷൻ പ്ലാനിലൂടെ വിഭാവനം ചെയ്തിരിയ്ക്കുന്നത്;

(ബി) ആദ്യ ഘട്ടത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയത് ; ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്നും ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തികരിക്കാനുള്ളതെന്നും അറിയിക്കുമോ; കാലതാമസം വന്നതിന് കാരണം വ്യക്തമാക്കാമോ; നിശ്ചയിച്ച ഏതെങ്കിലും പ്രവൃത്തികൾ ഇനി ആരംഭിക്കാനുണ്ടോ; എങ്കിൽ ഏതെല്ലാം ; ഇവയുടെ നിർമ്മാണം എന്നാരംഭിക്കുമെന്ന് അറിയിക്കുമോ ;

(സി) ആദ്യഘട്ടം അനുവദിച്ച തുകയിൽ എന്തെങ്കിലും ബാക്കി നിൽപ്പുണ്ടോ;എങ്കിൽ എത്രരൂപയാണ്;

(ഡി) അടുത്ത ഘട്ടത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് വിഭാവനം ചെയ്തിരിക്കുന്നത്; ഇതിന്റെ പദ്ധതികൾ എന്നാരംഭിക്കും; എത്ര തുകയാണ് ഇതിനായി നീക്കിവച്ചിരിക്കുന്നത്;

(ഇ) പമ്പാ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടിരിക്കുന്ന പഞ്ചായത്തുകൾ ഏതെല്ലാം; എന്തെല്ലാം പ്രവൃത്തികളാണ് ഇവിടെ നടത്താൻ പോകുന്നത് എന്ന് പഞ്ചായത്തു തിരിച്ച് വ്യക്തമാക്കാമോ?

<u>കടൽ-കായൽ ജല ശുദ്ധീകരണ ശാലകൾ</u>

3581. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, വി.റ്റി.ബൽറാം

,, ടി.എൻ. പ്രതാപൻ

,, വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റി കടൽ-കായൽ ജല ശുദ്ധീകരണ ശാലകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിന് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) കുടിവെള്ളക്ഷാമം പരിഹരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

## ചെക്ക് ഡാമുകളുടെ നിർമ്മാണം

3582. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ വിവിധ നിയോജകമണ്ഡലങ്ങളിൽ ചെക്ക് ഡാമുകൾ പണിയുവാൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെ; ഇതിന്റെ ചെലവ് എത്ര; ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ഇതിൽ പണി പൂർത്തീകരിച്ച ചെക്ക് ഡാമുകൾ ഏതൊക്കെ;

(സി) ഇപ്പോൾ പണി നടക്കുന്ന ചെക്ക് ഡാമുകൾ ഏതൊക്കെയെന്നും പേരു സഹിതം വിവരിക്കുമോ;

(ഡി) ചെക്ക് ഡാമുകളുടെ പണിയ്ക്കായി 2011 മുതൽ സർക്കാർ അനുവദിച്ച തുകയുടെ വിശദാംശം ഓരോ കൊല്ലവും എത്രവീതമെന്ന് വിവരിക്കുമോ;

(ഇ) ഏറ്റവും കൂടുതൽ ചെക്ക് ഡാം ഉള്ള ജില്ല ഏതാണ്?

## ജലസേചന വകുപ്പിൽ ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസികൾ പി. എസ്. സി. - ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

3583. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിൽ നിന്നും അതത് ജില്ലകൾക്ക് ലഭിക്കാനുള്ള ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസികൾ സമയബന്ധിതമായി പി. എസ്. സി. - ക്ക് റിപ്പോർട്ട് ചെയ്യാൻ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ ;

(ബി) പ്രസ്തുത ഇനത്തിൽ എത്ര വേക്കൻസികൾ ഇനിയും പി. എസ്. സി. ക്ക് നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ ?

## ജലനിധി രണ്ടാംഘട്ടം

3584. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, അൻവർ സാദത്ത്

,, പി.എ.മാധവൻ

,, ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി രണ്ടാംഘട്ട പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം തരത്തിലുള്ള ധനസഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി പ്രയോജനപ്പെടുത്തുന്നത്;വിശദമാക്കുമോ;

(ഡി) പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

## ജലവിഭവ വകുപ്പിന്റെ വാർഷിക പദ്ധതികൾ

3585. ശ്രീ.മാത്യു റ്റി.തോമസ്
ശ്രീമതി.ജമീലാ പ്രകാശം
ശ്രീ.ജോസ് തെറ്റയിൽ
**,,** സി.കെ.നാണു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ ഇത്തവണത്തെ വാർഷിക പദ്ധതികൾ ഏവ; അതിൽ കേന്ദ്രവിഹിതം എത്ര;സംസ്ഥാന വിഹിതം എത്ര;

(ബി) സംസ്ഥാന വിഹിതത്തിന് വേണ്ടി എത്ര രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്;

(സി) പാലക്കാട് ജില്ലയിൽ എന്തെല്ലാം പദ്ധതികളാണ് ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നത്;ഇതിനായി നീക്കിവച്ച തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഉപയോഗശൂന്യമായ സ്ഥലങ്ങൾ

3586. ശ്രീ.കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ കീഴിൽ ഉപയോഗശൂന്യമായ എത്ര ഏക്കർ സ്ഥലമാണുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമി മറ്റ് വകുപ്പുകൾക്കോ സ്ഥാപനങ്ങൾക്കോ ലീസിന് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ജലവിഭവ വകുപ്പിന്റെ കൈവശമുള്ള സ്ഥലം ഏതൊക്കെ വകുപ്പുകൾക്ക്, ഏതൊക്കെ സ്ഥാപനങ്ങൾക്ക് ,ഏതൊക്കെ ജില്ലകളിൽ ലീസിന് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## തവനൂർ മണ്ഡലത്തിലേക്ക് കുടിവെള്ള പദ്ധതി

3587. ഡോ.കെ.ടി.ജലീൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷത്തിൽ വരൾച്ചാ ദുരിതാശ്വാസ നിധിയിൽ നിന്നും തവനൂർ മണ്ഡലത്തിലേക്കുള്ള കുടിവെള്ള പദ്ധതികൾക്കുവേണ്ടി തുക അനുവദിച്ചിരുന്നോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികൾക്ക് എത്ര തുക വീതമായിരുന്നു അനുവദിച്ചിരുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പ്രവർത്തികളാണ് പൂർത്തിയായതെന്നും ഇനി ഏതെല്ലാം പദ്ധതികളാണ് പൂർത്തിയാക്കാനുള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയാക്കാനുള്ള പദ്ധതികൾ എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ പ്രവൃത്തികൾ</u>

3588. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ജലവിഭവ വകുപ്പിനു കീഴിൽ ഏതെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിക്കും എന്തു തുക നീക്കിവെച്ചെന്നും ഓരോ പ്രവൃത്തികളും ഏതു ഘട്ടത്തിലാണെന്നും വിശദമാക്കാമോ ?

<u>തുറവൂർ പബ്ലിക് ഹെൽപ്പ്സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം</u>

3589. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ തുറവൂർ ആസ്ഥാനമാക്കി 2015 മെയ് 15-ാം തീയതി മുതൽ പ്രവർത്തനമാരംഭിച്ച തുറവൂർ പബ്ലിക് ഹെൽപ്പ് സെക്ഷൻ ഓഫീസിൽ വെള്ളക്കരം സ്വീകരിക്കുവാൻ സൗകര്യമില്ലാത്തതുമൂലം ജനങ്ങൾക്കുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) അടിയന്തരമായി ഓഫീസ് കമ്പ്യൂട്ടർവത്ക്കരിച്ച് വെള്ളക്കരം സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>കുണിയൻ പുഴയിൽ നിന്നുള്ള ഉപ്പ് വെള്ളം തടയാൻ നടപടി</u>

3590. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ അതിർത്തിയായ കുണിയൻ പുഴയിൽ നിന്നും വ്യാപകമായി ഉപ്പ് വെള്ളം കയറി ഏക്കർ കണക്കിന് നെൽകൃഷി നശിക്കുന്നതു തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ ?

<u>വാട്ടർ അതോറിറ്റി ബിൽ കുടിശ്ശിക</u>

3591. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിക്ക് 01.04.2011 ലെ കണക്കനുസരിച്ച് ഗാർഹിക, ഗാർഹികേതര, വ്യാവസായിക, സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, പൊതു ടാപ്പ്, പഞ്ചായത്ത്, വാട്ടർ കണക്ഷൻ ഉപയോഗത്തിനു വെള്ളക്കരം, ഫൈൻ, പിഴപ്പലിശ ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുക എത്ര; ഈ തുക 01.04.2012, 01.04.2013, 01.04.2014, 01.04.2015 ൽ എത്രയായിരുന്നു; വ്യക്തമാക്കുമോ;

(ബി) ഈ തുക പിരിച്ചെടുക്കാൻ എന്തു നടപടികൾ സ്വീകരിച്ചു; ഏതെല്ലാം സ്ഥാപനങ്ങൾ നാളിതുവരെ കുടിശ്ശിക അടച്ചിട്ടില്ല;

(സി) വാട്ടർ അതോറിറ്റിക്ക് 01.04.2011 മുതൽ 01.04.2012 വരെയും 01.04.2012 മുതൽ 01.04.2013 വരെയും 01.04.2013 മുതൽ 01.04.2014 വരെയും 01.04.2014 മുതൽ 01.04.2015 വരെയും പിരിഞ്ഞു കിട്ടിയ തുക എത്ര; വ്യക്തമാക്കുമോ;?

## പേരാമ്പ്ര മണ്ഡലത്തിലെ പ്രവൃത്തികൾ

3592. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചെറുകിട ജലസേചന പദ്ധതിയിൽ ഉൾപ്പെടുത്തി പേരാമ്പ്ര മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര തുക അനുവദിച്ചു എന്നും ഓരോന്നിന്റെയും പ്രവർത്തന പുരോഗതിയും അറിയിക്കുമോ ?

## ചേർത്തല തീരമേഖലയിലെ കടലാക്രമണം

3593. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തലയുടെ തീരമേഖലകളായ അർത്തുങ്കൽ, ആയിരംതൈ, ചേന്നവേലി, തൈക്കൽ ഭാഗങ്ങളിൽ കഴിഞ്ഞ കുറച്ചു വർഷങ്ങളായി കൂടുതൽ രൂക്ഷമായ തരത്തിലുണ്ടാകുന്ന കടലാക്രമണത്തിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ,വ്യക്തമാക്കുമോ;

(ബി) ചേർത്തലയുടെ തീരമേഖലകളിലുണ്ടാകുന്ന രൂക്ഷമായ കടലാക്രമണങ്ങൾക്ക് നിലവിൽ ഈ മേഖലകളിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള പുലിമുട്ടുകളുടെ പോരായ്മകളാണോ കാരണം എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇപ്രകാരം പോരായ്മകൾ ഉണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെങ്കിൽ അത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

## തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

3594. **പ്രൊഫ. സി.രവീന്ദ്രനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവർത്തനംആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ;വിശദമാക്കാമോ;

(സി) തടസ്സം നീക്കി പദ്ധതി പ്രവർത്തനം എന്ന് ആരംഭിക്കും എന്ന് വിശദമാക്കാമോ?

കുറ്റ്യാടി ഇറിഗേഷൻ കനാൽ റോഡ്

3595. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ കനാലിന്റെ വട്ടോളി മുതൽ റോഡ് നിർമ്മാണത്തിന് ആസ്തിവികസന ഫണ്ടിൽ നിന്നും ലഭ്യമായ തുക വിനിയോഗിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ പ്രസ്തുത റോഡുപദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും വ്യക്തമാക്കുമോ;

(ബി) റോഡ് നിർമ്മാണ പദ്ധതി എപ്പോൾ ടെണ്ടർ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഓടൻച്ചിറ റഗുലേറ്റർ കം ബ്രിഡ്ജ്

3596. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ ഓടൻച്ചിറ റഗുലേറ്റർ കം ബ്രിഡ്ജിന്റെ അപ് സ്ട്രീമിൽ കളിമണ്ണ് നിറഞ്ഞ് സ്റ്റോറേജ് കപ്പാസിറ്റി കുറഞ്ഞിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇത് നീക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

എടവനക്കാട്, നായരമ്പലം എന്നിവിടങ്ങളിൽ പുലിമുട്ടുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി

3597. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരൂക്ഷമായ കടലാക്രമണം നേരിടുന്ന എടവനക്കാട്, നായരമ്പലം എന്നിവിടങ്ങളിൽ പുലിമുട്ടുകൾ സ്ഥാപിക്കണമെന്ന് ചെന്നൈ ഐ. ഐ. ടി. യിലെ വിദഗ്ദ്ധർ സർക്കാരിനോട് ശിപാർശ ചെയ്തിരുന്നുവോയെന്ന് വ്യക്തമാക്കാമോ ;ശിപാർശ പ്രകാരം നായരമ്പലം, എടവനക്കാട് എന്നിവിടങ്ങളിൽ എത്ര പുലിമുട്ടുകളാണ് നിർദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പുലിമുട്ടുകളിൽ എത്ര എണ്ണം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പ്രദേശങ്ങളിൽ കടലാക്രമണം മൂലം ജനജീവിതം അപകടത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ചെന്നൈ ഐ. ഐ. ടി. യിലെ വിദഗ്ദർ സമർപ്പിച്ച റിപ്പോർട്ടിൽ കടലാക്രമണം

തടയുന്നതിനുള്ള ശാശ്വതമായ പരിഹാരം പുലിമുട്ട് സ്ഥാപിക്കുകയാണെന്ന് പ്രസ്താവിച്ചിട്ടുണ്ടോ ;

(ഇ) അതിരൂക്ഷമായ കടലാക്രമണ സാഹചര്യം കണക്കിലെടുത്ത് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ ജലസ്രോതസ്സുകളുടെ സംരക്ഷണം

3598. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസ്രോതസ്സുകളെ പ്രകൃതിദത്തമായ രീതിയിൽ സംരക്ഷിച്ചു നിർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ പ്രധാന കുളങ്ങളായ ബളാൽ പഞ്ചായത്തിലെ വലിയ പുഞ്ച, കള്ളാർ പഞ്ചായത്തിലെ ചേറ്റ്ക്കല്ല് പൊതുകുളം, മടിക്കൈ പഞ്ചായത്തിലെ കണ്ണോത്ത് വയൽ ചുള്ളിമൂലക്കുളം, കോടോം ബേളൂർ പഞ്ചായത്തിലെ എരുമക്കുളം, അജാനൂർ പഞ്ചായത്തിലെ ചോരിവയൽക്കുളം, കിനാനൂർ കരിന്തളം പഞ്ചായത്തിലെ ചെറുവ എന്നിവ നവീകരിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തിരമായും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

3599. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കോടശ്ശേരി പഞ്ചായത്തിലെ പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ മേജർ ഇറിഗേഷൻ പദ്ധതികൾ

3600. **ശ്രീ.പി.സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മേജർ ഇറിഗേഷൻ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതും പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ ഏതൊക്കെയാണ് ; അവയുടെ സാമ്പത്തികവർഷം തിരിച്ച് , പ്രവൃത്തികളുടെ ഭരണാനുമതികളുടെ ഉത്തരവ് സഹിതം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയെന്ത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതികൾ മൂലം സർക്കാരിനും പൊതുജനങ്ങൾക്കും ലഭിച്ചിട്ടുള്ളതും, ലഭിക്കേണ്ടതും ലഭിക്കുന്നതുമായ പ്രയോജനങ്ങൾ എന്ത് എന്ന് വ്യക്തമാക്കുമോ?

## ചെങ്ങന്നൂർ മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ

3601. ശ്രീ.പി.സി വിഷ്ണുനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇറിഗേഷൻ വകുപ്പിലെ വിവിധ പദ്ധതികളിൽപ്പെടുത്തി ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ സാമ്പത്തിക വർഷം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികളിലൂടെ സർക്കാരിനും പൊതുജനങ്ങൾക്കും കർഷകർക്കും എന്ത് പ്രയോജനം ലഭിച്ചിട്ടുണ്ട് അല്ലെങ്കിൽ ലഭിക്കും എന്ന് വ്യക്തമാക്കുമോ?

## ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ

3602. ശ്രീ.പി.സി വിഷ്ണുനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്ന് അവയുടെ ഉത്തരവുകൾ സഹിതം സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തി എന്തൊക്കെ നിർമ്മാണ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കും എന്നാണ് വകുപ്പിന്റെ വിലയിരുത്തൽ എന്ന് വ്യക്തമാക്കുമോ?

## തൂതപ്പുഴയിൽ തടയണ നിർമ്മാണം

3603. ശ്രീ.സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ തൂതപ്പുഴയിലുള്ള തിരുവേഗപ്പുറ പാറക്കടവിൽ തടയണ നിർമ്മിക്കുവാനുള്ള നടപടി ഏതുഘട്ടത്തിലായെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയെക്കുറിച്ച് പഠനം നടത്തുന്നതിന് എത്ര തുകയാണ് മാറ്റിവെച്ചിട്ടുള്ളത് ;

(സി) പദ്ധതി നടത്തിപ്പിന് എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ ; എങ്കിൽ അടങ്കൽ തുക എത്രയോണന്ന് വ്യക്തമാക്കുമോ ?

## കുട്ടനാട്ടിലെ ബോട്ട് ജെട്ടികൾ

3604. ശ്രീ.തോമസ് ചാണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ അപകടാവസ്ഥയിൽ ഇരിക്കുന്ന തടി ബോട്ട് ജെട്ടികളിൽ നിന്ന് ആളുകൾ വീഴുന്നതും അപകടങ്ങൾ സംഭവിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർഷങ്ങളായി ആവശ്യപ്പെടുന്ന പുത്തൻകായൽ ജെട്ടി, ചേന്നാംകരി അക്ഷരജെട്ടി, റ്റി.ആർ.റ്റി ബേഴ്സ് ജെട്ടി, ചാവറ ഭവൻ ജെട്ടി എന്നിവ കോൺക്രീറ്റ് ജെട്ടി ആയി നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

<u>കടലാക്രമണത്തെ ചെറുക്കാൻ നടപടി</u>

3605. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ കടലാക്രമണത്തെ അടിയന്തിരമായി ചെറുക്കുന്നതിന് കരിങ്കല്ല് ഇറക്കിയ ഇനത്തിൽ എത്ര രൂപ ചെലവായി എന്നു വ്യക്തമാക്കാമോ ; ഇതിന്റെ കണക്ക് ജില്ലതിരിച്ച് ലഭ്യമാക്കാമോ ;

(ബി) ചേർത്തല മണ്ഡലത്തിന്റെ തീരമേഖലകളിൽ കടലാക്രമണം ചെറുക്കുന്നതിന് എത്ര ലോഡ് കരിങ്കല്ലുകൾ വേണമെന്നാണ് മുൻ വർഷങ്ങളിൽ ഇറിഗേഷൻ എൻജിനിയറിംഗ് വിഭാഗം പറഞ്ഞിരുന്നതെന്ന് വ്യക്തമാക്കാമോ ; അതുപ്രകാരമുള്ള കരിങ്കല്ലുകൾ ചേർത്തലയുടെ തീരമേഖലകളിൽ ഇറക്കിയിരുന്നോ എന്നു വ്യക്തമാക്കാമോ ;

(സി) ആ ഇനത്തിൽ എത്ര രൂപയാണ് ചെലവായതെന്നും എത്ര ലോഡുകൾ ഇറക്കിയെന്നും പറയാമോ ; കല്ലിറക്കിയ ഇനത്തിൽ കോൺട്രാക്ടർമാർക്ക് നൽകാനുള്ള തുക പൂർണ്ണമായും നൽകി കഴിഞ്ഞോ ;

(ഡി) കടലാക്രമണം ചെറുക്കുന്നതിന് കടൽ ഭിത്തി പോലുള്ള ശാശ്വതസംവിധാനങ്ങൾ ഒരുക്കാതെ താല്ക്കാലിക സ്വഭാവത്തിൽ കല്ലിറക്കി മണ്ണിൽ താഴ്ത്തിക്കളയുന്ന സമ്പ്രദായം ശാസ്ത്രീയമാണോ എന്നു പരിശോധിച്ചിട്ടുണ്ടോ ; എല്ലാ വർഷവും ഇപ്രകാരം അടിയന്തര ജോലികളെന്ന പേരിൽ കല്ലിറക്കുന്ന നടപടികൊണ്ട് എത്രമാത്രം പ്രയോജനം ജനങ്ങൾക്കുണ്ടാകുന്നുവെന്നും എത്രമാത്രം സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുവെന്നും പരിശോധിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ</u>

3606. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജലവിഭവ വകുപ്പ് മുഖേന കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണ്; ഭരണാനുമതി ലഭിച്ചിട്ടും നടപ്പിലാക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ ഏതൊക്കെയാണ് ; വിശദാംശം നൽകുമോ ?

<u>മുല്ലപ്പെരിയാർ അണക്കെട്ടിനെ സംബന്ധിച്ച് തമിഴ്നാട് നൽകിയ സത്യവാങ്മൂലം</u>

3607. ശ്രീ.എം.വി.ശ്രേയാംസ് കുമാർ

,, റോഷി അഗസ്റ്റിൻ

ഡോ.എൻ. ജയരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന് ഭീകരസംഘടനകളുടെ ഭീഷണിയുണ്ടെന്ന ഇന്റലിജൻസ് റിപ്പോർട്ട് തമിഴ്നാട് സർക്കാർ സുപ്രീംകോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാന സർക്കാരിന് പ്രസ്തുത ഇന്റലിജൻസ് റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(സി) ഉണ്ടെങ്കിൽ ആയതിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>മുല്ലപ്പെരിയാർ അണക്കെട്ടിനുള്ള തീവ്രവാദി ഭീഷണി</u>

3608. ശ്രീ.പി.സി. ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ അണകെട്ട് നിർമ്മിയ്ക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികളും നിലവിലെ സ്ഥിതിയും വിശദമാക്കുമോ;

(ബി) മുല്ലപ്പെരിയാറിന് തീവ്രവാദി ഭീഷണിയുണ്ടെന്ന് കാണിച്ച് തമിഴ്നാട് സർക്കാർ ഇന്റലിജൻസ് ബ്യൂറോയുടെ റിപ്പോർട്ട് സുപ്രീം കേടതിയിൽ സമർപ്പിച്ചിട്ടുള്ളതിനെപ്പറ്റി വിലയിരുത്തിയിട്ടുണ്ടോ;എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട്</u>

3609. ശ്രീ.കെ.കെ.നാരായണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) അണക്കെട്ട് നിർമ്മിക്കുന്നതിന് പരിസ്ഥിതി പഠനം നടത്തുന്നതിനായി കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അനുമതിയ്ക്കായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

<u>ചാലക്കുടിപ്പുഴയിൽ സ്റ്റോറേജ് ഡാം</u>

3610. ശ്രീ.ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിപ്പുഴയിൽ തുമ്പൂർമുഴിക്കു മുകളിൽ സ്റ്റോറേജ് ഡാം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇതിനായുള്ള പരിശോധനാ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്റ്റോറേജ് ഡാമിന്റെ നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

അമ്പലപ്പുഴയിലെ ട്യൂബ് വെല്ലുകളുടെ പ്രവർത്തനം

3611. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള എത്ര ട്യൂബ് വെല്ലുകൾ പ്രവർത്തനം നിലച്ചതായിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(ബി) കേടായ ട്യൂബ് വെല്ലുകൾക്ക് പകരം പുതിയവ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ട്യൂബ് വെല്ലുകൾ കേടായതുമൂലം ശുദ്ധജലവിതരണം നിലച്ച പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(ഡി) ട്യൂബ് വെല്ലുകൾ കേടായതിനാൽ ലക്ഷങ്ങൾ മുടക്കി പ്രവർത്തനക്ഷമമാക്കിയ ആർ.ഒ. പ്ലാന്റുകൾ ഉപയോഗശൂന്യമായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു പരിഹരിക്കാൻ എന്ത് അടിയന്തിര നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

അരുവിക്കരയിലെ കുടിവെള്ള ബോട്ടലിംഗ് പ്ലാന്റ്

3612. ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.എം.ചന്ദ്രൻ

,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങൾക്ക് കുറഞ്ഞനിരക്കിൽ ഗുണനിലവാരമുള്ള കുപ്പിവെള്ളം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ മുൻസർക്കാർ പ്രഖ്യാപിച്ച അരുവിക്കരയിലെ കുടിവെള്ള ബോട്ടിലിംഗ് പ്ലാന്റിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) ഈ പദ്ധതി ഉപേക്ഷിച്ചോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഒരു വർഷം ഉദ്ദേശം 1000 കോടി രൂപയുടെ വിപണനം നടക്കുന്ന കുപ്പിവെള്ള മേഖലയിൽ സ്വകാര്യ ബോട്ടലിംഗ് പ്ലാന്റുകളുടെ സമ്മർദ്ദത്തിനു വഴങ്ങാതെ കുടിവെള്ള ബോട്ടലിംഗ് പ്ലാന്റുകൾ ആരംഭിച്ച് ജനതാൽപര്യം സംരക്ഷിക്കാൻ നടപടി സ്വീകരിയ്ക്കുമോ; എങ്കിൽ വ്യക്തമാക്കുമോ ?

ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ സ്വാൻ പദ്ധതി

3613. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാൻ പദ്ധതിയിലൂടെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെയും സമീപ പഞ്ചായത്തുകളിലെയും ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്ന എല്ലാ പ്രവൃത്തികളും എന്നാണ് പൂർത്തീകരിച്ചത് ;

(ബി) പ്രസ്തുത പദ്ധതിയിൽനിന്നും എത്ര ഹൗസ് കണക്ഷനുകൾ നൽകുകയുണ്ടായി ; വിശദാംശം ലഭ്യമാക്കാമോ ;

(സി) സ്പാൻ പദ്ധതി പ്രകാരം എത്ര രൂപ ചെലവഴിച്ചാണ് ശ്രീകൃഷ്ണപുരം ശുദ്ധജലവിതരണ പദ്ധതി പൂർത്തീകരിച്ചത് ; വിശദാംശം ലഭ്യമാക്കാമോ ?

<u>പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതി</u>

3614. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം, തേങ്കുറിശ്ശി, കണ്ണാടി പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം പ്രവൃത്തികളാണ് ഇതുവരെ പൂർത്തിയായിട്ടുള്ളത്;

(സി) പദ്ധതിയുടെ നിർമ്മാണത്തിൽ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ഡി) കുടിവെള്ള പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ജല അതോറിറ്റിയുടെ പദ്ധതികൾ</u>

3615. ശ്രീ.ബെന്നി ബെഹനാൻ

,, എ.റ്റി.ജോർജ്

,, അൻവർ സാദത്ത്

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

(ബി) പദ്ധതികളുടെ വിതരണശേഷി വർദ്ധിപ്പിക്കുവാനും കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമായി മോണിറ്റർ ചെയ്യാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്നറിയിക്കുമോ ?

<u>ഒരു പഞ്ചായത്തിൽ ഒരു കുളം</u>

3616. ശ്രീ.സി.പി.മുഹമ്മദ്

,, തേറമ്പിൽ രാമകൃഷ്ണൻ

,, സണ്ണി ജോസഫ്

,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിനടത്തിപ്പിനായി എന്തെല്ലാം തരത്തിലുള്ള ധനസഹായങ്ങളാണ് പ്രയോജനപ്പെടുത്തുന്നത് ;

ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ

3617. ശ്രീ.പി.ഉബൈദുള്ള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് നടപ്പാക്കുന്ന വിവിധ കുടിവെള്ള പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ ;

(ബി) ധനകാര്യവകുപ്പിൽ നിന്നും പ്രസ്തുത പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഭരണാനുമതി നൽകുവാനുള്ള കാലതാമസം ഒഴിവാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

ആലപ്പുഴ കുട്ടനാട് താലൂക്കിലെ കുടിവെള്ളക്ഷാമം

3618. ശ്രീ.സി.കെ സദാശിവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ കൈനകരി പഞ്ചായത്തിൽ കോലത്ത് ജെട്ടി (സൗത്ത്) മുതൽ കുട്ടമംഗലം ഷെൽ സൊസൈറ്റി വരെ കുടിവെള്ളക്ഷാമം നേരിടുന്നതുമായി ബന്ധപ്പെട്ട പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രദേശത്ത് പി. ഡബ്ള്യൂ. ഡി. റോഡിലൂടെ പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിയ്ക്കുമോ?

ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണവും ശുദ്ധജല വിതരണവും

3619. ശ്രീ. എൻ .എ.നെല്ലിക്കുന്ന് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്ത് ഉപ്പുവെള്ളം കുടിക്കേണ്ടിവരുന്ന ദുരവസ്ഥയിൽ നിന്നും കാസർഗോഡിനെ മോചിപ്പിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം ഏത് ഉദ്ദേശ്യത്തോടെ എപ്പോഴാണ് തുടങ്ങിയത്; ഇപ്പോൾ പ്രവൃത്തി തുടരുന്നുണ്ടോ; എങ്കിൽ എപ്പോൾ പൂർത്തീകരിക്കും; ഇല്ലെങ്കിൽ പ്രവൃത്തി സ്തംഭനാവസ്ഥയിലാകാനുള്ള കാരണമെന്താണ്;

(സി) അടുത്ത വേനൽ കാലത്ത് ശുദ്ധജലം ലഭിക്കുന്നത് ഉറപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കുടിവെള്ള പദ്ധതികൾ

3620. ശ്രീ.സി.എഫ്.തോമസ്

,, മോൻസ് ജോസഫ്

,, റ്റി.യു. കുരുവിള

,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ മാതൃകയിൽ സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും സുലഭവും ശുദ്ധവുമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ ;

<u>ചേർത്തല ജപ്പാൻ കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടവിപുലീകരണം</u>

3621. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല ജപ്പാൻ കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടവിപുലീകരണ പ്രവൃത്തിയുടെ ഭാഗമായി നബാർഡ് സഹായത്താൽ 60 കോടി രൂപയുടെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കാതിരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ;വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എന്തെന്ന് വിശദമാക്കാമോ; മുൻപരിചയവും സാങ്കേതിക തികവുമുള്ള സ്ഥിരം ജീവനക്കാരെ ഈ പദ്ധതിയുടെ നിർവ്വഹണത്തിനായി പൂർത്തീകരണം വരെ നിയോഗിക്കുന്നതിനും അപാകതകൾ ഉണ്ടാകുന്ന പക്ഷം അവ ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിശ്ചയിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

<u>പുത്തൂർ കുടിവെള്ള പദ്ധതി</u>

3622. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിയും സങ്കേതികാനുമതിയും ലഭിച്ച പയ്യന്നൂർ നിയോജക മണ്ഡലത്തിലെ "പുത്തൂർ കുടിവെള്ള പദ്ധതിയുടെ" നിർമ്മാണ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

<u>കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി</u>

3623. ശ്രീ.തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ 70 കോടി രൂപ അനുവദിച്ച് നീരേറ്റുപുറം കുടിവെള്ള പ്ലാന്റിൽ നിന്നും കുട്ടനാട്ടിലെ വിവിധ ഒ എച്ച് ടാങ്കിലേക്കുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി എത്രത്തോളം പൂർത്തീകരിച്ചുവെന്നും ഇനി എവിടെയൊക്കെ പൈപ്പ് ലൈൻ

സ്ഥാപിക്കാനുണ്ടെന്നും വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കാവാലത്തും തകഴിയിലും ഒ എച്ച് ടാങ്കുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ചെറിയ വിതരണ ലൈനുകൾ സ്ഥാപിക്കുന്നതിന് എം എൽ എ സമർപ്പിച്ചിരുന്ന അപേക്ഷയിൽ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

<u>കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നബാർഡ് സഹായത്തോടെ നടപ്പാക്കുന്ന പദ്ധതി</u>

3624. ശ്രീ.എം.വി.ശ്രേയാംസ് കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നബാർഡ് സഹായത്തോടെ നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രധാന ഘടകങ്ങൾ എന്തെല്ലാമെന്നും അവ ഏതു ഘട്ടംവരെയായി എന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ

<u>പ്ലാന്റുകൾ</u>

3625. ശ്രീ.സി.ദിവാകരൻ

ശ്രീമതി.ഇ.എസ്.ബിജിമോൾ

ശ്രീ.ചിറ്റയം ഗോപകുമാർ

,, മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള വാട്ടർ അതോറിട്ടിയുടെ കീഴിൽ ഡ്രിങ്കിംഗ് വാട്ടർ ബോട്ടിലിംഗ് പ്ലാന്റുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം;

(ബി) ഈ പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത് എന്നു മുതലാണ്; ഈ പ്ലാന്റുകളിൽ നിന്നും ഉല്പാദനം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഉല്പാദനം ആരംഭിക്കാൻ കഴിയാതെ പോയതെന്ന് വ്യക്തമാക്കുമോ;

(സി) പൊതു മാർക്കറ്റിൽ കുടിവെള്ളം ലിറ്ററിന് എത്ര രൂപ വിലയുണ്ട്; എത്ര രൂപ നിരക്കിൽ കുടിവെള്ളം നൽകുന്നതിനാണ് വാട്ടർ അതോറിറ്റി തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

<u>ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ</u>

3626. ശ്രീ.പി.സി വിഷ്ണുനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള ശുദ്ധജല വിതരണ പദ്ധതികൾ ഏതൊക്കെയാണ് ; ഉത്തരവുകൾ

സഹിതം വ്യക്തമാക്കുമോ ;

(ബി) ശുദ്ധജല ക്ഷാമം പരിഹരിക്കുവാൻ മണ്ഡലത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കുമോ ;

(സി) ശുദ്ധജല ക്ഷാമം പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

<u>കോഴിക്കോട് ജില്ലയിൽ കുടിവെള്ളത്തിൽ ഇരുമ്പിന്റെ അംശം</u>

3627. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം വിതരണം നടത്തുന്ന കുടിവെള്ളത്തിൽ ഇരുമ്പിന്റെ അംശം അനുവദനീയമായ അളവിലും കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് ഏതെങ്കിലും സർക്കാർ ഏജൻസി പഠനം നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പരിശോധനയിൽ എന്തെല്ലാം കണ്ടെത്തലുകളാണ് ഉള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) അനുവദനീയ അളവിൽ കൂടുതൽ ഇരുമ്പ് കലർന്ന വെള്ളം ഉപയോഗിക്കുന്നത് ആരോഗ്യത്തിന് ഹാനികരമാണന്നതിനാൽ ഇതു തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

<u>അർബൻ ഇൻഫ്രാസ്ട്രക്ച്ചർ ഡവലെപ്മെന്റ് സ്കീം ഫോർ സ്മാൾ **&** മീഡിയം ടൌൺസ് **(UIDSSMT)**</u>

3628. ശ്രീ.എം. ഹംസ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിവാസികളുടെ കുടിവെള്ള വിതരണ പദ്ധതിയായ അർബൻ ഇൻഫ്രാസ്ട്രക്ച്ചർ ഡവലെപ്മെന്റ് സ്കീം ഫോർ സ്മാൾ & മീഡിയം ടൌൺസ് (UIDSSMT) -ന്റെ കാലിക സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഏതെല്ലാം ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനം ആണ് പൂർത്തിയായത്;

(സി) പ്രധാന പമ്പ് ഹൗസിലേക്കുള്ള വൈദ്യുത കണക്ഷൻ ലഭ്യമാക്കിയോ; വിശദാംശം നൽകാമോ;

(ഡി) ഈ പദ്ധതിയിൽ നിന്നും ഒറ്റപ്പാലം നിവാസികൾക്ക് എന്ന് കുടിവെള്ളം ലഭ്യമായി തുടങ്ങും എന്ന് വ്യക്തമാക്കാമോ?

<u>ദേശീയ ജലപാത</u>

3629. ശ്രീ.ബെന്നി ബെഹനാൻ

,, കെ.മുരളീധരൻ

,, സണ്ണി ജോസഫ്

,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളെ ദേശീയ ജലപാതയുടെ ഭാഗമാക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എത്ര നദികളെയാണ് ദേശീയ ജലപാതയുടെ ഭാഗമാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) നിലവിൽ ഏതെങ്കിലും നദികളെ ദേശീയ ജലപാതയുടെ ഭാഗമാക്കിയിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം;

(ഡി) നദികളെ ദേശീയ ജലപാതയുടെ ഭാഗമാക്കുന്നത് മൂലം സംസ്ഥാനത്തിന് എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടാകുന്നത്?

<u>ദേശീയ- ഉൾനാടൻ ജലപാതകളുടെ വികസനം</u>

T 3630. ശ്രീ. എൻ .എ.നെല്ലിക്കുന്ന്

,, റ്റി.എ.അഹമ്മദ് കബീർ

,, കെ.എൻ.എ.ഖാദർ

,, പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് അനുമതി നൽകി കഴിഞ്ഞ സാഹചര്യത്തിൽ തദ്ദേശീയ ചരക്കുഗതാഗതത്തിന് ഏറ്റവും ഉപയോഗപ്രദമായ ഉൾനാടൻ ജലപാതാവികസനക്കാര്യത്തിൽ അടിയന്തര ശ്രദ്ധ ഉണ്ടാകുമോ ;

(ബി) കോവളം - കൊല്ലം ജലപാതയുടെ നിർമ്മാണത്തിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുകയും ചെയ്തുതീർത്ത ജോലികളും കടത്തിക്കൊണ്ടുപോയ മണലിന്റെ വ്യാപ്തിയും സംബന്ധിച്ച പരിശോധനകൾ നടത്തിയിട്ടുണ്ടെങ്കിൽ വിശദവിവരം നല്കുമോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ദേശീയ ജലപാതാ വികസനകാര്യത്തിൽ മലബാർ മേഖലയിൽ ഏതൊക്കെ പ്രവൃത്തികൾ ഏറ്റെടുത്തു നടത്താനുണ്ടെന്നും, ഏതൊക്കെ പ്രവൃത്തികളാണ് നടന്നുവരുന്നതെന്നും സംബന്ധിച്ച വിശദവിവരം നൽകുമോ ?

<u>താനൂരിലൂടെ കടന്നു പോകുന്ന ജലപാത പൂർത്തീകരിക്കാൻ നടപടി</u>

3631. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂരിലൂടെ കടന്നു പോകുന്ന ദേശീയ ജലപാതയായ കനോലി കനാൽ ഉള്ളാൽ മുതൽ പൂരപ്പുഴ വരെ എത്ര ദൂരത്തിലാണ് പൂർത്തീകരിച്ചത്;

(ബി) ഇനി താനൂർ നിയോജക മണ്ഡലത്തിൽ എത്ര കിലോമീറ്റർ ദൂരം പൂർത്തീകരിക്കാനുണ്ട്;

(സി) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണം ബഹു. മുഖ്യമന്ത്രി മലപ്പുറത്തെ ജനസമ്പർക്ക പരിപാടിയിൽ പ്രഖ്യാപിച്ച വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>കടൽഭിത്തി നിർമ്മാണം</u>

3632. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ചിത്താരി കടപ്പുറത്ത് രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്നതും വ്യാപകമായ നാശനഷ്ടമുണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രദേശത്ത് കടൽഭിത്തി നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

<u>വേനൽക്കാല വിശ്രമ സമയം</u>

3633. **ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ**
**,,** അൻവർ സാദത്ത്
**,,** ആർ . സെൽവരാജ്
**,,** കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികൾക്ക് വേനൽക്കാലത്ത് ജോലിക്കിടയിലെ വിശ്രമ സമയം പുനക്രമീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത തീരുമാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) അതുവഴി എന്തെല്ലാം സൗകര്യങ്ങളാണ് തൊഴിലാളികൾക്ക് ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) അത് നടപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

<u>ഐ.ടി. മേഖലയിലെ മിനിമം വേതനം</u>

3634. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോ പാർക്ക് അടക്കമുള്ള ഐ.ടി. മേഖലയിൽ ഐ.ടി. ഒഴിച്ചുള്ള സാങ്കേതിക വിഭാഗം ജീവനക്കാർക്ക് മിനിമം വേതനം പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ വേതനം പരിഷ്കരിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ

ലഭ്യമാക്കുമോ?

<u>ഭവനം പദ്ധതി</u>

3635. ശ്രീമതി.ഇ.എസ്.ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനം ഫൗണ്ടേഷൻ കേരള, തോട്ടം തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കുവാൻ തീരുമാനിച്ച 'ഭവനം പദ്ധതി ' എത്ര തോട്ടങ്ങളിൽ നടപ്പിലാക്കി എന്നു വ്യക്തമാക്കാമോ;

(ബി) സ്വകാര്യതോട്ടം മേഖലയിൽ നിന്ന് എത്ര തോട്ടം ഉടമകൾ പ്രസ്തുത പദ്ധതിയുമായി സഹകരിക്കാമെന്ന് അറിയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) 'ഭവനം പദ്ധതി'യുമായി സ്വകാര്യതോട്ടം ഉടമകൾ സഹകരിക്കാത്ത പക്ഷം സർക്കാർ കൈക്കൊള്ളുവാൻ പോകുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

<u>അന്യ സംസ്ഥാന തൊഴിലാളി ക്ഷേമത്തിനായി നിയമ നിർമ്മാണം</u>

3636. ശ്രീ.ഷാഫി പറമ്പിൽ

,, എം.എ. വാഹീദ്

,, ലൂഡി ലൂയിസ്

,, എ.പി.അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) അന്യ സംസ്ഥാന തൊഴിലാളികളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി എന്തെല്ലാം വ്യവസ്ഥകളാണ് പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്തുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) നിയമ നിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

<u>അന്യ സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണം</u>

T 3637. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അന്യ സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം ആധികാരികമായി ലഭ്യമാക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നത് എന്നറിയിക്കുമോ ;

(ബി) നിലവിൽ കൃത്യമായ ഒരു വിവരശേഖരണം സാദ്ധ്യമല്ലാത്തതാകുന്നു എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ ?

## കേരള അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ്

3638. ശ്രീ.സി.പി.മുഹമ്മദ്

,, വി.റ്റി.ബൽറാം

,, ജോസഫ് വാഴയ്ക്കൻ

,, ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ് മുഖേന ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് പദ്ധതി നടത്തിപ്പുമായി സഹകരിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## ജനനി അഫോർഡബിൾ ഹൗസിംഗ് സ്കീം

3639. ശ്രീ.പി.എ.മാധവൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, പാലോട് രവി

,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് ജനനി അഫോർഡബിൾ ഹൗസിംഗ് സ്കീം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി മുഖേന എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കൊച്ചി പോർട്ടിലെ തൊഴിൽ പ്രശ്നങ്ങൾ

3640. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ പ്രശ്നങ്ങൾ കാരണം, ഗോതമ്പ്, വളം പോലുള്ള ചരക്കുകൾ കൊച്ചി പോർട്ട് വഴി കൈകാര്യം ചെയ്യാനാവുന്നില്ലെന്ന പോർട്ട് ട്രസ്റ്റ് ചെയർമാന്റെ സ്റ്റേറ്റ്മെന്റ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പോർട്ടിലെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) കൊച്ചി പോർട്ടിലെ തൊഴിൽ പ്രശ്നങ്ങൾ കാര്യക്ഷമമായും, സമയബന്ധിതമായും

തീർപ്പാക്കാൻ നടപടി സ്വീകരിയ്ക്കുമോ ?

<u>തോട്ടം തൊഴിലാളികളുടെ ശമ്പള പരിഷ്കരണ കരാർ</u>

3641. ശ്രീ.കെ.കെ.ജയചന്ദ്രൻ

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, എസ്.രാജേന്ദ്രൻ

,, കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികളുടെ ശമ്പള പരിഷ്കരണ കരാർ കാലാവധി തീർന്നിട്ടും അത് പുതുക്കാൻ മാനേജ്മെന്റുകൾ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന കാര്യം പരിശോധിച്ചിരുന്നോ ;

(ബി) പ്ലാന്റേഷൻ ലേബർ കമ്മിറ്റികൾ ചേർന്ന് ശമ്പള പരിഷ്കരണ കരാർ ഉണ്ടാക്കാൻ തൊഴിൽ വകുപ്പ് മുൻകൈ എടുക്കുമോ ;

(സി) തോട്ടം തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള എന്തെങ്കിലും പരിപാടികൾ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശം അറിയിക്കാമോ ?

<u>തൊഴിൽ നൈപുണ്യ കേന്ദ്രങ്ങൾ</u>

3642. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

,, വി.റ്റി.ബൽറാം

,, വർക്കല കഹാർ

,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നൈപുണ്യ കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത കേന്ദ്രങ്ങൾ തുടങ്ങുന്നതിന് ആരുടെയെല്ലാം സഹകരണമാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(ഡി) നൈപുണ്യ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്?

<u>ചുമട്ട് തൊഴിലാളി കാർഡുകൾ</u>

3643. ശ്രീ.ആർ . സെൽവരാജ്

,, അൻവർ സാദത്ത്

,, ഡൊമിനിക് പ്രസന്റേഷൻ

,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുമട്ട് തൊഴിലാളി കാർഡുകൾ ആരെങ്കിലും അനർഹമായി കരസ്ഥമാക്കിയതായി കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇത്തരം കാർഡുകൾ കൈവശപ്പെടുത്തിയവരെ കണ്ടെത്താനും ഇവ റദ്ദുചെയ്യാനും നടപടി സ്വീകരിക്കുമോ ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ?

## തൊഴിൽ വകുപ്പിലെ പദ്ധതി വിഹിതം

3644. ശ്രീ.എളമരം കരീം

,, പി.കെ.ഗുരുദാസൻ

,, വി.ചെന്താമരാക്ഷൻ

,, ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് 2014-15 വർഷം നടപ്പാക്കുന്ന ഏതൊക്കെ പദ്ധതികൾക്കാണ് പദ്ധതി വിഹിതം ഇനത്തിൽ തുക വകയിരുത്തിയിരുന്നതെന്ന് അറിയിക്കാമോ ;

(ബി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭകണക്കുപ്രകാരം 749 കോടിയുടെ പദ്ധതിവിഹിതത്തിൽ 169 കോടി ചെലവഴിക്കപ്പെടാതെ പോയതിന്റെ കാരണങ്ങൾ പരിശോധിച്ചിരുന്നോ ;

(സി) ഏതൊക്കെ പദ്ധതികൾ പൂർത്തീകരിക്കാൻ സാധിച്ചെന്നും മറ്റുള്ളവയുടെ നിലവിലെ സ്ഥിതിയെന്തെന്നും വിശദമാക്കാമോ ?

## തൊഴിൽ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളുടെ മാനദണ്ഡം

3645. ശ്രീ.പി.തിലോത്തമൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സ്വകാര്യ സ്ഥാപനങ്ങൾ എന്ന നിലയിൽ പ്രവർത്തിക്കുന്ന വിവിധ തൊഴിൽ സ്ഥാപനങ്ങൾ പൊതു ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ എപ്രകാരമുള്ളതും ഏതെല്ലാം നിലവാരത്തിലുള്ളതു മായിരിക്കണമെന്ന് ഒരു നിബന്ധന തയ്യാറാക്കപ്പെട്ടിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ;

(ബി) ഇത്തരം സ്ഥാപനങ്ങൾ നൽകുന്ന തൊഴിൽ സേവനങ്ങളെ സംബന്ധിച്ചും അതിനായി ഈടാക്കുന്ന കൂലിയെ സംബന്ധിച്ചും ജനങ്ങൾക്ക് പരാതിപ്പെടാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ബാർബർ ഷോപ്പുകൾ, തയ്യൽ സ്ഥാപനങ്ങൾ, സൈക്കിൾ വർക്ക്ഷോപ്പുകൾ, അക്ഷയകേന്ദ്രങ്ങൾ തുടങ്ങി ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട് നിൽക്കുന്ന ഇത്തരം നിരവധി തൊഴിൽ സേവന സ്ഥാപനങ്ങളിലൂടെ ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളുടെ പോരായ്മകളും അവിടങ്ങളിൽ ഓരോ സേവനത്തിനും ഈടാക്കുന്ന കൂലി സംബന്ധിച്ചും സർക്കാർ ഇറക്കിയിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം വിഷയങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ഉപഭോക്താക്കളിൽ നിന്നും

ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം സർക്കാരിൻറെ ഇടപെടലിലൂടെ പരിഹരിക്കപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

### പീരുമേട് കോട്ടമല, ബോണാമി എസ്റ്റേറ്റുകൾ

3646. **ശ്രീമതി.ഇ.എസ്.ബിജിമോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കോട്ടമല, ബോണാമി എസ്റ്റേറ്റുകൾ പൂട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) തോട്ടം മേഖലയിലെ പ്രതിസന്ധി പരിഹരിക്കുവാൻ കൈക്കൊണ്ട നടപടികൾ എന്തൊക്കെ;

(ഡി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സൗജന്യ റേഷനും പ്ലാന്റേഷൻ റിലീഫ് ഫണ്ട് മുഖേന ആനുകൂല്യങ്ങളും നൽകുവാൻ നടപടി സ്വീകരിക്കുമോ?

### അങ്കമാലി ഇൻകെൽ

3647. **ശ്രീ.ജോസ് തെറ്റയിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി ഇൻകെല്ലിൽ തൊഴിൽ വകുപ്പ് മുഖാന്തിരം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും പ്രസ്തുത പദ്ധതികളുടെ ലക്ഷ്യം എന്തെന്നും വിശദമാക്കാമോ;

(സി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

### കായംകുളത്തെ ഐ.റ്റി.ഐ. ഭരണിക്കാവിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ

3648. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്ത് പ്രവർത്തിക്കുന്ന ഗവൺമെന്റ് ഐ.റ്റി.ഐ. ഭരണിക്കാവ് ഗ്രാമപഞ്ചായത്തിൽ ലഭ്യമായ സ്ഥലത്തേക്ക് മാറ്റുന്നതിന് നൽകിയ അപേക്ഷയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നിലവിൽ ഇതിന്റെ പുരോഗതി എന്തെന്നും വിശദമാക്കാമോ ?

### കയറ്റിറക്കു റേറ്റുകൾ

3649. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചുമട്ടുതൊഴിലാളികളുടെ കയറ്റിറക്കു സംബന്ധിച്ച് പുതിയ റേറ്റുകൾ അംഗീകരിച്ച് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ലേബർ കമ്മീഷണർമാർ അംഗീകരിച്ച കയറ്റിറക്ക് റേറ്റുകൾ ഓരോ ജില്ലയ്ക്കും പ്രത്യേകം തയ്യാറാക്കിയിട്ടുണ്ടോ; തിരുവനന്തപുരം കോട്ടയം ജില്ലകളുടെ പുതിയ കയറ്റിറക്കു നിരക്ക് ലഭ്യമാക്കാമോ;

(സി) പുതിയ കയറ്റിറക്ക് നയം സംബന്ധിച്ച് സർക്കാരിന് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ഡി) ഇവ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

## അന്യസംസ്ഥാന തൊഴിലാളികൾ.

3650. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളെക്കുറിച്ചുള്ള കണക്കുകൾ ശേഖരിക്കുന്നത് എങ്ങനെയാണ് എന്നു വിശദമാക്കാമോ; ഓരോ പ്രദേശത്തും എത്തുന്ന ഇവരുടെ മേൽവിലാസവും മറ്റും ഏതു വകുപ്പുമായി സഹകരിച്ചാണ് ശേഖരിക്കുന്നത് എന്നു വ്യക്തമാക്കാമോ;

(ബി) കേരളത്തിലെത്തുന്ന തൊഴിലാളികളിൽ ചിലർ കുറ്റകൃത്യങ്ങൾ ചെയ്തു ശേഷം അപ്രത്യക്ഷരാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

(സി)

## കിളിമാനൂർ എംപ്ലോയ്മെന്റ് ഓഫീസിൽ രജിസ്റ്റർ ചെയ്തവർ

3651. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ എംപ്ലോയ്മെന്റ് ഓഫീസിൽ ആകെ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗം, വിധവ, വികലാംഗർ തിരിച്ച് വിശദമാക്കാമോ;

(ബി) ഇതിൽ 40 വയസ്സ് പൂർത്തിയായ എത്ര പേർ ഉണ്ടെന്ന് ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗം, വിധവ, വികലാംഗർ തിരിച്ച് വ്യക്തമാക്കാമോ;

(സി) 40 വയസ്സ് പൂർത്തിയായതും ഇതുവരെ ഒരു ഇന്റർവ്യൂനുപോലും വിളിക്കാത്തതുമായ എത്ര പേർ വീതമുണ്ടെന്ന് ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗം, വിധവ, വികലാംഗർ തിരിച്ച് വിശദമാക്കാമോ?

## സ്റ്റാൻഡിംഗ് ഓർഡറുകൾ

3652. **ശ്രീ.എ.റ്റി.ജോർജ് :** താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലും സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് സ്റ്റാൻഡിംഗ് ഓർഡറുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിലാണ് ഈ ഉത്തരവുകൾ നടപ്പിലാക്കിയിട്ടുള്ളത്; ഇല്ലെങ്കിൽ പ്രസ്തുത സ്റ്റാൻഡിംഗ് ഓർഡർ നടപ്പി ലാക്കുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

<u>തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി</u>

3653. ശ്രീ.എളമരം കരീം

,, പി.കെ.ഗുരുദാസൻ

,, ജെയിംസ് മാത്യു

,, പി.ശ്രീരാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷംതൊഴിലില്ലായ്മ പരിഹരിക്കാനായി സ്വീകരിച്ച നടപടി എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ഫലമായി എത്ര പേർക്ക് പുതിയതായി തൊഴിൽ ലഭിച്ചുവെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) കശുവണ്ടി, കയർ, കൈത്തറി ഉൾപ്പെടെയുള്ള പരമ്പരാഗത മേഖലയിലെ തൊഴിൽ നഷ്ടം നേരിടാനായി എന്തെങ്കിലും പദ്ധതി ഉണ്ടായിരുന്നോ ; അവയുടെ വിശദാംശം നൽകുമോ ;

(ഡി) ഒരു ലക്ഷം പേർക്ക് തൊഴിലവസരം സൃഷ്ടിക്കാനായി 500 കോടിയുടെ തൊഴിൽദാന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ഇ) പദ്ധതിയുടെ ഫലമായി എത്ര പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചെന്നും അതിനായി ചെലവഴിച്ച തുക എത്രയെന്നും കണക്കാക്കിയിട്ടുണ്ടോ ?

<u>മത്സ്യസംസ്കരണ തൊഴിലാളികളുടെ മിനിമം വേതനം</u>

3654. ശ്രീ.എ.എം. ആരിഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യസംസ്കരണ തൊഴിലാളികളുടെ മിനിമം വേതനം സംബന്ധിച്ച് മേഴ്സിക്കുട്ടിയമ്മ ചെയർപേഴ്സണായിട്ടുള്ള കമ്മിറ്റി റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) റിപ്പോർട്ടിലെ എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കിയിരിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ കൾ</u>

3655. ശ്രീ.സി.കൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാടക കെട്ടിടങ്ങളിൽ എത്ര ഐ.ടി.ഐ കൾ പ്രവർത്തിക്കുന്നുവെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ ;

(ബി) കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി അനുവദിച്ചു കിട്ടിയ കണ്ണൂർ ജില്ലയിലെ പെരിങ്ങോം ഐ.ടി.ഐ.ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഈ സാമ്പത്തിക വർഷം തന്നെ ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

<u>നഴ്സിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് **(നൈസ്)**</u>

3656. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് പട്ടം എസ്.യു.റ്റി ആശുപത്രിയുമായി ചേർന്ന്, മേനംകുളം കിൻഫ്രയിൽ ആരംഭിച്ച നഴ്സിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (നൈസ്) എന്ന സ്ഥാപനം നടത്തുന്നതു മൂലം നേഴ്സിങ്ങ് കഴിഞ്ഞ വിദ്യാർത്ഥിനി, വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെന്ന് വിശദമാക്കുമോ;

(ബി) കേരള സർക്കാർ ഇതിനുവേണ്ടി പ്രത്യേക ഫണ്ട് കൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കൊടുക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(സി) എത്ര കുട്ടികൾക്കാണ് ഇപ്പോൾ പ്രവേശനം നൽകുന്നത് ; ഈ കോഴ്സിന്റെ കാലാവധി എത്ര നാളാണ് ; വിശദമാക്കുമോ;

(ഡി) ഈ കോഴ്സിലേക്ക് ഇപ്പോൾ എത്ര നേഴ്സുമാരെ തിരഞ്ഞെടുത്തിട്ടുണ്ട് ; ഇവർ ആരൊക്കെയെന്ന് പേര് സഹിതം വിശദമാക്കുമോ;

(ഇ) ഈ കോഴ്സ് പഠിക്കുന്നവർക്ക് വിദേശത്ത് ജോലി ലഭിയ്ക്കുവാൻ മുൻഗണന ഉണ്ടോ;വിശദമാക്കുമോ?

<u>കൽപ്പറ്റയിൽ ഇ.എസ്.ഐ. ഡിസ്പെൻസറി</u>

3657. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റയിൽ ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) കൽപ്പറ്റയിൽ ഇ.എസ്.ഐ. ഡിസ്പെൻസറി എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഒ.ഇ.സി.ആനുകൂല്യങ്ങൾ ഒ.ബി.സി. വിഭാഗത്തിനും നൽകുവാൻ നടപടി</u>

T 3658. **ശ്രീ.ജെയിംസ് മാത്യു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ലെ സർക്കാർ വിജ്ഞാപനം വഴി ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് നല്കുന്ന ആനുകൂല്യങ്ങൾക്ക് ഒ.ബി.സി. വിഭാഗത്തിലെ എത്ര ജാതി വിഭാഗങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട് ;

(ബി) പ്രസ്തുത ജാതി വിഭാഗത്തിന് വിജ്ഞാപനം വഴി ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് ; അവ എന്നു മുതൽ വിതരണം ചെയ്യാനാണ് വിജ്ഞാപനം ചെയ്തിട്ടുളളത് ;

(സി) കഴിഞ്ഞ വർഷം ഏതെങ്കിലും പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം നല്കിയിട്ടുണ്ടോ ; എങ്കിൽ ഈയിനത്തിൽ ചെലവഴിച്ച തുക എത്ര ;

(ഡി) പ്രസ്തുത ആനുകൂല്യം നല്കിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; ആയത് എന്നു വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ ; വിതരണം ചെയ്യുന്നതുവരെ വിദ്യാർത്ഥികളിൽനിന്ന് മുഴുവൻ ഫീസും ഈടാക്കാൻ ശ്രമിക്കുന്ന സ്ഥാപനങ്ങളെ രേഖാമൂലം പ്രസ്തുത വിവരം അറിയിക്കുമോ ;

(ഇ) കഴിഞ്ഞ വർഷം ഈ ആനുകൂല്യത്തിനർഹതപ്പെട്ടവരിൽ നിന്നും സ്ഥാപനങ്ങൾ മുഴുവൻ ഫീസും ഈടാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;വ്യക്തമാക്കുമോ?

## പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിലെ നിയമനങ്ങൾ

3659. **ശ്രീ.എം.എ. വാഹീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പിന്നാക്കവിഭാഗ വികസന കോർപ്പറേഷനിൽ ജീവനക്കാരുടെ പ്രൊമോഷൻ, നിയമനം എന്നിവ സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ; ഏതെല്ലാം തസ്തികകൾക്ക് ആണ് സ്പെഷ്യൽ റൂൾസ് ബാധകമെന്ന് വ്യക്തമാക്കുമോ;

(ബി) ഡ്രൈവർ, പ്യൂൺ, വാച്ച്മാൻ എന്നീ തസ്തികകളിൽ നിലവിലുണ്ടായിരുന്ന ഏതെല്ലാം ജീവനക്കാർക്കാണ് ജൂനിയർ പ്രോജക്റ്റ് അസിസ്റ്റന്റ് തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയിട്ടുള്ളത്; ഈ പ്രോമോഷന്റെ മാനദണ്ഡങ്ങൾ എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ?

## ഒ.ബി.സി. വിദ്യാർത്ഥികൾക്ക് പ്രീമെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

3660. **ശ്രീ.ഐ.സി.ബാലകൃഷ്ണൻ**

**,,** വി.പി.സജീന്ദ്രൻ

**,,** ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ.ബി.സി വിദ്യാർത്ഥികൾക്ക് പ്രീമെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം നേട്ടങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പദ്ധതി വഴി എന്തെല്ലാം ധനസഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രോഗ്രാമിന്റെ നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

എസ്.സി. പ്രൊമോട്ടർമാരുടെ സേവന കാലയളവ്

3661. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല നഗരസഭാ പരിധിയിലുള്ള എസ്. സി.പ്രൊമോട്ടർമാരുടെ സേവന കാലയളവ് നിശ്ചയിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ, ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിൻറെ പകർപ്പ് നൽകാമോ?

(ബി) പഞ്ചായത്ത് പരിധിയിൽ എസ്.റ്റി.പ്രൊമോട്ടർമാരുടെ കാലയളവ് ഇരുപതും അതിൽകൂടുതലും വർഷങ്ങളായിരിക്കുമ്പോൾ മുനിസിപ്പൽ പ്രദേശത്ത് എസ്.സി.പ്രൊമോട്ടർമാരുടെ സേവനകാലയളവ് ഇപ്രകാരം നിശ്ചയിക്കുവാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ സ്വയം തൊഴിൽ പദ്ധതി

3662. **ശ്രീ.ഐ.സി.ബാലകൃഷ്ണൻ**

**,,** വി.പി.സജീന്ദ്രൻ

**,,** ബെന്നി ബെഹനാൻ

**,,** ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗദി സർക്കാരിന്റെ നിതാഖത് നിയമം മൂലം തൊഴിൽ നഷ്ടപ്പെടുന്ന പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടി കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ പ്രത്യേക സ്വയം തൊഴിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഏതെല്ലാം മേഖലയിൽ ആരംഭിക്കുന്ന സ്വയം തൊഴിലുകളാണ് പ്രസ്തുത പദ്ധതിൽ ഉൾപ്പെടുന്നതെന്ന് വിശദമാക്കുമോ ;

(ഡി) എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പദ്ധതിയിലൂടെ സംരംഭകർക്ക് നൽകുന്നതെന്ന് വിശദമാക്കുമോ ?

വ്യാജ ജാതി സർട്ടിഫിക്കറ്റ്

3663. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കി ജോലി നേടിയത് സംബന്ധിച്ചുള്ള പരാതികളിൽ എത്ര പേരുടെ കാര്യത്തിൽ കിർത്താഡ്സ് തീരുമാനമെടുത്തിട്ടുണ്ട് ;

(ബി) എത്ര പരാതികളിൽ സർട്ടിഫിക്കറ്റിലെ ജാതി വ്യാജമെന്ന് തെളിഞ്ഞിട്ടുണ്ട് ;

(സി) എത്ര പരാതികളിൽ സർട്ടിഫിക്കറ്റിൽ ജാതി സത്യമെന്ന് തെളിഞ്ഞിട്ടുണ്ട് ;

(ഡി) കിർത്താഡ്സിന്റെ കണ്ടെത്തലിനെതിരെ എത്ര പേർ കോടതികളിലെത്തി അനുകൂലവിധി നേടിയിട്ടുണ്ട് ; എത്ര കേസ്സുകൾ തീർപ്പാക്കാതെ കോടതികളുടെ പരിഗണനയിലുണ്ട് ;

(ഇ) കിർത്താഡ്സിന്റെ കണ്ടെത്തലിനെ തുടർന്ന് എത്രപേരെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട് ;

(എഫ്) കിർത്താഡ്സിന്റെ പരിഗണനയിൽ നിലവിൽ എത്ര പരാതികൾ ഉണ്ട് ?

## <u>സ്വയം പര്യാപ്ത ഗ്രാമം പദ്ധതി</u>

3664. ശ്രീ.എസ്.ശർമ്മ

,, കെ.വി.വിജയദാസ്

,, ബി.സത്യൻ

,, കെ.വി.അബ്ദുൾ ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) എത്ര പട്ടികജാതി കോളനികൾ നവീകരിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നതെന്നും അതിൽ എത്രയെണ്ണം നവീകരിച്ചുവെന്നും അറിയിക്കാമോ;

(സി) ഈ പദ്ധതി പ്രകാരം ചെയ്ത നവീകരണ പ്രവർത്തനങ്ങളും അതിനായി ചെലവഴിച്ച തുകയുടെ കണക്കും ലഭ്യമാണോ?

## <u>സ്വയം പര്യാപ്ത ഗ്രാമം പദ്ധതി നടപ്പാക്കുന്ന ഏജൻസികൾ</u>

3665. ശ്രീ.വി.ശശി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ വികസനത്തിന് ഒരു കോടി പദ്ധതി (സ്വയം പര്യാപ്ത ഗ്രാമം) പ്രകാരം ഏതെല്ലാം ഏജൻസികളെയാണ് നിർമ്മാണം ഏല്പിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഓരോ ഏജൻസിക്കും എത്ര കോളനികൾ വീതം നൽകിയെന്നുള്ള വിവരം നല്കാമോ;

(സി) ഇവയുടെ നിർമ്മാണ പ്രവർത്തനത്തെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## <u>സ്വയം പര്യാപ്ത ഗ്രാമപദ്ധതി</u>

3666. ശ്രീ.വി.ശശി **:** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14-ലെ പട്ടിക ജാതി സ്വയം പര്യാപ്ത ഗ്രാമപദ്ധതി സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ദേശീയ മനുഷ്യാവകാശ കമ്മീഷന് പട്ടികജാതി വിഭാഗങ്ങൾ നൽകിയ പരാതികൾ

3667. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ മനുഷ്യാവകാശ കമ്മീഷൻ സംസ്ഥാനത്തു നടത്തിയ സിറ്റിംഗിൽ പട്ടികജാതി വിഭാഗങ്ങൾ നൽകിയ എത്ര പരാതികൾ സംബന്ധിച്ച് പട്ടികജാതി വികസന വകുപ്പിനോട് വിശദീകരണം ആരാഞ്ഞിട്ടുണ്ട് ;

(ബി) പ്രധാനമായും ഏതെല്ലാം വിഷയങ്ങളെ സംബന്ധിച്ചുള്ള പരാതികളിന്മേലാണ് വിശദീകരണം ആരാഞ്ഞത് ;

(സി) വകുപ്പിൽ നിന്നോ സർക്കാരിൽ നിന്നോ വിവിധ സർക്കാർ ഏജൻസികളിൽ നിന്നോ ഉണ്ടായ നീതി നിഷേധം സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു ; ഏന്തെല്ലാമായിരുന്നു പരാതികൾ ; ഇവ നേരത്തെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതും നടപടി സ്വീകരിച്ചതുമാണോ ;

(ഡി) പരാതികളെ സംബന്ധിച്ച് സർക്കാർ കമ്മീഷന് മറുപടി നൽകിയിട്ടുണ്ടോ ; പ്രസ്തുത മറുപടി കമ്മീഷന് സ്വീകാര്യമായിരുന്നോ ; മറുപടി നൽകിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനത്തിനായി വകയിരുത്തിയ തുക

3668. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ വെള്ളായണിയിലെ മാതൃകാ റസിഡൻഷ്യൽ സ്കൂൾ ഉൾപ്പെടെയുള്ള 10 റസിഡൻഷ്യൽ സ്കൂളുകളുടെ ദൈനംദിന ചെലവുകൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുമായി 2013-14 ലെ ബഡ്ജറ്റിൽ എത്ര തുക നീക്കിവച്ചിരുന്നുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) 2014-15 ലെ ബഡ്ജറ്റിൽ പ്രസ്തുത സ്കൂളുകളുടെ പ്രവർത്തനത്തിനായി എത്ര തുക നീക്കിവെച്ചിട്ടുണ്ടെന്നും ഇതുവരെ ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ ?

ആലത്തൂർ എരിമയൂർ കുണ്ടുകാട് കോളനിയിലെ പദ്ധതി പ്രവർത്തനം

3669. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത ഗ്രാമമായി തെരഞ്ഞെടുത്ത എരിമയൂർ പഞ്ചായത്തിലെ കുണ്ടുകാട് കോളനിയിലെ പദ്ധതി പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുവരെ എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത് ;

(സി) ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കുവാനുള്ളത് ;

(ഡി) സമഗ്ര വികസന പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കും ;

(ഇ) പദ്ധതി നിർവ്വഹണ ഏജൻസിയുടെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള അലംഭാവം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ചാലക്കുടി വി. ആർ. പുരം ഗവൺമെന്റ് ഐ.ടി.ഐ.-യിൽ ട്രേഡുകൾ അനുവദിക്കൽ

3670. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിൻ കീഴിലുള്ള ചാലക്കുടി വി.ആർ. പുരം ഗവൺമെന്റ് ഐ. ടി. ഐ.-യിൽ ഇലക്ട്രീഷ്യൻ അടക്കമുള്ള വിവിധ ട്രേഡുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) 2015 അദ്ധ്യയന വർഷത്തിൽ ഇലക്ട്രീഷ്യൻ ട്രേഡിൽ പ്രവേശനം നടത്തുന്നതിനായി അനുമതി നൽകുവാൻ നടപടി സ്വീകരിയ്ക്കുമോ ?

പിന്നോക്ക വിഭാഗത്തിലെ നിയമ ബിരുദധാരികൾക്ക് ധനസഹായം

3671. **ശ്രീ.വി.പി.സജീന്ദ്രൻ**

**,,** ഐ.സി.ബാലകൃഷ്ണൻ

**,,** ജോസഫ് വാഴയ്ക്കൻ

**,,** വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗത്തിലെ നിയമ ബിരുദധാരികൾക്ക് ധനസഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) എന്തെല്ലാം ധനസഹായങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന ലഭിക്കുന്നത് ;

(സി) പദ്ധതിയുടെ നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

പിന്നോക്ക സമുദായത്തിൽപ്പെട്ട ജാതി-മത വിഭാഗങ്ങളും പിന്നോക്ക വിഭാഗ കമ്മീഷനും

3672. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത്, ഏതെല്ലാം മതങ്ങളേയും ജാതികളേയുമാണ് പിന്നോക്ക വിഭാഗ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ;

(ബി) പിന്നോക്ക വിഭാഗ കമ്മീഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) പിന്നോക്ക വിഭാഗ കമ്മീഷൻ മുഖേന 2011 മുതൽ അനുവദിച്ച സഹായങ്ങൾ എന്തെല്ലാം ; ജാതി തിരിച്ച് വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

3673. ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റിനും ലംപ്സംഗ്രാന്റിനുമായി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) 2014-15 - ൽ ഈ ഇനത്തിൽ എത്ര തുകയാണ് വിതരണം ചെയ്യാനുള്ളതെന്ന് ജില്ലതിരിച്ച് വിശദമാക്കുമോ;

(സി) കുടിശ്ശിക തുക വിതരണം ചെയ്യുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി</u>

3674. ശ്രീ.വി.പി.സജീന്ദ്രൻ

,, ഐ.സി.ബാലകൃഷ്ണൻ

,, പി.എ.മാധവൻ

,, പാലോട് രവി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രശസ്ത വിദേശ സർവ്വകലാശാലകളിൽ പഠനത്തിന് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പദ്ധതി മുഖേന എന്തെല്ലാം ധനസഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ?

<u>പട്ടികജാതി സ്വയം പര്യാപ്ത കോളനി പദ്ധതി</u>

3675. ശ്രീ.ഇ.ചന്ദ്രശേഖരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സ്വയം പര്യാപ്ത കോളനി പദ്ധതി പ്രകാരം സംസ്ഥാനത്ത് വിവിധ കോളനികളിലായി ആകെ എത്ര കോടി രൂപ ചെലവഴിച്ചു ; കോളനി തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി കൃത്യമായും വിശകലനം ചെയ്തിട്ടുണ്ടോ;എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>പട്ടികജാതി വികസന വകുപ്പിന്റെ വിജിലൻസ് അന്വേഷണം</u>

3676. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ വിജിലൻസ് വിഭാഗം 2014 ജനുവരി 1 മുതൽ ഡിസംബർ 31 വരെ എത്ര കേസുകളിൽ അന്വേഷണം നടത്തിയിട്ടുണ്ടെന്നും അതിൽ എത്ര എണ്ണത്തിൽ റിപ്പോർട്ട് സമർപ്പിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടുകളിൽ നടപടികൾ നിർദ്ദേശിച്ചിട്ടുള്ളവ എത്രയെണ്ണമെന്നും, ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശവും വെളിപ്പെടുത്താമോ;

(സി) 2015 ജനുവരി മുതൽ ജൂൺ 30 വരെ വിജിലൻസ് വകുപ്പ് അന്വേഷിച്ച കേസുകൾ എത്ര; അവയിൽ നടപടി നിർദ്ദേശിക്കപ്പെട്ട റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ; അതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ സമഗ്ര വികസനം</u>

3677. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളെയാണ് സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ബി) പദ്ധതിയുടെ ഭാഗമായി ഓരോ പട്ടികജാതി കോളനിയിലും എന്തെല്ലാം പ്രവൃത്തികൾ നടപ്പാക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം പ്രവൃത്തികൾക്ക് ഇനിയും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കാനുണ്ടെന്ന് അറിയിക്കാമോ ?

<u>പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി സ്വീകരിച്ച പദ്ധതികൾ</u>

3678. ശ്രീ.സി.മോയിൻ കുട്ടി

,, കെ.മുഹമ്മദുണ്ണി ഹാജി

,, എൻ. ഷംസുദ്ദീൻ

,, കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പാക്കിയ പുതിയ പദ്ധതികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ മൂലമുണ്ടായ നേട്ടങ്ങളുടെ വിശദാംശം നൽകാമോ;

(സി) ഈ പദ്ധതികൾക്കായി എന്തു തുക ചെലവഴിച്ചു എന്നതിന്റെ കണക്ക് ലഭ്യമാക്കാമോ?

<u>പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കൂൾതലത്തിലുള്ള ഗ്രാന്റ്</u>

3679. ശ്രീ.രാജു എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പുമുഖേന 10-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രതിവർഷം നൽകിവരുന്ന ഗ്രാന്റിന് എന്തുപേരാണ് നൽകിയിട്ടുള്ളത്; L.P., U.P., H.S. വിഭാഗങ്ങളിലുള്ള കുട്ടികൾക്ക് എത്ര തുക വീതമാണ് നൽകിവരുന്നത്; എന്നുമുതലാണ് ഈ തുക നൽകിവരുന്നത്;

(ബി) മറ്റു പിന്നോക്ക (OBC) വിഭാഗ വിദ്യാർത്ഥികൾക്കും ന്യൂനപക്ഷ വിഭാഗ വിദ്യാർത്ഥികൾക്കും 10-ാം ക്ലാസ് വരെ ഏതെങ്കിലും തരത്തിലുള്ള ഗ്രാന്റ് നൽകിവരുന്നുണ്ടോ; എന്താണ് ഇതിന് പേര് നൽകിയിട്ടുള്ളത്; L.P., U.P., H.S. വിഭാഗങ്ങളിൽ ഉള്ളവർക്ക് എത്ര തുക വീതമാണ് നൽകിവരുന്നത്; എന്നുമുതലാണ് ഈ തുക നൽകിവരുന്നത്;

(സി) വർഷത്തിൽ ഒരു തവണ മാത്രം നൽകിവരുന്ന ഈ തുകകൾക്ക് പട്ടികജാതി വിദ്യാർത്ഥികൾക്ക് ലംസംഗ്രാന്റ് എന്ന പേരും മറ്റ് വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പേരും നൽകുന്നത് വിവേചനപരമല്ലേ; ഇതു തിരുത്തി രണ്ടിനും സ്കോളർഷിപ്പ് എന്ന ഒരേ പേര് നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) ബാബു വിജയനാഥ് കമ്മീഷൻ റിപ്പോർട്ട് പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വാർഷിക ഗ്രാന്റ് തുക മൂന്നുവർഷത്തിലൊരിക്കൽ പുതുക്കണം എന്ന നിർദ്ദേശം അനുസരിച്ച് 2015 ജനുവരിയിൽ പുതുക്കേണ്ടിയിരുന്ന ഗ്രാന്റ് തുക വർദ്ധിപ്പിച്ചിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി ഈ തുക പുതുക്കി മറ്റു വിഭാഗ വിദ്യാർത്ഥികൾക്ക് നൽകുന്നതിന് തുല്യമാക്കി കുടിശ്ശിക സഹിതം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

<u>പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്</u>

3680. പ്രൊഫ. സി.രവീന്ദ്രനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന അർഹരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് ചില സാങ്കേതിക കാരണങ്ങളാൽ സ്കോളർഷിപ്പ് ആനുകൂല്യം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ നിയമനം</u>

3681. ശ്രീ.കോടിയേരി ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് സർക്കാർ സർവ്വീസിൽ നിയമനം ലഭിച്ചുവെന്ന് വർഷം തിരിച്ച് വെളിപ്പെടുത്താമോ;

## പട്ടികജാതി-ഗോത്ര കമ്മീഷൻ

T 3682. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-ഗോത്ര കമ്മീഷൻ അംഗങ്ങൾ 2013, 2014, 2015 വർഷങ്ങളിൽ ഏതെല്ലാം സ്ഥലങ്ങൾ സന്ദർശിച്ച് എത്ര പരാതികൾ സ്വീകരിച്ചിട്ടുണ്ടെന്നും അവയുടെ വിശദാംശവും വെളിപ്പെടുത്തുമോ ; ഇത്തരത്തിൽ കമ്മീഷൻ സ്വീകരിച്ച പരാതികളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികളും കമ്മീഷൻ തയ്യാറാക്കിയ റിപ്പോർട്ടുകളുടെ പകർപ്പും ലഭ്യമാക്കാമോ ;

(സി) കോട്ടയം മൂന്നിലാവിലെ ക്വാറികൾക്കെതിരെയും, ആലപ്പുഴ ജില്ലയിലെ കാർത്തികപള്ളിയിൽ ഹാച്ചറി സ്ഥാപിക്കുന്നതിനെതിരെയുമുള്ള പരാതികളും അസീസിയ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥിയുടെ പരാതിയും കമ്മീഷന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഓരോ പരാതിയിന്മേലും തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

## കല്യാശ്ശേരി മണ്ഡലത്തിലെ സ്വയംപര്യാപ്ത ഗ്രാമങ്ങൾ

3683. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം പര്യാപ്ത ഗ്രാമങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തി 2012-13-ൽ തെരഞ്ഞെടുത്തിരുന്ന ചെറുതാഴം പഞ്ചായത്തിലെ ഏഴിലോട് കോളനിയുടെയും 2013-14-ൽ ഉൾപ്പെടുത്തിയ മാടായി പഞ്ചായത്തിലെ മൂലക്കീൽ കോളനിയുടെയും സമഗ്ര വികസനത്തിന് എന്തെല്ലാം പ്രവൃത്തികളാണ് ഇതുവരെ പൂർത്തിയായിട്ടുള്ളത് ; ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളത് ; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ ?

## ദുരിതാശ്വാസ നിധി തുക ലഭിക്കാനുള്ള കാലതാമസം

3684. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ജാതി പിന്നോക്ക സമുദായ ക്ഷേമ വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന തുക ഉത്തരവായി ഡയറക്ടറേറ്റിൽ എത്താൻ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിറക്കേണ്ട സെക്ഷനുകളിൽ ടൈപ്പിസ്റ്റുമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ടൈപ്പിസ്റ്റുമാരുടെ ഒഴിവുകൾ നികത്തുന്നതിനും ഉത്തരവുകളിറക്കുന്നതിനുമുള്ള കാലതാമസം ഒഴിവാക്കാനും നടപടി സ്വീകരിക്കാമോ?

## ബിരുദാനന്തര ബിരുദ പ്രവേശനത്തിന് സംവരണം

3685. **ശ്രീ.ലൂഡി ലൂയിസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോളേജുകളിൽ ആംഗ്ലോ ഇന്ത്യൻ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംവരണം അനുവദിച്ച് 23/5/2014 ലെ പിന്നോക്ക സഹായ വികസന വകുപ്പിൻെറ ഉത്തരവിൻെറ അടിസ്ഥാനത്തിൽ പ്രൊഫഷണൽ കോളേജുകളിലെ ബിരുദാനന്തര ബിരുദ പ്രവേശനത്തിന് ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സംവരണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ കോളേജുകളിലേക്കുള്ള പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ്സുകളിന്മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള സംവരണ വിവരങ്ങൾ ഉൾപ്പെടുത്തിയതായി അറിയാമോ ?

## കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയ കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികൾ

3686. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ 2014-15വർഷത്തെ പ്രത്യേക ഘടക പദ്ധതിക്കായുള്ള കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയ കല്ല്യാശ്ശേരി മണ്ഡലത്തിലെ എന്തൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

## മണ്ണുമ്പുറം പട്ടികജാതി കോളനിയിലെ വികസന പ്രവർത്തനങ്ങൾ

3687. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ പുറക്കാട് ഗ്രാമപഞ്ചായത്തിലെ മണ്ണുമ്പുറം പട്ടികജാതി കോളനിയിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നത് ; വിശദമാക്കാമോ ;

(ബി) ഈ പ്രവൃത്തിയുടെ അടങ്കൽ തുക എത്രയാണ് ; ആരാണ് കരാറുകാരൻ ; കരാർ പ്രകാരം പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കേണ്ടതുണ്ട് ;

(സി) കോളനിയിലെ വികസന പ്രവർത്തനങ്ങളിൽ തടസ്സം നേരിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണമെന്തെന്ന് വിശദമാക്കാമോ ?

## ചെങ്ങന്നൂർ മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ

3688. **ശ്രീ.പി.സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ പട്ടികജാതി വകുപ്പ് നടപ്പാക്കിയതും പുരോഗമിച്ചുകൊണ്ടിരിക്കുന്നതും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെയും വിതരണം ചെയ്തിട്ടുള്ളതും നടപ്പാക്കികൊണ്ടിരിക്കുന്നതുമായ വിവിധ സഹായങ്ങളുടെയും വിശദാംശങ്ങൾ (ഗുണഭോക്താക്കളുടെ പേരും വിലാസവും സഹിതം) വ്യക്തമാക്കുമോ ;

(ബി) വിവിധ പദ്ധതികളിലായി എന്ത് തുക ചെലവഴിച്ചു എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ?

<u>അപകടമരണമടയുന്ന പട്ടികജാതി വിഭാഗങ്ങളിൽപ്പെടുന്നവരുടെ ആശ്രിതർക്ക് ധനസഹായം</u>

3689. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടത്തിൽപ്പെട്ട് മരണമടയുന്ന പട്ടികജാതി വിഭാഗങ്ങളിൽപ്പെടുന്നവരുടെ ആശ്രിതർക്ക് എത്ര രൂപ ധനസഹായമാണ് പട്ടികജാതി വകുപ്പിൽ നിന്നും അനുവദിക്കുന്നത്;

(ബി) ഇതിനായി തയ്യാറാക്കുന്ന അപേക്ഷയിൽ എന്തൊക്കെ രേഖകളാണ് ഉൾക്കൊള്ളിക്കേണ്ടത്?

<u>എംപ്ലോയബിലിറ്റി എൻഹാൻസ് മെന്റ് പ്രോഗ്രാം</u>

3690. **ശ്രീ.വി.പി.സജീന്ദ്രൻ**

**,, ഐ.സി.ബാലകൃഷ്ണൻ**

**,, ഡൊമിനിക് പ്രസന്റേഷൻ**

**,, തേറമ്പിൽ രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്ക് എംപ്ലോയബിലിറ്റി എൻഹാൻസ് മെന്റ് പ്രോഗ്രാമിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം നേട്ടങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) എന്തെല്ലാം ധനസഹായങ്ങളാണ് പ്രസ്തുത പദ്ധതി വഴി നൽകാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ?

<u>പട്ടികജാതിക്കാരുടെ സ്വയംതൊഴിൽ സംരംഭം</u>

3691. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരുടെ സ്വയംതൊഴിൽ സംരംഭത്തിനായി വകുപ്പും പൗൾട്രി വികസന കേർപ്പറേഷനും തമ്മിൽ ധാരണാപത്രം ഒപ്പുവച്ച പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് എന്നാണ് ഭരണാനുമതി ലഭിച്ചത് ; എത്ര രൂപയുടേതാണ് പദ്ധതി ;

(സി) പദ്ധതിത്തുക മുഴുവൻ കോർപ്പറേഷന് എന്നാണ് കൈമാറിയത് ;

(ഡി) പദ്ധതിയുടെ നിലവിലെ അവസ്ഥയും എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നുള്ളതും വ്യക്തമാക്കുമോ ?

<u>നിയമബിരുദധാരികൾക്ക് നല്കുന്ന ധനസഹായം</u>

3692. ശ്രീ.ചിറ്റയം ഗോപകുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) G.O(Rt) 1493/2012 BCDD തിരുവനന്തപുരം തീയതി 20.11.2012 ഉത്തരവ് അനുസരിച്ച് പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ 24.09.2014, 25.09.2014 തീയതികളിലെ BCDD/A1/1777/2014 അനുസരിച്ച് നിയമബിരുദധാരികൾക്ക് വേണ്ടിയുള്ള സർക്കാർ ധനസഹായത്തിന് എത്ര അപേക്ഷകർ ഉണ്ടായിരുന്നുവെന്നത് പേരുവിവരം സഹിതം ലഭ്യമാക്കുമോ;

(ബി) 2013 നവംബർ ഒന്നിനും 2014 സെപ്റ്റംബർ 30 നും ഇടയിൽ എൻറോൾ ചെയ്ത് സംസ്ഥാനത്ത് പ്രാക്ടീസ് ചെയ്യുന്ന എല്ലാ അപേക്ഷകരുടെയും പട്ടിക, പേര്, ജാതി, ജനനതീയതി, വരുമാനം, മാർക്കിന്റെ ശതമാനം, നിയമബിരുദം പാസായത് എത്രാം തവണ, യൂണിവേഴ്സിറ്റിയുടെ പേര് എന്നിവ എൻറോൾമെന്റിനുശേഷം പ്രാക്ടീസ് ചെയ്യുന്നുവെന്നു ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള തെളിവുകളുടെ വിവരങ്ങൾ സഹിതം അറിയിക്കുമോ;

(സി) 01.11.2013 നും 31.04.2014 നും (2014-15) അഡ്വക്കേറ്റ് ഗ്രാന്റായി എത്ര തുക അനുവദിച്ച് ലഭ്യമായെന്ന് അറിയിക്കാമോ;

(ഡി) അനുവദിച്ച തുക, ചെലവഴിച്ച വിവരം, ഗ്രാന്റ് ലഭ്യമായവരുടെ പേര് സഹിതം വെളിപ്പെടുത്തുമോ;

(ഇ) മുൻവർഷത്തെ ഗ്രാന്റ് കുടിശ്ശിക 2014-15 വർഷത്തേക്കായി അനുവദിച്ചതിൽ നിന്നും നൽകുന്നതിന് നിയമസാധുതയുണ്ടോയെന്നു വ്യക്തമാക്കുമോ; എത്ര പേർക്ക് ഇത്തരത്തിൽ ഗ്രാന്റ് നല്കിയെന്ന് പേരുവിവരം സഹിതം അറിയിക്കുമോ;

(എഫ്) ഒരു ലക്ഷം രൂപയിൽ താഴെ വരുമാനം ഉള്ളവരെ ഒഴിവാക്കി മുൻവർഷത്തെ അപേക്ഷകർക്ക് ഇത്തരത്തിൽ തുക അനുവദിക്കുന്നതിന് ഉത്തരവ് ലഭിച്ചിട്ടുണ്ടോ;എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഉത്തരവ് ഇല്ലായെങ്കിൽ ഏതു മാനദണ്ഡത്തിൽ കുടിശ്ശിക തീർക്കുന്നതിന് തുക അനുവദിച്ചു നൽകിയെന്ന് വെളിപ്പെടുത്തുമോ?

<u>നടപ്പിലാക്കാൻ കഴിയാത്ത ടൂറിസം പദ്ധതികൾ</u>

3693. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എപ്പോഴെല്ലാം വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുമൂലം ടൂറിസം പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ പോയിട്ടുണ്ട്; വിശദവിവരം നൽകുമോ ;

(ബി) വനം വകുപ്പിന്റെ അനുമതിക്കുള്ള കാലതാമസം ഒഴിവാക്കുന്നതിനായി വനം വകുപ്പും ടൂറിസം

വകുപ്പും ചേർന്ന് ഒരു സ്ഥിരംലെയ്സൺ കമ്മിറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; പ്രസ്തുത കമ്മിറ്റി രണ്ടു മാസത്തിലൊരിക്കൽ യോഗം ചേർന്ന് കാലതാമസം ഒഴിവാക്കുന്ന തരത്തിൽ നടപടി സ്വീകരിക്കുമോ ; ഇതിനായി ടൂറിസം വകുപ്പ് മുൻകൈ എടുക്കുമോ ; ഇക്കാര്യത്തിലുള്ള സർക്കാർ നയം വിശദമാക്കുമോ ?

## കേരള ടൂറിസത്തിന് അംഗീകാരം

3694. ശ്രീ.ലൂഡി ലൂയിസ്

,, എം.പി.വിൻസെൻറ്

,, സണ്ണി ജോസഫ്

,, തേറമ്പിൽ രാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുസ്ഥിര ടൂറിസം വികസനത്തിനായി നൂതന സംരംഭങ്ങൾ രൂപപ്പെടുത്താൻ ആഗോള നേതൃത്വം നൽകിയതിന് കേരള ടൂറിസത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയതിനാണ് അംഗീകാരം ലഭിച്ചത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) അംഗീകാരം ലഭിക്കാൻ ഭരണ തലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ?

## വിനോദ സഞ്ചാര വികസനത്തിന് കേന്ദ്ര സർക്കാരിന്റെ ധനസഹായം

3695. ശ്രീ.ഇ.കെ.വിജയൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര മേഖലയുടെ വികസനത്തിനായി കേന്ദ്ര സർക്കാരിൽ നിന്ന് എന്തെല്ലാം സഹായമാണ് 2014-15 വർഷം ലഭിച്ചത്; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത ധനസഹായം പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക എന്തെല്ലാം കാര്യങ്ങൾക്കാണ് ചെലവഴിച്ചത്; വിശദാംശം നൽകാമോ;

(ഡി) കേന്ദ്ര ഫണ്ട് പൂർണ്ണമായി ചെലവഴിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

## വിനോദ സഞ്ചാര മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം

3696. ശ്രീ.കോടിയേരി ബാലകൃഷ്ണൻ

,, എസ്.രാജേന്ദ്രൻ

,, പുരുഷൻ കടലുണ്ടി

,, ജെയിംസ് മാത്യു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം വിനോദ സഞ്ചാര മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം നൽകാമോ ;

(ബി) ഈ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ ;

(സി) അനുമതി നൽകിയ പദ്ധതികളിൽ ആരംഭിക്കാത്തവ ഏതൊക്കെയാണ് ; അതിന്റെ കാരണമെന്തെന്ന് അറിയിക്കാമോ ;

(ഡി) ഈ പദ്ധതി പ്രകാരം വിനോദസഞ്ചാര കേന്ദ്രങ്ങൾ തിരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു ?

## ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ

3697. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ നടപ്പിലാക്കുന്ന സേവനങ്ങളും പ്രവർത്തനങ്ങളും വിശദമാക്കാമോ:

(ബി) പ്രസ്തുത കൗൺസിലുകൾക്ക് സർക്കാർ നൽകി വരുന്ന ധനസഹായങ്ങൾ എന്തെല്ലാമാണ്;

(സി) ഓരോ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് കീഴിലും എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും , ഓരോ ജില്ലയിലും ഇവർ എത്ര പേരാണെന്നും ഇതിൽ സ്ഥിരം ജീവനക്കാരും താത്ക്കാലിക ജീവനക്കാരും എത്രപേരുണ്ടെന്നും കാറ്റഗറി തിരിച്ച് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ഡി) ഇത്തരം കൗൺസിലുകളുടെ പ്രവർത്തനം വിപുലീകരിക്കാനും അവലോകനം ചെയ്യുവാനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ

3698. **ശ്രീ.ജി.സുധാകരൻ**

**,, കെ.സുരേഷ് കുറുപ്പ്**

**,, കെ.കെ.നാരായണൻ**

**,, കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രമുഖ വിനോദ കേന്ദ്രങ്ങളിലുണ്ടാകുന്ന അപകടങ്ങൾക്കിരയായി, മരണപ്പെടുന്നവരുടെയും പരിക്കേൽക്കുന്നവരുടെയും എണ്ണം കൂടി വരുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോവളം, വർക്കല, പൊഴിയൂർ, കാപ്പാട് തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ കഴിഞ്ഞ സീസണിൽ എത്തിയ എത്ര ടൂറിസ്റ്റുകൾ മരണപ്പെടുകയോ അപകടത്തിൽ പെടുകയോ ഉണ്ടായിട്ടുണ്ടെന്നതിന്റെ കണക്കുകൾ ലഭ്യമാണോ;

(സി) ടൂറിസം കേന്ദ്രങ്ങളിലെ ശോച്യാവസ്ഥയും ദുരന്തങ്ങളും ടൂറിസം വികസനത്തിനുണ്ടാക്കുന്ന

പ്രഹരങ്ങൾ വലുതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നറിയിക്കുമോ?

<u>ടൂറിസം ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡ്</u>

3699. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡ് രൂപീകരിച്ചതിന്റെ ഉദ്ദേശം വിശദമാക്കാമോ ;

(ബി) ടൂറിസം വകുപ്പിന്റെ നിലവിലുള്ള പ്രവർത്തന മേഖലയിൽ നിന്ന് എന്തെല്ലാം കാര്യങ്ങളാണ് ബോർഡിന് വിട്ടുകൊടുക്കാനുദ്ദേശിക്കുന്നത് ;

(സി) ബോർഡിന്റെ ഘടനയും പ്രവർത്തനവും സംബന്ധിച്ച് വിശദമാക്കാമോ ;

(ഡി) ഏതു നിയമം അനുസരിച്ചാണ് സർക്കാർ ബോർഡിന് അധികാരങ്ങൾ കൈമാറിയിരിക്കുന്നതെന്നു വിശദമാക്കാമോ ?

<u>ആലപ്പുഴ ടൂറിസം സർക്യൂട്ട് പദ്ധതി</u>

3700. ശ്രീ.തോമസ് ചാണ്ടി **:** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ടൂറിസം സർക്യൂട്ട് പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ഏതെല്ലാം നിർമ്മാണം പൂർത്തീകരിച്ചുവെന്നും ഏതെല്ലാം ഇനി പൂർത്തീകരിക്കാനുണ്ടെന്നുമുള്ള വിശദമാമായ റിപ്പോർട്ട് ലഭ്യമാക്കാമോ?

<u>മുസിരിസ് പൈതൃക പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ</u>

3701. ശ്രീ.എസ്.ശർമ്മ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുസിരിസ് പൈതൃക പദ്ധതി പ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതും എന്നാൽ ഇതുവരെ പ്രാവർത്തികമാകാത്തതുമായ വൈപ്പിൻ മണ്ഡലത്തിലെ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടെങ്കിൽ വിശദീകരിക്കാമോ?

<u>പേരാമ്പ്ര മണ്ഡലത്തിലെ വിനോദസഞ്ചാര വികസന പദ്ധതികൾ</u>

T 3702. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ വിനോദസഞ്ചാര മേഖലയിൽ ഏതൊക്കെ പദ്ധതികൾക്ക് എത്ര തുക വീതം അനുവദിച്ചു എന്നും ഇതിൽ എത്ര രൂപ ചെലവഴിച്ചു എന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഓരോ വിനോദസഞ്ചാര വികസന പദ്ധതിയുടെയും ഇതുവരെയുള്ള പ്രവർത്തന പുരോഗതി വിശദമാക്കുമോ?

ധർമ്മടം ഗ്രാമപഞ്ചായത്തിൽ കിറ്റ്സിന്റെ കെട്ടിടം നിർമ്മിക്കുന്ന നടപടി

3703. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം ഗ്രാമപഞ്ചായത്തിൽ കിറ്റ്സിന്റെ കെട്ടിടം നിർമ്മിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത തടസ്സങ്ങൾ നീക്കുന്ന കാര്യം ചർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തി ഒരു യോഗം വിളിക്കുന്ന കാര്യം പരിഗണിക്കുമോ ; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

കിറ്റ്സിലെ ലെ നിയമനങ്ങൾ

3704. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിറ്റ്സി- ൽ എത്ര കോൺട്രാക്ട്/ സ്ഥിരം നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത നിയമനങ്ങളെല്ലാം Sanctioned post-ലേയ്ക്കാണോ നടത്തിയിട്ടുള്ളത്;

(സി) ഏതെല്ലാം തസ്തികകളിലേയ്ക്കാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ഡി) പ്രസ്തുത നിയമനങ്ങൾ മൂലംവന്നു ചേർന്നിട്ടുള്ള സാമ്പത്തിക ബാദ്ധ്യതയുടെ വിവരം നൽകുമോ?

ആപ്പാഞ്ചിറ കനാൽ ടൂറിസം

3705. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ആപ്പാഞ്ചിറ കനാൽ ടൂറിസം പദ്ധതി സംബന്ധിച്ച ഫയൽ ഇപ്പോൾ നിലവിലുണ്ടോ ;എങ്കിൽ ഫയൽ നമ്പർ ലഭ്യമാക്കാമോ ; ഇക്കാര്യം സംബന്ധിച്ച് 18-3-2015 ൽ നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത ഫയൽ ഇപ്പോൾ ആരുടെ പിരിഗണനയിലാണെന്ന് വിശദമാക്കാമോ ?

<u>കാലടിയിൽ ടൂറിസം വകുപ്പ് നിർമ്മിച്ച കെട്ടിടം</u>

3706. **ശ്രീ.ജോസ് തെറ്റയിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കാലടിയിൽ ഇൻഫർമേഷൻ സെന്ററിന്റെ പ്രവർത്തനത്തിനായി ടൂറിസം വകുപ്പ് നിർമ്മിച്ച കെട്ടിടത്തിന്റെ രണ്ടാം നിലയിൽ താല്ക്കാലികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് ഓഫീസ് പ്രസ്തുത കെട്ടിടത്തിൽ നിന്നും മാറ്റുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

<u>വിനോദസഞ്ചാര വികസന സന്നദ്ധസംഘടനകൾ</u>

3707. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനത്തിനായി എത്ര സന്നദ്ധസംഘടനകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത സംഘടനകൾക്ക് എന്തൊക്കെ സഹായങ്ങളും ആനുകൂല്യങ്ങളുമാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സംഘടനകളെ തെരഞ്ഞെടുക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിർണ്ണയിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത സംഘടനകൾക്ക് കഴിഞ്ഞ സാമ്പത്തികവർഷം അനുവദിച്ച ആനുകൂല്യങ്ങളും ഗ്രാന്റും എത്രയാണെന്ന് സംഘടന തിരിച്ച് വിശദമാക്കാമോ ?

<u>വിനോദസഞ്ചാര കേന്ദ്രങ്ങൾ</u>

3708. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിനോദസഞ്ചാരികൾ എത്തുന്ന എത്ര വിനോദസഞ്ചാരസ്ഥലങ്ങൾ ഉണ്ടെന്നാണ് കണക്ക്; ഇവ എവിടെയൊക്കെ ; ഏതൊക്കെയെന്ന് വിവരിയ്ക്കുമോ;

(ബി) ഈ വിനോദസഞ്ചാരകേന്ദ്രങ്ങൾ ഏതെങ്കിലും തരത്തിൽ ഗ്രേഡ് തിരിച്ച് അറിയപ്പെടുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) കേരളത്തിലുള്ള പല വിനോദസഞ്ചാര കേന്ദ്രങ്ങളും നിലവാരം കുറഞ്ഞതും വൃത്തിഹീനവുമാണെന്നുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അല്ലെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ;

(ഡി) വാഗമൺ എന്ന വിനോദസഞ്ചാര കേന്ദ്രത്തിന്റെ വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനെക്കുറിച്ച് വിവരിയ്ക്കുമോ?

<u>കുഴുപ്പിള്ളി ബീച്ചിന്റെ നവീകരണം</u>

3709. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി സഞ്ചാരികൾ എത്തുന്ന കുഴുപ്പിള്ളി ബീച്ചിന്റെ നവീകരണത്തിനും വികസനത്തിനുമായി സ്വീകരിച്ച നടപടി വിശദീകരിക്കാമോ ;

(ബി) സ്വദേശികളും വിദേശികളുമായ സഞ്ചാരികൾക്കായി പ്രസ്തുത പ്രദേശത്ത് അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പ്രദേശത്ത് വാഹന പാർക്കിംഗ്, ടോയ് ലെറ്റ്, വഴിവിളക്കുകൾ എന്നിവയ്ക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രദേശത്തിന്റെ സമഗ്രവികസനത്തിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ ?

<u>മണപ്പാട്ടുചിറ ടൂറിസം പദ്ധതി</u>

3710. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ മലയാറ്റൂരിൽ മണപ്പാട്ടുചിറ ടൂറിസം പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള സൗകര്യങ്ങൾ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാത്തതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

(ബി) എറണാകുളം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം പ്രസ്തുത സൗകര്യങ്ങൾ പൊതുജനങ്ങളുടെ ഉപയോഗത്തിനായി ഡി. ടി. പി. സി. യ്ക്ക് കൈമാറുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിക്കുമോ ; എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വ്യക്തമാക്കുമോ ?

<u>സംസ്ഥാനത്തിന്റെ ടൂറിസം സാദ്ധ്യതകൾ</u>

3711. ശ്രീ.മോൻസ് ജോസഫ്
,, സി.എഫ്.തോമസ്
,, റ്റി.യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വലിയ ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) കേരളത്തിലെ പ്രകൃതിമനോഹരമായ ഗ്രാമങ്ങളിൽ വിനോദ സഞ്ചാരത്തിന്റെ സാദ്ധ്യതകൾ

പ്രയോജനപ്പെടുത്തുവാൻ എന്തെല്ലാം പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടത്തിന്റെ നിർമ്മാണം

3712. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെസ്റ്റ് ഹില്ലിൽ ഉള്ള ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) സമയബന്ധിതമായി ഈ കെട്ടിടത്തിന്റെ പ്രവർത്തനം പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ ?

വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം

3713. ശ്രീ.സി.മോയിൻ കുട്ടി

,, കെ.എം.ഷാജി

,, കെ.മുഹമ്മദുണ്ണി ഹാജി

,, എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വദേശികളും വിദേശികളുമായ വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ ;

(ബി) ടൂറിസ്റ്റ് പോലീസ് സംവിധാനം ഇപ്പോൾ നിലവിലുണ്ടോ ; അതിന്റെ സേവനം തൃപ്തികരമാണോ എന്നും ഇല്ലെങ്കിൽ പരിഹാരനടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കുമോ ;

(സി) പകർച്ചപ്പനി പോലുള്ള ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച ഭീതി വിനോദസഞ്ചാരികളെ പിന്തിരിപ്പിക്കുന്നതിന് കാരണമാവുന്ന സാഹചര്യത്തിൽ സുരക്ഷിത വിനോദസഞ്ചാരം ഉറപ്പുവരുത്തുന്നതിനും അതു സംബന്ധിച്ച് പ്രചാരണം നടത്തുന്നതിനുമുള്ള സംവിധാനമൊരുക്കുമോ ?

വിനോദസഞ്ചാര നയം **2012**

3714. ശ്രീ.എം.വി.ശ്രേയാംസ് കുമാർ

,, റോഷി അഗസ്റ്റിൻ

ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര നയം 2012-ന്റെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) വിനോദസഞ്ചാര മേഖലയിലെ വികസന പ്രവർത്തനങ്ങൾ ദീർഘകാല അടിസ്ഥാനത്തിൽ നടത്തുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
07-07-2015

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.